## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**അൻപതാമത് റിപ്പോർട്ട്**

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2008-09 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്**

49/2016.

# ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| മുഖവുര | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. 59 |
| അനുബന്ധം II : സർക്കാർ മറുപടി | .. 84 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2005-06, 2008-09 വർഷങ്ങളിലെ) ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ മാസം 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2008-09 വരെയുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

## വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വാനില കൃഷി: പദ്ധതി നടത്തിപ്പിൽ അപാകതകൾ ; ക്രമക്കേടുകൾ (2002-03 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.7)**

150 കർഷകർക്ക് വാനില കൃഷിക്ക് നടീൽ വസ്തുക്കൾ വാങ്ങി നൽകുന്നതിനും പരിശീലനം നൽകുന്നതിനും 1,51,000 രൂപയുടെ അടങ്കൽ പദ്ധതിയിൽ വാനില തൈകൾ വാങ്ങിയതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുകയോ നിയമാനുസൃതം ക്വട്ടേഷൻ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഒന്നിന് 22 രൂപ നിരക്കിൽ 66,000 രൂപ തൈകൾ വാങ്ങിയതിന് നൽകിയിട്ടുണ്ട്. 3000 തൈകൾ മാത്രം വാങ്ങിയിരിക്കെ 5080 തൈകൾ വിതരണം ചെയ്തതായി പറയുന്നതിന്റെ ഔചിത്യം വ്യക്തമല്ല. തൈകൾ കൈപ്പറ്റിയതിന് രേഖയില്ല. 26 പേർ മാത്രമാണ് ഗുണഭോക്തൃവിഹിതം അടച്ചിട്ടുള്ളത്. ഗുണഭോക്തൃവിഹിതം അടയ്ക്കാത്ത കർഷകർക്ക് ആനുകൂല്യം നൽകിയത് നിയമവിരുദ്ധമാണ്. കർഷകർക്കുള്ള പരിശീലന പരിപാടി നടത്തിയതായി രേഖകളില്ല. ചെലവ് ചെയ്ത തുകയായ 66,000 രൂപ തടസ്സപ്പെടുത്തിയിട്ടുണ്ട്.

**മുൻകൂർ തുക കൈപ്പറ്റി പദ്ധതി ഉപേക്ഷിച്ചു (2002-03 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.8)**

കാർഷിക നഴ്സറി സ്ഥാപിച്ച് പട്ടികജാതിക്കാരായ കർഷകർക്ക് മികച്ചയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന പദ്ധതി മുൻകൂർ കൈപ്പറ്റിയശേഷം ഉപേക്ഷിച്ചു

31,481 രൂപ അടങ്കലുള്ള പദ്ധതിക്ക് 14,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഇത് അടങ്കൽ തുകയുടെ 25 ശതമാനത്തിലധികം വരും. നഴ്സറി ആരംഭിക്കുകയോ പ്രാരംഭ നടപടികൾ നടത്തുകയോ ചെയ്തതായി രേഖയില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.30.1, 2.30.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ഐ.സി.ആർ.ഐ.-യുടെ നിയന്ത്രണത്തിലുള്ള ശാന്തൻപാറ കൃഷി വിജ്ഞാന

കേന്ദ്രത്തിലൂടെ വാനില തൈകളും നടീൽ വസ്തുക്കളും 150 കർഷകർക്ക് നൽകിയ പദ്ധതിയായിരുന്നിതെന്നും, ക്വട്ടേഷൻ സ്വീകരിക്കാതെ ഗുണഭോക്തൃ വിഹിതത്തിന്റെ 50% മാത്രം വാങ്ങിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും പ്രസ്തുത സ്ഥാപനം സർക്കാരിന്റേതാണോ എന്നതായിരുന്നു ഓഡിറ്റ് തടസ്സമെന്നും വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. നിയമാനുസൃതമായ യാതൊരു നടപടിക്രമവും പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, എല്ലാ ജില്ലകളിലും ക്വട്ടേഷൻ സ്വീകരിക്കാതെയാണ് കൃഷിവിജ്ഞാൻ കേന്ദ്രങ്ങളിൽ നിന്നും വാനില തൈകൾ വാങ്ങിയതെന്നും മൂന്ന് ഘട്ടങ്ങളിലായി കൃഷിഭവനിൽ നിന്നും ലഭിച്ച വാനില തൈകളാണ് കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുള്ളതെന്നും ആയത് സംബന്ധിച്ച് രേഖകൾ കൊണ്ടുവന്നിട്ടുണ്ടെന്നും വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. മേല്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് സമർപ്പിച്ച് ബോധ്യപ്പെടുത്തിയതിന്റെ റിപ്പോർട്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെട്ട റിപ്പോർട്ടും ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും സർക്കാരും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

2.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്കുറിപ്പ് |
|---|---|
| 1 | 2 |
| വാനില തൈകൾ വാങ്ങി വിതരണം ചെയ്യുന്നതിന് പാലിച്ച നടപടി ക്രമങ്ങളുടെയും കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിൽ നിന്നും കൃഷി ഭവനുകൾ മുഖേനയാണ് വാനില തൈകൾ വാങ്ങിയ തെന്നതിന്റെയും അവ കർഷകർക്ക് വിതരണം ചെയ്തതിന്റെയും കർഷകർക്കുള്ള പരിശീലന പരിപാടി നടത്തിപ്പിന്റെയും രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് 4-2-2014-ലെ എ-770/09 നമ്പർ കത്ത് മുഖേന വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br>കാർഷിക നഴ്സറി സ്ഥാപിക്കുന്നതിനും കർഷകർക്ക് തെങ്ങിൻ തൈകൾ | വാനില തൈകൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ നടീൽ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മറ്റ് അംഗീകൃത നഴ്സറിയിൽ നിന്നോ വാങ്ങാവുന്നതാണ്. കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.സി.എ.ആർ. സ്പോൺസർ ചെയ്തിട്ടുള്ള അംഗീകൃത നഴ്സറിയിൽ നിന്നാണ് തൈകൾ വാങ്ങിയിട്ടുള്ളതിനാൽ ക്വട്ടേഷൻ ക്ഷണിച്ചിരു ന്നില്ല. വാങ്ങിയ തൈകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെയും കാർഷിക പരിശീലന പരിപാടി നടത്തിപ്പിന്റെയും രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.<br>തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പ് സംബന്ധമായ രേഖകൾ ലഭ്യമാക്കാതിരുന്നതിനാൽ കൺവീനർക്ക് |

| 1 | 2 |
|---|---|
| വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിക്ക് തുക ചെലവാക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് 4-2-2014-ലെ എ-770/09 നമ്പർ കത്ത് മുഖേന വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. | മുൻകൂർ കൊടുത്ത 14,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. 1531 വിത്തുതേങ്ങകൾ വാങ്ങി മുളപ്പിച്ചെടുത്തതിൽ നിന്നും ലഭിച്ച വിതരണയോഗ്യമായ 517 തൈകൾ അംഗീകൃത ലിസ്റ്റ് പ്രകാരം വിതരണം നടത്തുകയും 15,908 രൂപയുടെ ചെലവ് കണക്കുകൾ ഹാജരാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. |

**നിഗമനങ്ങൾ/ശിപാർശകൾ**

3. **സർക്കാർ നിർദ്ദേശം പാലിക്കാതെയും നിയമാനുസൃതം ക്വട്ടേഷൻ ക്ഷണിക്കാതെയും 150 കർഷകർക്ക് വാനില തൈകളും നടീൽ വസ്തുക്കളും വാങ്ങുന്നതിനും കർഷകർക്ക് പരിശീലനം നൽകുന്നതിനുമായി 1,51,000 രൂപ ചെലവഴിച്ചെന്ന ഓഡിറ്റ് നിരീക്ഷണത്തിന്മേൽ സർക്കാർ സമർപ്പിച്ച ന്യൂനതാ പരിഹാര നടപടി പത്രികയുടെയും തെളിവെടുപ്പ് വേളയിൽ നല്കിയ മറുപടിയുടെയും വെളിച്ചത്തിൽ ഇക്കാര്യത്തിൽ സമിതി കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സമർപ്പിച്ച അധികവിവര റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ വാനില തൈകൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മറ്റ് അംഗീകൃത നഴ്സറിയിൽ നിന്നും വാങ്ങാവുന്നതാണെന്നും കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.സി.എ.ആർ. സ്പോൺസർ ചെയ്തിട്ടുള്ള അംഗീകൃത നഴ്സറിയിൽ നിന്നാണ് തൈകൾ വാങ്ങിയിട്ടുള്ളതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങിയതെന്നും തൈകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെയും കാർഷിക പരിശീലനം നടത്തിയതിന്റെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

4. **പട്ടികജാതിക്കാരായ കർഷകർക്ക് മികച്ചയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനായി 31,481 രൂപ അടങ്കൽ തുകയായി പ്രഖ്യാപിച്ച പദ്ധതിക്ക് 14,000 രൂപ മുൻകൂർ നൽകിയെങ്കിലും നഴ്സറി ആരംഭിക്കുകയോ പ്രാരംഭനടപടികൾ തുടങ്ങുകയോ ചെയ്തതായ രേഖകൾ ഓഡിറ്റിന്**

ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നു. തെങ്ങിൻ തൈകൾ വിതരണം ചെയ്ത പദ്ധതിയുടെ നടത്തിപ്പ് സംബന്ധമായ രേഖകൾ സമർപ്പിക്കാതിരുന്നതിനാലാണ് കൺവീനർക്ക് മുൻകൂർ നൽകിയ 14,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നതെന്നും വിത്തുതേങ്ങകൾ വാങ്ങി മുളപ്പിച്ചെടുത്തതിൽ നിന്നും ലഭിച്ച വിതരണ യോഗ്യമായ തൈകൾ അംഗീകൃത ലിസ്റ്റ് പ്രകാരം വിതരണം നടത്തിയിട്ടുണ്ടെന്നും ആയിനത്തിൽ 15,908 രൂപയുടെ ചെലവ് കണക്കുകൾ ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടെന്നും ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## വട്ടവട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റോഡ് പുനരുദ്ധാരണം: കൃത്രിമരേഖ ചമച്ച് തുക പിൻവലിച്ചു; 1.02 ലക്ഷം നഷ്ടം**

പെരിയകുടി-വത്സപ്പെട്ടി റോഡ് പുനരുദ്ധാരണ പദ്ധതിയിൽ രേഖകൾ കൃത്രിമമായി ചമയ്ക്കുകയും ആൾമാറാട്ടം നടത്തി തുക പിൻവലിക്കുകയും ചെയ്തതിനാൽ 1,02,508 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ദേവികുളം ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 8,13,349 രൂപ അടങ്കലുള്ള പണി ഗുണഭോക്തൃ സമിതിയെ ഏല്പിച്ചതായി കാണുന്നു. 81,355 രൂപയും 21,173 രൂപ വില വരുന്ന 30.247 ടൺ അരിയും വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ കമ്മിറ്റി രേഖകൾ പ്രകാരം കൺവീനറായി തെരഞ്ഞെടുത്തതായി പറയപ്പെടുന്ന ആൾ തനിക്ക് പണിയുമായി യാതൊരു ബന്ധവുമില്ലായെന്നും യാതൊരു തുകയും കൈപ്പറ്റിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ദേവികുളം ആർ.ഡി.ഒ.-യ്ക്ക് നൽകിയ പരാതിയിലും കൺവീനർ യഥാർത്ഥ ആളല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. രണ്ടാം വാർഡ് മെമ്പർ കൺവീനർക്കയച്ച കത്തിലും പഞ്ചായത്ത് കമ്മിറ്റി രേഖകളിൽ പറയപ്പെടുന്ന ആൾക്ക് മരാമത്ത് പണിയുമായി ബന്ധമില്ലെന്നും വേറെ രണ്ട് ആളുകളാണ് ബില്ല് മാറിയതെന്നും സൂചിപ്പിച്ചിട്ടുണ്ട്. അളവ് പുസ്തകത്തിൽ മരാമത്ത് പണി രേഖപ്പെടുത്തിയിട്ടുമില്ല. കമ്മിറ്റി തെരഞ്ഞെടുപ്പ് രേഖകൾ, കരാർ എന്നിവ കൃത്രിമമായി ചമച്ചതായി സംശയിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.31.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

5. ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞതിന്, പ്രസ്തുത വിഷയം സംബന്ധിച്ച് തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ആരോപണ വിധേയരായിട്ടുള്ളവർ നിരപരാധികളാണെന്ന് 4-3-2008-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഓഡിറ്റിന് നൽകിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, നൽകിയിട്ടുണ്ടെന്ന് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് ഓഡിറ്റ് ഡയറക്ടർ-ഇൻ-ചാർജ് വെളിപ്പെടുത്തി.

6. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഓഡിറ്റിന് നൽകണമെന്ന് നിർദ്ദേശിച്ച സമിതി, റോഡ് പുനരുദ്ധാരണ പദ്ധതിയിൽ കൃത്രിമമായി രേഖകൾ ചമച്ചും ആൾമാറാട്ടം നടത്തിയും തുക പിൻവലിച്ചതുവഴി പഞ്ചായത്തിന് നഷ്ടം വരുത്തിയതിനുത്തരവാദി ആരെന്ന് ആരാഞ്ഞു. മുൻ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന യു.ഡി.ക്ലർക്കാണ് ആയതിന് ഉത്തരവാദിയെന്നും ടിയാൻ മരണപ്പെട്ടുപോയെന്നും വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും നഷ്ടപ്പെട്ട തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതായുള്ള രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ലെന്നും തുക ഈടാക്കുന്നതിന് അയച്ച കത്തുകൾ ബന്ധപ്പെട്ട ആളുകൾ കൈപ്പറ്റിയിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ആരോപണവിധേയരായ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, ഗുണഭോക്തൃ സമിതി കൺവീനർ, ചെയർമാൻ എന്നിവർ നിരപരാധികളാണെന്ന് അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

7. ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടത്തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച ചോദ്യത്തിന് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം സ്ഥാവരജംഗമ വസ്തുക്കളുണ്ടെങ്കിൽ ആയതിൽ നിന്നും ഈടാക്കാൻ കളക്ടർക്ക് റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

8. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞതിന്, നിയമസഭാ സമിതി ഓരോ പഞ്ചായത്തിന്റെയും റിപ്പോർട്ട്

ആവശ്യപ്പെട്ടപ്പോഴാണ് ആയത് സംബന്ധിച്ച് പരിശോധിക്കുന്നതെന്നും അല്ലാത്ത സാഹചര്യങ്ങളിൽ റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് ഉത്തരവാദികളായവരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് തുക ഈടാക്കുകയും അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്നും ടി വിഷയം ഇതുവരെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ഇതിൽ പരാമർശവിധേയനായ വ്യക്തിക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് നഷ്ടമായ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു. പഞ്ചായത്തിന് നഷ്ടമായ തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ സ്ഥാവരജംഗമ സ്വത്തുക്കൾ ജപ്തി ചെയ്തോ ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഓഡിറ്റിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുകയും ആയത് ചെയ്യാമെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തു.

സമിതി നിർദ്ദേശാനുസരണം ലഭ്യമാക്കിയ സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

9.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| പെരിയകടി-വത്സപ്പെട്ടി റോഡ് പുനരുദ്ധാരണത്തിന് കൃത്രിമരേഖ ചമച്ച് 1,02,508 രൂപയുടെ നഷ്ടം വരുത്തിയതിന് ഉത്തരവാദിയായി ഓഡിറ്റിൽ പരാമർശിച്ചിരുന്ന സെക്രട്ടറിയുടെ അധികച്ചുമതല വഹിച്ചിരുന്ന ശ്രീ. ഡി. രാജൻ മരിച്ചുപോയിട്ടുള്ളതാണ്. വട്ടവട ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ടിയാന്റെ പെൻഷൻ ബുക്ക് പ്രകാരം ടിയാന്റെ അനന്തര അവകാശിയായി കാണുന്ന ടിയാന്റെ ഭാര്യ ശ്രീമതി ദൈവ, തേവാരം വീട്, കട്ടക്കാ സിറ്റി, രാജകുമാരി എന്നയാളിൽ നിന്നും ആർ. ആർ. നടപടികളിലൂടെ തുക പലിശസഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി ബഹു. ഇടുക്കി ജില്ലാ കളക്ടർക്ക് 30-4-2014 തീയതിയിൽ ഫോറം 24-ലുള്ള റിക്വിസിഷൻ ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഇടുക്കി യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് 28-3-2014-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | പെരിയകടി-വത്സപ്പെട്ടി റോഡ് പുനരുദ്ധാരണത്തിന് കൃത്രിമരേഖ ചമച്ച് 1,02,508 രൂപയുടെ നഷ്ടം വരുത്തിയത് ഉത്തരവാദികളിൽ നിന്നും ഈടാക്കിയത് സംബന്ധിച്ച വിവരമോ തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പോ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

10. പെരിയകുടി-വത്സപ്പെട്ടി റോഡ് പുനരുദ്ധാരണ പദ്ധതിയിൽ കൃത്രിമമായി രേഖകൾ ചമയ്ക്കുകയും ആൾമാറാട്ടം നടത്തി തുക പിൻവലിക്കുകയും ചെയ്തതുവഴി 1,02,508 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ കമ്മിറ്റി രേഖകൾ പ്രകാരം കൺവീനറായി തെരഞ്ഞെടുത്തതായി പറയുന്ന വ്യക്തിക്ക് പ്രസ്തുത പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലെന്നും ടിയാൻ തുക കൈപ്പറ്റിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ആരോപണവിധേയരായ പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവർ നിരപരാധികളാണെന്ന് തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ 4-3-2008-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി വട്ടവട പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ അറിയിക്കുകയുണ്ടായി. ഇതിൽ നിന്ന് പരാമർശവിധേയമായ പദ്ധതിയിൽ തുക പിൻവലിച്ചതിനുത്തരവാദി പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന യു.ഡി. ക്ലാർക്കാണെന്നും സമിതി വിലയിരുത്തുന്നു. എന്നാൽ, ടിയാൻ മരണപ്പെട്ടുപോയതായി സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു.

11. പഞ്ചായത്തിന് നഷ്ടമായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ സ്ഥാവരജംഗമ സ്വത്തുക്കൾ ജപ്തി ചെയ്തോ ഈടാക്കുവാൻ സ്വീകരിച്ച നടപടി റിപ്പോർട്ടും വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടും ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിൻപ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, കൃത്രിമരേഖ ചമച്ച് 1,02,508 രൂപയുടെ നഷ്ടം വരുത്തിയതിനുത്തരവാദിയിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ചോ തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പോ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം സമിതി ആവശ്യപ്പെട്ട വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കണമെന്നും ഇല്ലാത്തപക്ഷം ആയവ ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പഞ്ചായത്തിന് നഷ്ടപ്പെട്ട തുക നിയമപ്രകാരമുള്ള നടപടി മുഖേന ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കാർഷിക പദ്ധതികളിൽ ധനാപഹരണവും അപാകതകളും ;3.16 ലക്ഷം നഷ്ടം (2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.12; 3.13)**

കൃഷി ഓഫീസർ 2001-02-ൽ നടപ്പിലാക്കിയ പദ്ധതികളിൽ 3,16,500 രൂപ ദുർവിനിയോഗം ചെയ്തതായി കാണുന്നു.

കേര രോഗ വ്യാപന നിയന്ത്രണ പദ്ധതിക്ക് 2001-02-ൽ 1,50,000 രൂപ പിൻവലിച്ച് കൈവശം വയ്ക്കുകയും പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് തുടർ പദ്ധതിക്ക് അംഗീകാരം തേടി പി.ഡി.യിൽ നിന്നും തുക ചെലവഴിച്ച പദ്ധതിയുടെ മുൻപ് പിൻവലിച്ച് കയ്യിൽ സൂക്ഷിച്ചിരുന്ന 1,50,000 രൂപ അപഹരിച്ചതായി കാണുന്നു. ഇത് കൂടാതെ 2001-02-ൽ പിൻവലിച്ച 1,66,500 രൂപയുടെ ചെലവ് വൗച്ചറുകളും ലഭ്യമാക്കാത്തതിനാൽ ആകെ 3,16,500 രൂപ ദുർവിനിയോഗം ചെയ്തതായി കാണുന്നു.

കൂടാതെ കൃഷി ഓഫീസറുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും 40,000 രൂപയുടെ ചെക്കുകൾ പിൻവലിച്ചുവെങ്കിലും വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് ഖണ്ഡിക

**കൃഷി ഓഫീസർ വൗച്ചറുകൾ ഹാജരാക്കിയില്ല (2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.13)**

കൃഷി ഓഫീസറുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും 40,000 രൂപയുടെ വൗച്ചറുകൾ പിൻവലിച്ചുവെങ്കിലും ചെക്കിന്റെ കൗണ്ടർഫോയിലിൽ തുക എന്താവശ്യത്തിന് പിൻവലിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല. വൗച്ചറുകളും ഫയലുകളും ഹാജരാക്കിയിട്ടില്ല. 40,000 രൂപ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 2.32.1 & 2.32.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

12. കൃഷി ഓഫീസർ 2001-02-ൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ 3,16,500 രൂപ ദുർവിനിയോഗം ചെയ്തതായി നിരീക്ഷിച്ച സമിതി ടിയാനിൽ നിന്നും 96,250 രൂപ മാത്രം ഈടാക്കുവാനുള്ള നടപടി സ്വീകരിച്ചതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സ്പഷ്ടീകരണം ആരാഞ്ഞതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മറുപടി പറഞ്ഞില്ല.

13. കൃഷി ഓഫീസറിൽ നിന്നും പ്രസ്തുത തുക ഈടാക്കിയിട്ടുണ്ടോ എന്നും ടിയാൻ ഇപ്പോൾ സർവ്വീസിലുണ്ടോ എന്നും ജോലിക്ക് ഹാജരാകാത്തതിന് ടിയാനെതിരെ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന്, തുക ഇതുവരെ ഈടാക്കിയിട്ടില്ലെന്നും അദ്ദേഹം ഇപ്പോൾ ഒളിവിൽ പോയിരിക്കുകയാണെന്നും ടിയാനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നാണ് വകുപ്പിൽ നിന്നും അറിയാൻ കഴിഞ്ഞതെന്നും നെടുങ്കണ്ടം പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

14. ഇത്തരം കാര്യങ്ങളിൽ ഇംപ്ലിമെന്റിംഗ് വകുപ്പ് നടപടി എടുക്കാതിരിക്കുന്നത് ഗുരുതരമായ പ്രശ്നമാണെന്നും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെകൂടി അഭിപ്രായം കേൾക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ ശ്രീ. ബാബു അലക്സാണ്ടർ എന്ന കൃഷി ഓഫീസറാണ് പ്രസ്തുത ക്രമക്കേട് കാണിച്ചിരിക്കുന്നതെന്നും ടിയാൻ ഇപ്പോൾ വയനാട് ജില്ലയിലെ മാനന്തവാടിയിൽ അസിസ്റ്റന്റ് ഡയറക്ടറായി ജോലി നോക്കുകയാണെന്നും വെള്ളത്തൂവൽ കൃഷി ഓഫീസർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

15. പ്രസ്തുത ഉദ്യോഗസ്ഥൻ ഒളിവിൽ പോയിരിക്കുകയാണെന്ന് അറിയിച്ചതാരാണെന്ന സമിതിയുടെ ചോദ്യത്തിന് കൃഷി വകുപ്പിൽ നിന്നാണ് അങ്ങനെ ഒരറിയിപ്പ് ലഭിച്ചതെന്ന് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ടിയാനെതിരെ നടപടി എടുക്കുന്നതിനായി നോട്ടീസ് അയച്ചിരുന്നതായും ആ സമയത്ത് അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാൻ സസ്പെൻഷനിലായിരുന്നെന്നും 30-10-2013-ൽ മാനന്തവാടിയിൽ അസിസ്റ്റന്റ് ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ടിയാനിൽ നിന്നും നഷ്ടമായ തുക തിരിച്ച് പിടിക്കുന്നതിന് ആർ. ആർ. നടപടി ആരംഭിക്കാൻ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നതായും വെള്ളത്തൂവൽ കൃഷി ഓഫീസർ സമിതിയിൽ വിശദമാക്കി.

16. പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം സമിതി ആരാഞ്ഞതിന്, പല കേസുകളിലും ഇത്തരം പ്രശ്നമുണ്ടെന്നും കൃഷി വകുപ്പ് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചേമതിയാകുവെന്നും പഞ്ചായത്തിൽ ജോലി ചെയ്യുന്ന ഇതുപോലുള്ള ഓഫീസർമാർക്ക് എൻ.എൽ.സി. നൽകുവാൻ വകുപ്പിന് അധികാരമില്ലെന്നും ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുകയല്ലാതെ പഞ്ചായത്ത് വകുപ്പിന് മറ്റൊന്നും ചെയ്യാനില്ലെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

17. പണം അപഹരിക്കുക എന്നത് ഒരു ക്രിമിനൽ കുറ്റമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഇത്രയും ക്രമക്കേടുകൾ കാണിച്ചിട്ടും ടിയാനെതിരെ യാതൊരു നടപടിയും എടുക്കാതിരുന്നതിനാലാണ് ടിയാൻ വീണ്ടും സർവ്വീസിൽ പ്രവേശിച്ച് അസിസ്റ്റന്റ് ഡയറക്ടറായി ജോലി നോക്കുന്നതെന്നും ഒളിവിൽ പോയിരിക്കുകയാണെന്നാണ്

പഞ്ചായത്തിന് ലഭിച്ച വിവരമെന്നും ടിയാൻ റിട്ടയർ ചെയ്ത് പോകുന്നതിന് മുമ്പ് ടിയാന്റെ പേരിൽ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കൃഷി വകുപ്പ് സെക്രട്ടറിക്ക് വിശദമായ വിവരം കാണിച്ച് കത്തെഴുതണമെന്നും സമിതി നിർദ്ദേശിച്ചു

18. മറ്റൊരു വകുപ്പിൽനിന്നും നിയമിതരാകുന്ന നിർവ്വഹണോദ്യോഗസ്ഥർ ലക്ഷക്കണക്കിന് രൂപയുടെ പദ്ധതികൾ നടപ്പിലാക്കാറുണ്ടെന്നും അവർ റിട്ടയർ ചെയ്യുമ്പോഴോ എൻ.എൽ.സി. വാങ്ങുന്ന ഘട്ടത്തിലോ പഞ്ചായത്തുമായി ബന്ധപ്പെടേണ്ട ആവശ്യം വരുന്നില്ലെന്നും ബാധ്യതാരഹിത സർട്ടിഫിക്കറ്റ് കൊടുക്കുമ്പോഴെങ്കിലും പഞ്ചായത്ത് ഡയറക്ടറേറ്റുമായി ബന്ധപ്പെടുന്ന ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും ആയത് സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

19. ഈ അഭിപ്രായം നല്ലതാണെന്നും എന്നാൽ കൃഷി ഓഫീസർ എന്നാൽ സർവ്വീസിൽ പ്രവേശിക്കുന്നഘട്ടമാണെന്നും പിന്നീട് 20-25 വർഷം കഴിയുമ്പോൾ അതിന് മുമ്പുള്ള ബാധ്യതാരഹിത സർട്ടിഫിക്കറ്റ് വാങ്ങുക എന്നത് അസൗകര്യമുള്ള കാര്യമാണെന്നും നടപടി എടുക്കാത്ത കേസുകളിൽ പഞ്ചായത്തിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ പ്രൊമോഷൻ നൽകുകയുള്ളൂ എന്ന നിബന്ധനവയ്ക്കുന്നത് അനുയോജ്യമായിരിക്കും എന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു

20. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുകയാണെന്നും ഇവയുടെ ഒരു പകർപ്പ് ഡയറക്ടർക്ക് നൽകുകയും ഡയറക്ടർ തലത്തിലുള്ള ഒരു ക്ലിയറൻസായാലും മതിയെന്നും അങ്ങനെയായാൽ ജോലി ചെയ്തിരുന്ന എല്ലാ പഞ്ചായത്തുകളിലും പോകേണ്ട അവസ്ഥ ഉണ്ടാകില്ലെന്നും ഇതിലൂടെ പണാപഹരണം നടത്തിയ ഉദ്യോഗസ്ഥർ യാതൊരു കഴപ്പവുമില്ലാതെ വിരമിച്ച് ആനുകൂല്യവും വാങ്ങിപ്പോകുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയുമെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുവാൻ സമിതി നിർദ്ദേശിച്ചു.

21. കൃഷി ഓഫീസറായിരുന്ന ശ്രീ. ബാബു അലക്സാണ്ടറിൽ നിന്ന് വകുപ്പുതല നടപടികളിലൂടെ പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നെന്നും ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടർ, ടി കൃഷി ഓഫീസർ നിലവിൽ സർവ്വീസിലില്ലെന്നും എന്നെങ്കിലും സർവ്വീസിൽ പുനഃപ്രവേശിക്കുകയാണെങ്കിൽ ടിയാനിൽ നിന്നും തുക ഈടാക്കി നൽകുന്നതിന്, അവസാനം ജോലിചെയ്തിരുന്ന കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 10-10-2009-ൽ

നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണെന്നും പ്രസ്തുത വിവരം നൽകണമെന്ന് കാണിച്ച് 27-2-2013-ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്തും റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി അറിയിക്കണമെന്ന് കാണിച്ച് ഇടുക്കി ജില്ലാ കളക്ടർക്ക് ഓർമ്മക്കുറിപ്പും നൽകിയിരുന്നുവെന്നും എന്നാൽ ആരോപണവിധേയനായ കൃഷി ഓഫീസർ ജോലിയിൽ പുനഃപ്രവേശിച്ച വിവരവും നഷ്ടപ്പെട്ട പണം തിരികെ ഈടാക്കാത്ത കാര്യവും പഞ്ചായത്തിനെ അറിയിച്ചില്ലെന്നും സമിതി നിരീക്ഷിച്ചു. ആയത് ഗുരുതരമായ വീഴ്ചയായി വീക്ഷിച്ച സമിതി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു.

(1) പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ശ്രീ. ബാബു അലക്സാണ്ടറിൽ നിന്ന് ടിയാൻ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്യുന്നതിന് മുമ്പ് പഞ്ചായത്തിനുണ്ടായ നഷ്ടത്തുക പലിശസഹിതം ഈടാക്കാൻ സ്വീകരിച്ച നടപടി. ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കൃഷി വകുപ്പ് സെക്രട്ടറിയെ അറിയിച്ച് മേൽനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

(2) ധനാപഹരണത്തിന് ടിയാന്റെ പേരിൽ ക്രിമിനൽ കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യാൻ സ്വീകരിച്ച നടപടി.

(3) ധനാപഹരണം നടത്തിയ, സസ്പെൻഷനിലായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച വകുപ്പുതല അച്ചടക്ക നടപടി സംബന്ധിച്ചും ടിയാന്റെ സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കാനിടയായ സാഹചര്യം സംബന്ധിച്ചുമുള്ള റിപ്പോർട്ട്.

(4) പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കണമെന്ന കൃഷി ഡയറക്ടറുടെ നിർദ്ദേശം ബന്ധപ്പെട്ട പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ പാലിക്കാത്തതിന്റെ കാരണം.

(5) തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾക്ക് ഇടുക്കി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചതിന്മേൽ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും വിശദീകരണം.

22. 2002-03 കാലയളവിൽ ഇതേ കൃഷി ഓഫീസർ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും 40,000 രൂപ പിൻവലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു. ടിയാനിൽ നിന്ന് പഞ്ചായത്തിന് നഷ്ടം വന്ന തുക പലിശ സഹിതം ഈടാക്കുവാനും ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം ലഭ്യമാക്കിയ സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

23.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| കൃഷി ഓഫീസറുടെ പേരിൽ ധനാപഹരണത്തിന് ക്രിമിനൽ കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം ഒന്നും ലഭിച്ചിരുന്നില്ല. ടിയാന്റെ മാതൃവകുപ്പിൽ നിന്നും ഏറ്റവും അവസാനം ലഭിച്ചിട്ടുള്ള വിവരം അനുസരിച്ച് ടിയാൻ സർവ്വീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുകയാണെന്നും ടിയാന്റെ മേൽവിലാസം ലഭ്യമല്ല എന്നും അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ടിയാന്റെ പേരിൽ പണാപഹരണ കുറ്റത്തിന് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ കഴിയുന്നില്ല എന്ന് 25-4-2014-ലെ എ 2-370/05 നമ്പർ കത്ത് പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്. | ധനാപഹരണത്തിന് കൃഷി ഓഫീസറുടെ പേരിൽ ക്രിമിനൽ കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല എന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. നഷ്ടം ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്. |

**നിഗമനങ്ങൾ/ശിപാർശകൾ**

24. **കേര രോഗ വ്യാപന നിയന്ത്രണ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ 3,16,500 രൂപ ദുർവിനിയോഗം ചെയ്തതായി സമിതി നിരീക്ഷിക്കുന്നു. പരാമർശ വിധേയനായ കൃഷി ഓഫീസർ ഇപ്പോൾ ഒളിവിലാണെന്നും ആയതിനാൽ ടിയാനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നുമാണ് വകുപ്പിൽ നിന്നും അറിയാൻ കഴിഞ്ഞതെന്ന് തെളിവെടുപ്പുവേളയിൽ ഹാജരായ നെടുമങ്ങാട് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. മറ്റൊരു വകുപ്പിൽ നിന്നും നിയമിതരാകുന്ന നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളിന്മേൽ അവർ റിട്ടയർ ചെയ്യുമ്പോഴോ എൻ.എൽ.സി. വാങ്ങുന്ന ഘട്ടത്തിലോ പഞ്ചായത്തുമായി ബന്ധപ്പെടേണ്ടതായി വരുന്നില്ല എന്നതിനാൽ പണാപഹരണം പോലെയുള്ള കുറ്റകൃത്യങ്ങൾ നടത്തിയ ഉദ്യോഗസ്ഥർ യാതൊരു കുഴപ്പവുമില്ലാതെ വിരമിച്ച് ആനുകൂല്യവും വാങ്ങി പോകുന്ന അവസ്ഥ ഒഴിവാക്കാൻ ആവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

25. ആരോപണ വിധേയനായ കൃഷി ഓഫീസർ ജോലിയിൽ പുനഃപ്രവേശിച്ച വിവരവും നഷ്ടപ്പെട്ട പണം തിരികെ ഈടാക്കിയിട്ടില്ലാത്ത കാര്യം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തത് സംബന്ധിച്ചും ധനാപഹരണത്തിന് ടിയാന്റെ പേരിൽ ക്രിമിനൽ കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും ആർ. ആർ. നടപടിക്ക് ഇടുക്കി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചതിന്മേൽ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശവിധേയനായ കൃഷി ഓഫീസറുടെ പേരിൽ ധനാപഹരണത്തിന് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം ലഭിച്ചിരുന്നില്ലെന്നും ടിയാന്റെ മാതൃവകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള വിവരം അനുസരിച്ച് ടിയാൻ സർവ്വീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുകയാണെന്നും ടിയാന്റെ മേൽവിലാസം ലഭ്യമല്ലെന്നും ആയതിനാൽ ടിയാന്റെ പേരിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ കഴിയില്ലായെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നല്കിയ റിപ്പോർട്ട് അതേപടി സമിതിക്ക് സർക്കാർ സമർപ്പിച്ചതായാണ് സമിതി നിരീക്ഷിക്കുന്നത്. പൊതുധനം ചട്ടപ്രകാരവും അവധാനതയോടെയും കൈകാര്യം ചെയ്യാൻ നിയുക്തനായ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ധനാപഹരണം നടത്തിയതിന്മേൽ ടിയാന്റെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് പ്രസ്തുത മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നത്. മറ്റൊരു വകുപ്പിലെ ഉദ്യോഗസ്ഥന്റെ പേരിൽ തദ്ദേശസ്വയംഭരണ വകുപ്പിന് നേരിട്ട് വകുപ്പുതല നടപടി സ്വീകരിക്കുവാൻ കഴിയില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. അത്തരമൊരു നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഗൗരവമേറിയ ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടത്. ഇതുകൂടാതെ ഈ വിഷയത്തിൽ മേൽ ഖണ്ഡിക 21-ൽ പരാമർശിക്കും പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കാനും റിപ്പോർട്ട് നല്കാനും സമിതി തെളിവെടുപ്പ് സമയത്ത് ആവശ്യപ്പെട്ടിരുന്നു. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള യാതൊരു നടപടിയും സർക്കാരിന്റെയോ പഞ്ചായത്ത് വകുപ്പിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നാണ് മേൽ ഖണ്ഡിക 23-ൻ പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോധ്യപ്പെടുന്നത്. ഇത് സമിതിയോടുള്ള കടുത്ത അനാദരവ് മാത്രമല്ല ധനാപഹരണമുൾപ്പെടെയുള്ള ആരോപണങ്ങൾപോലും ഉന്നയിക്കപ്പെട്ടിട്ടും അവയുടെ പേരിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പ് കാട്ടുന്ന അനാസ്ഥയുമാണ് പ്രകടമാക്കുന്നത്. ഇക്കാര്യത്തിൽ, സമിതി നിർദ്ദേശത്തിനുശേഷവും നടപടി സ്വീകരിക്കാത്തത് കുറ്റകരമായ

**കൃത്യവിലോപമായി മാത്രമേ വീക്ഷിക്കാനാകൂ. പൊതുധനം അപഹരണം നടത്തിയതിന്മേൽ തുടർനടപടി സ്വീകരിക്കാതെ നിസ്സഹായവസ്ഥയിലെന്ന മട്ടിൽ മറുപടി സമർപ്പിച്ചത് തീർത്തും അപലപനീയമാണ്.**

**26. ഈ സാഹചര്യത്തിൽ, സമിതി ആവശ്യപ്പെട്ടതിൻപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയും ആയതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഖണ്ഡിക 21-ൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കാനും നഷ്ടപ്പെട്ട തുക അടിയന്തരമായി ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. ആരോപണവിധേയനായ കൃഷി ഓഫീസർ ശ്രീ. ബാബു അലക്സാണ്ടറെ എത്രയും വേഗം കണ്ടെത്തുന്നതിനും ടിയാനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## മൂന്നാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നില്ല ; ലക്ഷങ്ങൾ നഷ്ടം**

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് വാടക ഈടാക്കാത്ത തിനാൽ ലക്ഷക്കണക്കിന് രൂപയുടെ അനിശ്ചിത നഷ്ടം.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ 38 മുറികൾക്കും പഴയ ഷോപ്പിംഗ് കോംപ്ലക്സിലുള്ള 20 മുറികൾക്കും കുറഞ്ഞ വാടക ഈടാക്കുന്നത് മൂലവും വാടക ഈടാക്കാത്തതുമൂലവും ലക്ഷക്കണക്കിന് രൂപയുടെ അനിശ്ചിത നഷ്ടം.

മൂന്നാർ പോലെ വളരെ പ്രാധാന്യമുള്ള സ്ഥലത്ത് പ്രതിമാസം 60 രൂപ എന്ന തുച്ഛമായ നിരക്കിലാണ് മുറികൾ നൽകിയിരിക്കുന്നത്. ഇങ്ങനെ വാടകയ്ക്ക് എടുത്തിട്ടുള്ളവർ കൂടിയ വാടകയ്ക്ക് അവ മറിച്ച് നൽകുന്നതിനുള്ള സാധ്യത തള്ളിക്കളയാനാവില്ല. പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ 20 മുറികളിൽ 9 എണ്ണത്തിന് മാത്രമാണ് കരാർ ഉടമ്പടി വച്ചിട്ടുള്ളത്. ബാക്കി 11 മുറികൾ അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. 1963-ലെ കേരളാ പഞ്ചായത്ത് രാജ് ജംഗമ വസ്തുക്കളുടെ ഏറ്റെടുക്കലും കയ്യൊഴിക്കലും ചട്ടങ്ങളിൽ വ്യക്തമായ വ്യവസ്ഥകൾ നിലവിലിരിക്കെ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടകയാണ് നൽകേണ്ടതെന്നും മരാമത്ത് വകുപ്പ് വാടകനിജപ്പെടുത്തി നൽകാത്തതാണ് വാടക ഈടാക്കാത്തതിന്റെ കാരണമെന്നും അധികൃതർ നിലപാട് സ്വീകരിച്ചിട്ടുള്ളത് മനഃപൂർവ്വമാണെന്ന് അനുമാനിക്കാം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹ്യത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.33.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2001-02-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരാമർശമാണിതെന്നും കേവലം 35 ചതുരശ്ര അടിയിലുള്ള ഓരോ കടമുറിയും 60 രൂപ നിരക്കിലാണ് വാടകയ്ക്ക് നൽകിയിരുന്നതെന്നും കമ്പോളത്തിൽ നിന്നും അകലെ അപ്രധാനമായിട്ടുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിൽ വെള്ളം, വൈദ്യുതി, പാർക്കിംഗ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളില്ലാത്ത ചെറിയ മുറികളാണുള്ളതെന്നും അന്നത്തെ കാലത്ത് 60 രൂപ എന്നത് കുറഞ്ഞ വാടകയല്ലെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നാളിതുവരെയുള്ള വാടക കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കുകയും 38 മുറികളുടെയും വാടക പുതുക്കി കരാർ വച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ മറ്റെന്തെങ്കിലും ചെയ്യണമെങ്കിൽ നിലവിൽ കട നടത്തുന്നവരെ ഒഴിവാക്കി പുനർലേലം നടത്തേണ്ടി വരുമെന്നും മൂന്നാറിനെ സംബന്ധിച്ച് ആയത് ബുദ്ധിമുട്ടാണെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു.

28. കരാർ വച്ചിട്ടല്ലേ കടമുറികൾ വാടകയ്ക്ക് കൊടുത്തിരിക്കുന്നതെന്നും കരാർ കാലാവധി എത്രയാണെന്നും പ്രസ്തുത കാലാവധിക്കുശേഷം അവർ ഒഴിഞ്ഞു പോകേണ്ടതല്ലേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് നിലവിൽ ഒരു വർഷമാണ് കരാറിന്റെ കാലാവധിയെന്നും കമ്പോളത്തിനുള്ളിൽ പ്രധാന റോഡുമായി യാതൊരു ബന്ധവുമില്ലാത്ത, തകരംമേഞ്ഞ 38 കടമുറികളിൽ മൂന്നാറിലെ പാവപ്പെട്ട ജനങ്ങളാണ് 168 രൂപ വാടക നൽകി കച്ചവടം നടത്തുന്നതെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

29. പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്താണോ കെട്ടിടം സ്ഥിതിചെയ്യുന്നതെന്നും 11 കടമുറികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നതാരാണെന്നും അവരിൽ നിന്നും എത്ര രൂപ വാടകയാണ് വാങ്ങുന്നതെന്നും സമിതി ആരാഞ്ഞതിന്, പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലമാണെങ്കിലും ആയതിന് രേഖയൊന്നും ഇല്ലെന്നും കടമുറികൾ ആരും അനധികൃതമായി കൈവശം വച്ചിട്ടില്ലെന്നും 2001-ൽ കരാർ ഇല്ലാതിരുന്നതിനാലാണ് അങ്ങനെ സംഭവിച്ചതെന്നും നിലവിൽ പാൽ സൊസൈറ്റി പോലുള്ള സംരംഭങ്ങൾ നടത്തുകയാണെന്നും പി.ഡബ്ല്യു.ഡി. വാടക നിരക്ക് നിർണ്ണയിച്ച് നല്കാൻ കാലതാമസമുണ്ടായെന്നും നിലവിൽ അവയും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 200-300 രൂപ വരെ മാസവാടകയായി വാങ്ങുന്നുണ്ടെന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

30. സൊസൈറ്റികളുടെ നടത്തിപ്പിനായി നൽകിയിരിക്കുന്ന മുറികളുടെ വലിപ്പമെത്രയാണെന്നും കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് കൊടുത്തിരിക്കുന്നതിന്റെ

ഉദ്ദേശ്യമെന്താണെന്നും സമിതി ആരാഞ്ഞതിന് 60 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള മുറികളാണെന്നും 2001-ലെ നിരക്ക് അനുസരിച്ചാണ് വാടക ഈടാക്കുന്നതെന്നും മൂന്നാർ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

31. ഓഡിറ്റ് ഖണ്ഡികയിലെ പോരായ്മകളെപ്പറ്റി പഞ്ചായത്ത് കമ്മിറ്റിതന്നെ വിശദമായി പരിശോധിച്ചും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും 2001-ലെ പി.ഡബ്ല്യു.ഡി. നിരക്ക് പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും സർക്കാരും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

32.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| ലോക്കൽ ഫണ്ട് ഓഡിറ്റ് 2005-06 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.33.1-ൽ പരാമർശിച്ചിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നില്ല ലക്ഷങ്ങൾ നഷ്ടം എന്ന വിഷയം മൂന്നാർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30-12-2013-ലെ യോഗം വിശദമായി ചർച്ച ചെയ്യുകയുണ്ടായി.<br>മൂന്നാർ മാർക്കറ്റിന് സമീപമുള്ള മൂന്നാർ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 30 കടമുറികൾക്കും പഴയ മൂന്നാർ ബസ് സ്റ്റാന്റിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 20 കടമുറികൾക്കും പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക നിശ്ചയിച്ച് തരുന്നതിന് 29-11-2013-ലും 3-3-2014-ലും എ $_2$-75750/11 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. ബിൾഡിംഗ്സ്, മൂന്നാറിന് കത്ത് അയച്ചിട്ടുള്ളതുമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | 2001-02 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി മുറികൾ കാലപ്പഴക്കമേറിയതും വാടകയിൽ വൻ വർദ്ധനവ് വരുത്തിയാൽ വലിയ പ്രതിഷേധത്തിന് ഇടയാക്കുമെന്നുമാണ്. കൂടാതെ മുഴുവൻ വ്യാപാരികളെയും ഒഴിപ്പിച്ച് പുനർലേലം ചെയ്യുക അപ്രായോഗികമാണെന്നും വാടക വർദ്ധനവ് ഏത് വിധത്തിലാകണമെന്ന് ഗുണഭോക്താക്കളുടെ യോഗം വിളിച്ചുചേർത്ത് തീരുമാനിക്കുന്നതാണെന്നും എന്നാണ്. ഇത് അംഗീകരിക്കാൻ കഴിയില്ല.<br>മുറികൾ നിയമാനുസൃത നടപടികളിലൂടെ പുനർലേലം നടത്തി വാടക ഈടാക്കേണ്ടത് അത്യാവശ്യമാണ്.<br>മൂന്നാർ പോലെ പ്രാധാന്യമുള്ള സ്ഥലത്ത് നിസ്സാര നിരക്കിൽ മുറി വാടകയ്ക്ക് നൽകുന്ന പ്രവണത അംഗീകരിക്കാവുന്നതല്ല.<br>പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിക്കുന്ന നിരക്കിൽ വാടക ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

33. ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് കുറഞ്ഞ വാടക ഈടാക്കുന്നതുമൂലവും വാടക ഒട്ടുംതന്നെ ഈടാക്കാത്തതുമൂലവും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. പൊതുമരാമത്ത് വകുപ്പ് വാടക നിരക്ക് നിജപ്പെടുത്തി നൽകാത്തതിനാൽ 2001-ലെ നിരക്കനുസരിച്ചാണ് വാടക ഈടാക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. പരാമർശ വിഷയം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റി വിശദമായി പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടി സംബന്ധിച്ചും 2001-ലെ പി.ഡബ്ല്യു.ഡി. നിരക്ക് പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ മറുപടിയിൽ നിന്നും 30-12-2013-ൽ പഞ്ചായത്ത് ഭരണസമിതി പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുതായും മൂന്നാർ മാർക്കറ്റിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 30 കടമുറികൾക്കും പഴയ മൂന്നാർ ബസ് സ്റ്റാന്റിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 20 കടമുറികൾക്കും പൊതുമരാമത്ത് നിരക്കിൽ വാടക നിശ്ചയിച്ച് നൽകുന്നതിന് പൊതുമരാമത്ത് അസി.എഞ്ചിനീയർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വാടക നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. മൂന്നാർ പോലെ പ്രാധാന്യമുള്ള സ്ഥലത്ത് കുറഞ്ഞ നിരക്കിൽ മുറി വാടകയ്ക്ക് നൽകുന്നത് തെറ്റായ പ്രവണതയാണെന്ന് സമിതി വിലയിരുത്തുന്നു. മുറികൾ കാലപ്പഴക്കമേറിയതും വാടകയിൽ വൻവർദ്ധനവ് വരുത്തിയാൽ വലിയ പ്രതിഷേധത്തിനിടയാക്കുമെന്നതും മുഴുവൻ വ്യാപാരികളെയും ഒഴിപ്പിച്ച് പുനർലേലം ചെയ്യുക അപ്രായോഗികവുമാണെന്ന ഗ്രാമപഞ്ചായത്തിന്റെ മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ മുറികൾ നിയമാനുസൃതമായ നടപടിയിലൂടെ ലേലം നടത്തണമെന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിക്കുന്ന നിരക്കിൽ വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## പൊതുപരാമർശങ്ങൾ

ഓഡിറ്റ് ഖണ്ഡിക

**നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല**

വിവിധ ഏജൻസികളിൽ പദ്ധതി നിർവ്വഹണത്തിനായി പദ്ധതിപ്പണം നിക്ഷേപിച്ചുവെങ്കിലും ഈ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തതിനാൽ വൃഥാ ചെലവായി ഭവിച്ചു. വേലകൾ പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. വിശദാംശം ചുവടെ ചേർക്കുന്നു:

| സ്ഥാപനം | | വർഷം | ഖണ്ഡിക | തുക | ഏജൻസി |
|---|---|---|---|---|---|
| 1 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | 2002-03 | 3.5 | 59,250 | കെ.എസ്.ഇ.ബി. |
| 2 | മരിയാപുരം ഗ്രാമപഞ്ചായത്ത് | 2003-04 | 3.7 | 38,320 | കെ.എസ്.ഇ.ബി. |
| 3 | കുടയത്തൂർ ഗ്രാമപഞ്ചായത്ത് | 2003-04 | 3.7 | 51,215 | കേരള ജല അതോറിറ്റി |
| 4 | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 2003-04 | 3.5 | 85,827 | കേരള ജല അതോറിറ്റി |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.35.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറോട് സമിതി വിശദീകരണം ആരാഞ്ഞു. ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ പാറത്തോട്-പൂൽമേട് എന്നീ പട്ടികജാതി കോളനികളിലെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 10-10-2013, 28-11-2013 എന്നീ തീയതികളിൽ കെ.എസ്.ഇ.ബി.ക്ക് അറിയിപ്പ് കൊടുത്തിട്ടുണ്ടെന്നും ആയത് ലഭ്യമാക്കുന്നമുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

35. കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, കേരള ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന നിക്ഷേപ ജോലികളുടെ പൂർത്തീകരണവും വിനിയോഗ സാക്ഷ്യപത്രം നൽകുന്നതും സംബന്ധിച്ച വിഷയം വിവിധ ഓഡിറ്റ് ഖണ്ഡികകളിൽ നേരത്തെവന്നിട്ടുള്ള സന്ദർഭത്തിൽ നിക്ഷേപ വേലകൾ എത്രയുംവേഗം

പൂർത്തീകരിക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, ആയത് സംബന്ധിച്ച നടപടിക്രമം പൂർത്തിയാക്കി രേഖകൾ എത്രയുംവേഗം ഓഡിറ്റിന് ഹാജരാക്കണമെന്നും റവന്യൂ റിക്കവറി ആരംഭിച്ചിട്ടുള്ള സംഗതികളിൽ നടപടി ത്വരിതപ്പെടുത്തണമെന്നും നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം ലഭ്യമാക്കിയ സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

36.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്<br>പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്<br>പാറത്തോട്-പൂൽമേട് വൈദ്യുതീകരണ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് (നമ്പർ ഡി.ബി.2/ഇ.ബി./എൻ.ഡി.എം./13-14/37/4-12-13) അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, നെടുങ്കണ്ടം) ഹാജരാക്കിയതായി അറിയിച്ചുകൊള്ളുന്നു. |
| മരിയാപുരം ഗ്രാമപഞ്ചായത്ത്<br>മരിയാപുരം ജലസേചന പദ്ധതിക്കായി പിൻവലിച്ച 5,370 രൂപ 13-5-2008-ൽ കൃഷി ഓഫീസർ തിരികെ അടച്ചതായും പാവ്വർമേട് ജലസേചന പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചതായും 18-2-2014-ൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തു. | മരിയാപുരം ഗ്രാമപഞ്ചായത്ത്<br>മരിയാപുരം ഗ്രാമപഞ്ചായത്തിലെ നിക്ഷേപ വേലയായ പാവ്വർമേട് ജലസേചന പദ്ധതിയുടെ 38,320 രൂപ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കിയത് പരിശോധിച്ചു ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഖണ്ഡികയിലെ തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു. |
| കടയത്തൂർ ഗ്രാമപഞ്ചായത്ത്<br>പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | കടയത്തൂർ ഗ്രാമപഞ്ചായത്ത്<br>കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചക്കിക്കാവ് ലിഫ്റ്റ് ഇറിഗേഷൻ (33,750 രൂപ) മോർക്കാട് കുടിവെള്ള പദ്ധതിക്കായി 17,465 രൂപ കൺവീനർമാർക്ക് മുൻകൂർ നൽകിയിരുന്നു എങ്കിലും പണി പൂർത്തീകരിച്ചിരുന്നില്ല. |

| 1 | 2 |
|---|---|
| | കടയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-11-2013-ലെ എ.1/81/2013-ാം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ചക്കിക്കാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണികൾ പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. കെ. ചെല്ലപ്പനിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ഭരണസമിതിയുടെ മറുപടിയോ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.<br><br>മോർക്കാട് കടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കൺവീനർക്ക് 17,465 രൂപ മുൻകൂർ നൽകിയിരുന്നുവെങ്കിലും പദ്ധതി പൂർത്തീകരിച്ചിരുന്നില്ല. 30-11-2013-ലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ പണി പൂർത്തിയാക്കാത്തതിനാൽ ഉത്തരവാദിയായ കൺവീനർ/ചെയർമാൻ എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് കാരണമുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു. |
| <u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u><br>പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | <u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u><br><u>ക്രമനമ്പർ 1</u>: വെങ്ങല്ലൂർ ലക്ഷംവീട് കോളനി കാർഷിക ജലസേചനം എന്ന പ്രോജക്ട് പ്രകാരം കുഴൽക്കിണർ നിർമ്മിച്ചെങ്കിലും വെള്ളം ലഭ്യമല്ലാത്തതിനാൽ 12,500 രൂപ ഒഴികെ ബാക്കി തുക നൽകിയിട്ടില്ല. ടി പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. പുരുഷോത്തമൻപിള്ള, സന്തോഷ് ഭവനം, വെങ്ങല്ലൂർ എന്നയാൾ മരിച്ചുപോയിട്ടുള്ളതാണ്. കൺവീനർക്ക് നൽകിയ തുകയുടെ |

| 1 | 2 |
|---|---|
| | കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ല. കുഴൽക്കിണറിൽ നിന്നും വെള്ളം ലഭിക്കാതിരുന്നതിനാൽ ഫൈനൽ ബിൽ തയ്യാറാക്കി പ്രോജക്ട് പ്രകാരമുള്ള ബാക്കി തുക നൽകിയിട്ടില്ല എന്ന് അറിയിക്കുന്നു.<br>ക്രമനമ്പർ 2: ചുരയ്ക്കാട്ടുപടി കാർഷിക ജലസേചനം എന്ന പ്രോജക്ട് നമ്പർ 35/2003 പൂർത്തീകരിച്ചിട്ടുണ്ട്. മുൻകൂർ നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, പണി പൂർത്തിയാക്കിയതിന്റെ വിവരം, സ്ഥലം പഞ്ചായത്തിന് കൈമാറിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു എന്ന് അറിയിക്കുന്നു. |

**നിഗമനങ്ങൾ/ശിപാർശകൾ**

37. **കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, കേരള ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന നിക്ഷേപ വേലകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാതിരിക്കുന്ന പ്രവണത സമിതി വളരെ ഗൗരവമായി വീക്ഷിക്കുന്നു. പദ്ധതിപ്പണം ഉപയോഗിച്ച് നിക്ഷേപ ജോലികൾ നടത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഒരുപോലെ കുറ്റകരമായ അനാസ്ഥ കാണിക്കുന്നതായി സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തുക അടവാക്കുകയല്ലാതെ സമയബന്ധിതമായി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുകയോ നിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്യുന്നില്ല. നിക്ഷേപ വേലകൾ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നോ എത്രയെണ്ണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട് എന്നോ വ്യക്തമാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാകുന്നില്ല എന്ന വസ്തുത സമിതി വളരെ ഗൗരവമായി കാണുന്നു. ആയതിനാൽ, നിക്ഷേപ വേലകൾ സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

38. **ഉടുമ്പൻചോല, മരിയാപുരം, കാഞ്ചിയാർ, കടയത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ മേല്പറഞ്ഞ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള**

നിക്ഷേപ പ്രവൃത്തികളിൽ കടയത്തൂർ ഗ്രാമപഞ്ചായത്തിലെ മോർക്കാട് കുടിവെള്ള പദ്ധതിയുടേതൊഴികെയുള്ളതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തിയതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കടയത്തൂർ ഗ്രാമപഞ്ചായത്തിലെ മോർക്കാട് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി മുൻകൂർ നൽകിയ 17,465 രൂപ ബന്ധപ്പെട്ട കൺവീനറിൽനിന്നും അടിയന്തരമായി തിരിച്ചീടാക്കി റിപ്പോർട്ട് നല്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>പൊതുപരാമർശങ്ങൾ-15 ഗ്രാമപഞ്ചായത്തുകൾ-35 ഇനങ്ങൾ ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല</u>

ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിനാൽ വൻതുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണാധികാരികളും ഭരണ വകുപ്പും കൈക്കൊള്ളുന്നില്ല. വിശദാംശം താഴെകൊടുക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | വർഷം | ഖണ്ഡിക | തുക |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | 2003-04 | 3.1 | 2,94,315 |
| 2 | സേനാപതി | 2002-03 | 2.5 | 21,396 |
| 3 | സേനാപതി | (ചെലവ്) | 2.10 | 78,268 |
| 4 | ഉടുമ്പൻചോല | 2002-03 | 3.2 | 3,600 |
| 5 | ഉടുമ്പൻചോല | 2002-03 | 3.4 | 54,250 |
| 6 | ഉടുമ്പൻചോല | 2002-03 | 3.6 | 2,00,000 |
| 7 | ഉടുമ്പൻചോല | 2002-03 | 3.7 | 30,000 |
| 8 | ഉടുമ്പൻചോല | 2002-03 | 3.10 | 1,16,766 |
| 9 | മരിയാപുരം | 2003-04 | 3.4 | 88,656 |
| 10 | നെടുങ്കണ്ടം | 2003-04 | 3.4 | 30,391 |
| 11 | നെടുങ്കണ്ടം | 2003-04 | 3.7 | 15,000 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 12 | നെടുങ്കണ്ടം | 2003-04 | 3.11 | 86,875 |
| 13 | നെടുങ്കണ്ടം | 2003-04 | 3.12 | 86,335 |
| 14 | നെടുങ്കണ്ടം | 2003-04 | 3.17 | 45,000 |
| 15 | വാത്തിക്കുടി | 2003-04 | 3.16 | 47,135 |
| 16 | വാത്തിക്കുടി | 2003-04 | 3.7 | 16,000 |
| 17 | രാജാക്കാട് | 2003-04 | 3.2 | 38,308 |
| 18 | കുടയത്തൂർ | 2003-04 | 3.6 | 18,000 |
| 19 | ഉടുമ്പന്നൂർ | 2003-04 | 3.3 | 2,55,445 |
| 20 | കട്ടപ്പന | 2003-04 | 3.4 | 7,00,000 |
| 21 | കട്ടപ്പന | 2003-04 | 3.6 | 66,774 |
| 22 | കട്ടപ്പന | 2003-04 | 3.12 | 50,160 |
| 23 | കുടയത്തൂർ | 2004-05 | 3.2 | 6,000 |
| 24 | കാഞ്ചിയാർ | 2002-03 | 3.8 | 1,06,168 |
| 25 | കാഞ്ചിയാർ | 2003-04 | 3.2 | 5,45,691 |
| 26 | കാഞ്ചിയാർ | 2003-04 | 3.1 | 13,600 |
| 27 | കാഞ്ചിയാർ | 2002-03 | 3.15 | 12,70,694 |
| 28 | വണ്ണപ്പുറം | 2002-03 | 3.13 | 5,19,418 |
| 29 | കരിമണ്ണൂർ | 2003-04 | 3.11(2) | 42,295 |
| 30 | കരിമണ്ണൂർ | 2003-04 | 3.12 | 16,050 |
| 31 | വെള്ളിയാമറ്റം | 2004-05 | 3.3 | 8,235 |
| 32 | വെള്ളിയാമറ്റം | 2004-05 | 3.7 | 5,02,292 |
| 33 | വണ്ണപ്പുറം | 2002-03 | 3.10 | 1,00,000 |
| 34 | വണ്ടൻമേട് | 2003-04 | 3.14 | 10,80,165 |
| 35 | കുടയത്തൂർ | 2004-05 | 3.10 | 5,844 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.35.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. ഓഡിറ്റ് സമയത്ത് വൗച്ചറുകളും ഫയലുകളും കൈപ്പറ്റ് രസീതുകളും ഹാജരാക്കുന്നതിൽ ഇടുക്കി ജില്ലയിലെ 15 ഗ്രാമപഞ്ചായത്തുകൾ വീഴ്ചവരുത്തിയതിലൂടെ വൻതുക തടസ്സമായി നിൽക്കുന്നുവെന്ന് നിരീക്ഷിച്ച സമിതി, ആയത് സംബന്ധിച്ച് എന്താണ് പറയുവാനുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറോട് ആരാഞ്ഞു. ഓഡിറ്റ് സമയത്ത് വൗച്ചറുകളും ഫയലുകളും കൈപ്പറ്റ് രസീതുകളും ഹാജരാക്കണമെന്ന് എല്ലാ പഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം നിലവിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ഇപ്പോൾ അങ്ങനെയൊരു പ്രശ്നം നിലവിലില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി.

40. പള്ളിവാസൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ കണ്ടെടുക്കുകയും ആയത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നുമാണ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചശേഷം ഒഴിവാക്കാവുന്നതാണെങ്കിൽ ഒഴിവാക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു

41. ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥരുടെ കുറവുണ്ടോയെന്ന് ആരാഞ്ഞതിന് കുറെ ഒഴിവുകൾ നികത്തിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

42. ചില പഞ്ചായത്തുകൾ ഏറെക്കുറെ നടപടി സ്വീകരിച്ചതായി നിരീക്ഷിച്ച സമിതി, ഇനിയും രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത പഞ്ചായത്തുകൾ അവ ഓഡിറ്റിന് ഹാജരാക്കുവാനും ഭാവിയിൽ ഇത്തരം വീഴ്ചകൾ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കാനും ഓഡിറ്റിന് രേഖകൾ സമർപ്പിക്കാത്ത പഞ്ചായത്തുകളിന്മേൽ നടപടി സ്വീകരിക്കാനും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

43.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| നെടുങ്കണ്ടം, രാജാക്കാട്, പള്ളിവാസൽ, വാത്തിക്കുടി, ഉടുമ്പന്നൂർ, മരിയാപുരം, വണ്ണപ്പുറം, ഇടുക്കി-കഞ്ഞിക്കുഴി, വെള്ളിയാമറ്റം എന്നീ ഗ്രാമപഞ്ചായത്തുകൾ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതിൽ ഓഡിറ്റിന് രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചിട്ടുണ്ട്.<br><br><u>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്</u><br>കൃഷി ഓഫീസർക്ക് ഫയലുകൾ ഹാജരാക്കണമെന്ന് കാണിച്ച് അറിയിപ്പ് നൽകിയെങ്കിലും നാളിതുവരെ ഫയലുകൾ ഹാജരാക്കിയിട്ടില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ കഴൽക്കിണർ നിർമ്മാണം സംബന്ധിച്ച ഫയലുകൾ, അളവ് ബുക്ക് എന്നിവ സംബന്ധിച്ച രേഖകൾ ഓഫീസിൽ ലഭ്യമല്ലെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | <u>പള്ളിവാസൽ ഗ്രാമപഞ്ചായത്ത്</u><br>ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.<br><br><u>സേനാപതി ഗ്രാമപഞ്ചായത്ത്</u><br>2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.5 പ്രകാരമുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് തടസ്സം നിലനിൽക്കുന്നു എന്ന് അറിയിച്ചുകൊള്ളുന്നു.<br>2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.10 (ചെലവ്) പ്രകാരം ജലസേചന പദ്ധതികൾക്ക് സ്ഥലം വിട്ടുകൊടുക്കാൻ ആവശ്യമായ രേഖകൾ ഇല്ലാത്തതിനാൽ 78,268 രൂപ തടസ്സപ്പെടുത്തിയിരുന്നു. ടി സ്ഥലത്തിന് പട്ടയമില്ലാത്തതിനാൽ വില്ലേജാഫീസറിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങാൻ സാധിക്കില്ലായെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.<br><br><u>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്</u><br>2002-03 ഖണ്ഡിക 3.2 പ്രകാരമുള്ള 3,600 രൂപയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അറിയിക്കുന്നു. |

| 1 | 2 |
|---|---|
| <u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u><br>ബന്ധപ്പെട്ട ഫയലുകളും വൗച്ചറുകളും ലഭ്യമല്ലാത്തതിനാൽ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. കെ. വിജയനിൽ നിന്നും റവന്യൂ റിക്കവറിയായി തുക ഈടാക്കുന്നതിനുള്ള നടപടികൾക്കായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും ഫയൽ നമ്പർ ബി. 6-302/14, തീയതി 2-1-2014 നടപടി ആരംഭിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മറ്റു ഫയലുകളെല്ലാം ലോക്കൽ ഫണ്ട് ഓഫീസിൽ ഹാജരാക്കിയിട്ടുള്ള തായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><u>കടയത്തൂർ ഗ്രാമപഞ്ചായത്ത്</u><br>ഓഡിറ്റ് സമയത്ത് കൃഷി ഓഫീസർ ശ്രീമതി റജി എ. വർഗ്ഗീസ് ഫയലുകൾ ഹാജരാക്കാതിരുന്ന തടസ്സം പരിഹരിക്കുന്നതിന് ശ്രീമതി റജി എ. വർഗ്ഗീസിനും ഇപ്പോഴത്തെ കൃഷി ഓഫിസർക്കും കത്ത് നൽകിയിട്ടുള്ളതാണ്. ശ്രീമതി റജി എ. വർഗ്ഗീസിനോട് ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് കടയത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ 30-11-2013, 6-12-2013 തീയതികളിലെ എ 1-81/2013 നമ്പർ പ്രകാരം അറിയിച്ചിട്ടുള്ളതും ആയതിൻപ്രകാരം ശ്രീമതി റജി എ. വർഗ്ഗീസ് 25-4-2014-ൽ ഫയലുകളുമായി ലോക്കൽ ഫണ്ട് ഓഫീസിൽ | <u>2002-03 ഖണ്ഡിക 3.4</u> പ്രകാരമുള്ള 54,250 രൂപയുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തടസ്സം നിലനിൽക്കുന്നു എന്ന് അറിയിച്ചുകൊള്ളുന്നു.<br><u>2002-03 ഖണ്ഡിക 3.6</u> നെടുങ്കണ്ടം പോളിടെക്നിക്കിന് സ്ഥലമെടുപ്പ് പഞ്ചായത്ത് വിഹിതം നൽകിയത് 2,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് ഡി/3321/2013/ 5-12-2013 പ്രകാരം ഹാജരാക്കിയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അറിയിക്കുന്നു.<br><u>2002-03 ഖണ്ഡിക 3.7</u> 30,000 രൂപ കഞ്ചികലയം കോളനിയിലെ കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സം നിലനിൽക്കുന്നു.<br><u>2002-03 ഖണ്ഡിക 3.10</u> 1,16,766 രൂപ വിൽപ്പന നികുതി ഒടുക്കിയതിന്റെ സർട്ടിഫിക്കറ്റ് നെടുങ്കണ്ടം സബ്ട്രഷറി ഓഫീസിൽ നിന്നും ഫോം നമ്പർ 31 എ/ചെലാൻ നമ്പർ 198/ 31-3-2003 പ്രകാരം 0040-00-102-99 ഹെഡിൽ ഒടുക്കിയതായി 6-12-2013-ൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായി അറിയിക്കുന്നു.<br><u>മരിയാപുരം ഗ്രാമപഞ്ചായത്ത്</u><br>തടസ്സതുക 88,656 രൂപയ്ക്ക് ആധാരമായ അനുബന്ധ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തടസ്സം നിലനിൽക്കുന്നു എന്ന് അറിയിക്കുന്നു.<br><u>നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്</u><br>2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, 3.7, 3.11, 3.12, 3.17-ലെ തടസ്സം |

| 1 | 2 |
|---|---|
| ഹാജരായെങ്കിലും, 28-4-2014-ൽ ഫയലുകൾ ഹാജരാക്കിയാൽ മതിയെന്ന് ലോക്കൽ ഫണ്ട് ഓഫീസിൽ നിന്നും അറിയിച്ചതായി ശ്രീമതി റജി എ. വർഗ്ഗീസ് ഈ ഓഫീസിൽ വാക്കാൽ അറിയിച്ചിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><u>കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്</u><br>വൗച്ചറുകൾ ഹാജരാക്കാത്ത വിഷയവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥരായ പി.എച്ച്.സി. മെഡിക്കൽ ഓഫീസറോട്ടും ഐ.സി.ഡി.എസ്. സൂപ്പർവൈസറോട്ടും ടി ഫയലുകളും വൗച്ചറുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കാൻ നേരിട്ടും രേഖാമൂലവും അറിയിപ്പ് നൽകിയിട്ടുണ്ട്. | നീക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല എന്ന് അറിയിച്ചുകൊള്ളുന്നു. മേൽ ഖണ്ഡികകളിലെ ഓഡിറ്റ് തടസ്സം നിലനിൽക്കുന്നു.<br><u>വാത്തിക്കുടി ഗ്രാമപഞ്ചായത്ത്</u><br>2003-04 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6, 3.7-ലെ തടസ്സം തുക യഥാക്രമം 47,135, 16,000 തുക നീക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തടസ്സം നിലനിൽക്കുന്നു.<br><u>രാജാക്കാട് ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.2, 38,208 രൂപ)<br>ഖണ്ഡികയിലെ തടസ്സതുക 38,208 രൂപ ആധാരമായ രേഖകൾ ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.<br><u>കടയത്തൂർ ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.6, 18,000 രൂപ)<br>ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നതിനായി കെ.എസ്.ഇ.ബി.യുടെ തൊടുപുഴ സർക്കിളിൽ 18,000 രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിരുന്നില്ല. എന്നാൽ കടയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30-11-2013-ലെ എ. 1-81/2013 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ നൽകിയ തുക പദ്ധതിക്കായി ചെലവഴിച്ചു എന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.<br><u>ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.3, 2,55,445 രൂപ)<br>തടസ്സപ്പെടുത്തിയിരുന്ന തുകയ്ക്ക് ആധാരമായ കൈപ്പറ്റ് രസീതുകളുടെ പകർപ്പുകൾ, പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുള്ള എഞ്ചിനീയറുടെ |

| 1 | 2 |
|---|---|
| | സാക്ഷ്യപത്രത്തിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ വിശദവിവരം കാണിക്കുന്ന ഫയലുകൾ, അളവ് പുസ്തകം, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br><u>കട്ടപ്പന ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.4, 7,00,000 രൂപ)<br>ഗ്രാമപഞ്ചായത്ത് ഗ്രാമവികസന ബോർഡിലേക്ക് 2003-04 വർഷത്തിൽ വായ്പതുക തിരിച്ചടച്ചതിന്റെ സാക്ഷ്യപത്രം പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. സമിതി നിർദ്ദേശത്തിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാവുന്നതാണ്.<br><u>കട്ടപ്പന ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.6, 66,774 രൂപ)<br>ഖണ്ഡിക പ്രകാരമുള്ള 66,774 രൂപയുടെ തടസ്സത്തിൽ 27,350 രൂപയുടെ രേഖകൾ ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. 39,424 രൂപയുടെ തടസ്സം നിലനിൽക്കുന്നു.<br><u>കട്ടപ്പന ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.12, 50,160 രൂപ)<br>ഇലക്ട്രിസിറ്റി ബോർഡിൽ അടച്ച രൂപ 50,160-ന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. തടസ്സം തുടരുന്നു.<br><u>കടയത്തൂർ ഗ്രാമപഞ്ചായത്ത്</u><br>(2004-05 ഖണ്ഡിക 3.2, 6,000 രൂപ)<br>കൈപ്പറ്റ് രസീത് ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.<br><u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u><br>(2002-03 ഖണ്ഡിക 3.8, 1,06,168 രൂപ)<br>തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. |

| 1 | 2 |
| --- | --- |
| | <u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.2, 5,45,691 രൂപ)<br>5,45,691 രൂപയുടെ ഓഡിറ്റ് തടസ്സത്തിൽ 21,000 രൂപയുടെ തടസ്സം ഒഴിവാക്കാവുന്നതാണ്. ബാക്കി 5,24,691 രൂപയുടെ ഓഡിറ്റ് തടസ്സം നിലനിൽക്കുന്നു.<br><u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.1, 13,600 രൂപ)<br>മോട്ടോർ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. തടസ്സം നിലനിൽക്കുന്നു.<br><u>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്</u><br>(2002-03, ഖണ്ഡിക 3.15, 12,70,694 രൂപ)<br><u>ക്രമനമ്പർ 1</u>: 7,25,455 രൂപയുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. 91,186 രൂപയുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയി ട്ടില്ല.<br><u>ക്രമനമ്പർ 2</u>: 53,000 രൂപയുടെ ഫയലുകളും വൗച്ചറുകളും ഹാജരാക്കിയിട്ടുണ്ട്. 1,91,054 രൂപയുടെ ചെലവിന് ആധാരമായ ഫയലുകളും വൗച്ചറുകളും ഹാജരാക്കിയിട്ടില്ല.<br><u>ക്രമനമ്പർ 3</u>: വി.ഇ.ഒ. കാഞ്ചിയാറിന്റെ 2,00,000 രൂപ ഓഡിറ്റ് തടസ്സത്തിൽ പ്രോജക്ട് നമ്പർ 42/03 കുടുംബശ്രീ ചെറുകിട വ്യവസായങ്ങൾ എന്ന പദ്ധതി പ്രകാരം 17,50,000 രൂപ അടങ്കലുള്ള പദ്ധതിയിൽ 12,500 രൂപ പരിശീലനത്തിനും 17,37,500 രൂപ ആസ്തി സൃഷ്ടിക്കലിനുമായിരുന്നു.<br>എന്നാൽ 37,400 രൂപ ട്രെയിനിംഗിനായി ചെലവഴിച്ചതായും ആസ്തി ഒന്നും സൃഷ്ടിച്ചതായും കാണുന്നില്ല. 37,400 രൂപ പാഴ്ചെലവായി മാറിയിരിക്കുകയാണ്. ഈ ഇനത്തിൽ 24,900 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. |

| 1 | 2 |
|---|---|
| | വി.ഇ.ഒ. കാഞ്ചിയാർ പിൻവലിച്ച 2,00,000 രൂപ 6-2-2003-ൽ ട്രഷറി അക്കൗണ്ടിൽ നിക്ഷേപി ക്കുകയും ചെലവഴിച്ച 37,400 രൂപ ഒഴികെ ട്രഷറി പ്ലാൻ . പി.ഡി. അക്കൗണ്ടിൽ നീക്കിയിരിപ്പായും കാണുന്നുണ്ട്. ഖണ്ഡിക 3.15 പ്രകാരം 2,82,240 രൂപയുടെ ചെലവ് സംബന്ധിച്ച ഫയലുകൾ ഹാജരാക്കാനുണ്ട്.<br>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്<br>(2002-03 ഖണ്ഡിക 3.13, 5,19,418 രൂപ)<br>കൃഷി ഓഫീസർ ഫയലുകൾ നാളിതുവരെ ഹാജരാക്കി യിട്ടില്ലാത്തതിനാൽ തടസ്സം നിലനിൽക്കുന്നു.<br>കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്<br>(2003-04 ഖണ്ഡിക 3.11(2), 42,295 രൂപ)<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഫയലുകളും അനുബന്ധരേഖകളും നാളിതുവരെ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തടസ്സം നിലനിൽക്കുന്നു.<br>കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്<br>(2003-04 ഖണ്ഡിക 3.12, 16,050 രൂപ)<br>മെഡിക്കൽ ഓഫീസർ വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണ്.<br>വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്<br>(2004-05 ഖണ്ഡിക 3.3, 8,235 രൂപ, 2004-05 ഖണ്ഡിക 3.7, 5,02,292 രൂപ)<br>തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്<br>(2002-03 ഖണ്ഡിക 3.10, 1,00,000 രൂപ)<br>മൃഗാശുപത്രിക്ക് കെട്ടിടം പണിയുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും 5,00,000 രൂപ |

| 1 | 2 |
|---|---|
| | അനുവദിച്ചിരുന്നു. അതനുസരിച്ച് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് ശ്രീ. എം. കെ. ഇബ്രാഹിമിനെ കൺവീനറായി തെരഞ്ഞെടുത്ത് ടിയാന് 1,00,000 രൂപ മുൻകൂറായി നൽകുകയും ചെയ്തു. ഹെൽത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണം പുരോഗമിച്ചവരവെ അനധികൃത നിർമ്മാണം സംബന്ധിച്ച് പരാതി നൽകുകയും ആയതിൻ പ്രകാരം പണി നിർത്തിവയ്ക്കുകയും ചെയ്തു. 12-6-2013-ലെ സ.ഉ. (എംഎസ്.)186/03 പ്രകാരം വണ്ണപ്പുറം വില്ലേജ് സർവ്വേ നമ്പർ 1478/1/എ-യിൽ ഉൾപ്പെട്ട 5.46 ആർ. സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ട്. എന്നാൽ ഇത് പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തി യിട്ടുണ്ടോ എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.<br>കെട്ടിടനിർമ്മാണം പുനരാരംഭിക്കാത്തത് സംബന്ധിച്ച് കൺവീനറും ഗ്രാമപഞ്ചായത്തും തമ്മിലുള്ള കേസിൽ അടിത്തറ നിർമ്മാണത്തിനായി കൺവീനർക്ക് ചെലവായ 57,486 രൂപ കിഴിച്ച് ബാക്കി 42,514 രൂപ 12% പലിശസഹിതം ഈടാക്കുവാൻ 10-11-2005-ലെ OS36/2005 പ്രകാരം ഉത്തരവുണ്ടെങ്കിലും തുക ഒടുക്കിയതായി കാണുന്നില്ല. കെട്ടിടനിർമ്മാണം തുടർന്നു നടത്തിയതിന്റെ രേഖകൾ, അളവുപുസ്തകം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്ന് അറിയിക്കുന്നു.<br><u>വണ്ടൻമേട് ഗ്രാമപഞ്ചായത്ത്</u><br>(2003-04 ഖണ്ഡിക 3.14, 10,80,165 രൂപ)<br>90,175 രൂപയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. 9,89,990 രൂപയുടെ ചെലവിന് ആധാരമായ ഫയലുകളും വൗച്ചറുകളും കൈപ്പറ്റ് രസീതുകളും ഹാജരാക്കാൻ അവശേഷിക്കുന്നു. |

| 1 | 2 |
|---|---|
| | കടയത്തൂർ ഗ്രാമപഞ്ചായത്ത്<br>(2004-05 ഖണ്ഡിക 3.10, 5,844 രൂപ)<br>കൃഷി ഓഫീസർ വൗച്ചറുകൾ ഹാജരാക്കിയതിൽ താഴെപ്പറയുന്ന അഭിപ്രായം അറിയിക്കുന്നു. താഴെപ്പറയുന്ന ഗുണഭോക്താക്കൾക്കാണ് കല്ല്, കയ്യാല, മഴക്കുഴി എന്നീ പദ്ധതികൾക്കായി തുക നൽകിയത്:<br>(1) ശ്രീ. വി. എം. മാത്യു<br>(2) ശ്രീ. കെ. പി. സത്യദേവൻ<br>(3) ശ്രീ. വർഗ്ഗീസ് വർക്കി<br>(4) ശ്രീ. സെബാസ്റ്റ്യൻ<br>ശ്രീ. കെ. പി. സത്യദേവൻ എന്നയാൾക്ക് 920 രൂപ നൽകുവാനാണ് കൃഷി ഓഫീസർ അനുമതി നൽകിയിരുന്നത്. എന്നാൽ 1,500 രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 580 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കാവുന്നത്. തുക നൽകിയതിന്റെ വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താവ് തുക കൈപ്പറ്റിയതിന്റെ രസീത്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചുകൊള്ളുന്നു. |

**നിഗമനങ്ങൾ/ശിപാർശകൾ**

44. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്ത ഗുരുതരമായ അവസ്ഥ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി ഹാജരാക്കാത്തതിനാൽ ഓഡിറ്റിംഗ് സുഗമമായി നടത്താൻ കഴിയാതെ വരികയും അഴിമതിയും ക്രമക്കേടുകളും കണ്ടെത്താനാകാതെ വരുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു. കമ്പ്യൂട്ടർവല്ക്കരണത്തോടെ ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാലും**

ഇക്കാര്യത്തിൽ തികച്ചും കുറ്റമറ്റ സംവിധാനം നിലവിൽ വന്നതായി സമിതി വിശ്വസിക്കുന്നില്ല. ആയതിനാൽ രേഖകളും രജിസ്റ്ററുകളും ചട്ടങ്ങൾ അനുശാസിക്കുംപ്രകാരം സൂക്ഷിക്കുന്നതിനുള്ള ആത്മാർത്ഥമായ പ്രയത്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മേൽ ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള സംഗതികളിന്മേൽ താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നു:

## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

45. പരാമർശവിധേയമായ ഫയലുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## സേനാപതി ഗ്രാമപഞ്ചായത്ത്

46. 2002-03 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.5-ൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

47. 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 2.10-ൽ ടി സ്ഥലത്തിന് പട്ടയമില്ലാത്തതിനാൽ വില്ലേജാഫീസറിൽ നിന്നും സാക്ഷ്യപെടുത്തി വാങ്ങാൻ സാധിക്കില്ലായെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

48. 2002-03-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2-ൽ പരാമർശവിധേയമായ 3,600 രൂപയുടെ കൈപ്പറ്റ് രസീത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

49. ഖണ്ഡിക 3.4-ൽ പരാമർശിച്ചിട്ടുള്ള 54,250 രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

50. ഖണ്ഡിക 3.6-ൽ പരാമർശിച്ചിട്ടുള്ള നെടുങ്കണ്ടം പോളിടെക്നിക്കിന് സ്ഥലമെടുപ്പിന് ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

51. ഖണ്ഡിക 3.7-ൽ പരാമർശിച്ചിരിക്കുന്ന കഞ്ചികലയം കോളനിയിലെ കുഴൽക്കിണർ നിർമ്മാണത്തിന് 30,000 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

52. ഖണ്ഡിക 3.10-ൽ പരാമർശവിധേയമായ വില്പന നികുതിയിനത്തിലെ തുകയായ 1,16,766 രൂപ ഒടുക്കിയതിന്റെ സാക്ഷ്യപത്രം പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്യുതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## മരിയാപുരം ഗ്രാമപഞ്ചായത്ത്

53. 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4-ൽ പരാമർശവിധേയമായ 88,656 രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിരിക്കുന്നു.

## നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

54. 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, 3.7, 3.11, 3.12, 3.17 എന്നിവയിലെ പരാമർശങ്ങളുമായി ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

55. 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6, 3.7 എന്നീ ഖണ്ഡികകളിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 47,135 രൂപ, 16,000 രൂപ എന്നീ തുകകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## രാജാക്കാട് ഗ്രാമപഞ്ചായത്ത്

56. 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2-ൽ തടസ്സതുകയായ 38,308 രൂപയുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയത് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കടയത്തൂർ ഗ്രാമപഞ്ചായത്ത്

57. 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6-ൽ പരാമർശവിധേയമായ നിക്ഷേപ വേലകൾക്കായി കെ.എസ്.ഇ.ബി. തൊടുപുഴ സർക്കിളിൽ 18,000 രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീതുകളും വിനിയോഗ സാക്ഷ്യപത്രവും

ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിച്ച എന്ന അസി. എഞ്ചിനീയറുടെ കത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

58. 2004-05-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കടയത്തൂർ ഗ്രാമപഞ്ചായത്ത്

59. 2004-05-ലെ ഓഡിറ്റ് ഖണ്ഡിക 3.10-ൽ പരാമർശവിധേയമായ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീത്, ഗുണഭോക്തൃ ലിസ്റ്റ് മുതലായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തണം എന്ന് നിർദ്ദേശിക്കുന്നതോടൊപ്പം തുക നൽകിയതിന്റെ വൗച്ചറുകൾ ഹാജരാക്കിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

60. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.3-ലെ ഓഡിറ്റ് പരാമർശവിധേയമായ ചെലവാക്കിയ തുകയുടെ കൈപ്പറ്റ് രസീതുകളുടെ പകർപ്പും എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കട്ടപ്പന ഗ്രാമപഞ്ചായത്ത്

61. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.4-ൽ പരാമർശ തുകയായ 7,00,000 രൂപ ഗ്രാമവികസന ബോർഡിലേക്ക് തിരിച്ചടച്ചതിന്റെ സാക്ഷ്യപത്രം ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.6-ൽ 66,774 രൂപയുടെ തടസ്സത്തിന്മേൽ നിലവിൽ അവശേഷിക്കുന്ന 39,424 രൂപയുടെ വൗച്ചറുകളും രേഖകളും ഓഡിറ്റിന് ഹാജരാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

62. 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.8-ൽ പരാമർശിച്ചിട്ടുള്ള 1,06,168 രൂപ തിരികെ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

63. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.2-ൽ പരാമർശവിധേയമായ 5,45,691 രൂപ യിൽ 21,000 രൂപയുടെ തടസ്സം നീക്കാനും 5,24,691 രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

64. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.1-ൽ 13,600 രൂപയുടെ മോട്ടോർ വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു.

65. 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.15-ൽ ക്രമനമ്പർ 1-ൽ പരാമർശ വിധേയമായ 12,70,694 രൂപയിൽ 7,25,455 രൂപയുടെയും ക്രമനമ്പർ 2-ലെ 53,000 രൂപ യുടെയും വിനിയോഗ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയ്ക്കുള്ള ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ആയതിൽ രേഖകൾ ഹാജരാക്കാൻ അവശേഷിക്കുന്ന യഥാക്രമം 91,186, 1,91,054 എന്നീ തുകകളുടെ വിനിയോഗം സംബന്ധിച്ചുള്ള ഫയലുകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

66. ക്രമനമ്പർ 3-ൽ 17,50,000 രൂപയുടെ പദ്ധതിക്ക് 2,00,000 രൂപ പിൻവലിച്ചതും 12,500 രൂപ ചെലവാകുന്ന പരിശീലന പരിപാടിക്ക് 37,400 രൂപ ചെലവഴിച്ചതും പദ്ധതി പ്രകാരമുള്ള ആസ്തി സൃഷ്ടിക്കാതെ പണം ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചതും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള തുക പിന്നീട് വിനിയോഗിച്ചിട്ടുണ്ടോ എന്നും എങ്കിൽ എങ്ങനെയാണ് വിനിയോഗിച്ചതെന്നും അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തുക ഇപ്പോഴും അതേ അക്കൗണ്ടിൽ അവശേഷിക്കു ന്നുണ്ടെങ്കിൽ പദ്ധതിയുടെ ആവശ്യത്തിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ചട്ടപ്രകാരം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു. പരിശീലനത്തിനായി അധികം ചെലവിട്ട തുകയായ 24,900 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

## വണ്ടപ്പുറം ഗ്രാമപഞ്ചായത്ത്

67. 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.13-ൽ പരാമർശിച്ചിട്ടുള്ള 5,19,418 രൂപ ചെലവഴിച്ചതു സംബന്ധിച്ച രേഖകൾ അടിയന്തരമായി ഹാജരാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാനും അതിൽ വീഴ്ചവരുത്തുന്നപക്ഷം ടിയാന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മതിയായ രേഖകളില്ലാതെയോ ക്രമവിരുദ്ധമായോ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ടി തുക ഉത്തരവാദികളായവരിൽനിന്ന് ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

68. 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.10-ൽ പരാമർശിച്ചിട്ടുള്ള മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി കിട്ടിയ 5.46 ആർ. സ്ഥലം പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുവാനും കൺവീനറിൽ നിന്നും തിരിച്ചീടാക്കുവാനുള്ള 42,514 രൂപ 12% പലിശസഹിതം ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കെട്ടിട നിർമ്മാണം പൂർത്തിയായതു സംബന്ധിച്ചുള്ള റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

69. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.12-ൽ പരാമർശവിധേയമായ 16,050 രൂപയുടെ വിനിയോഗം സംബന്ധിച്ച വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

70. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.11(2)-ലെ 42,295 രൂപ ചെലവഴിച്ച ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥനിൽനിന്നും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടാനും അവ സമർപ്പിക്കാത്തപക്ഷം പ്രസ്തുത തുക ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

71. 2004-05-ലെ ഓഡിറ്റ് ഖണ്ഡിക 3.3-ലെ പരാമർശത്തുകയായ 8,235 രൂപ, ഖണ്ഡിക 3.7-ൽ പരാമർശിച്ചിട്ടുള്ള 5,02,292 രൂപ എന്നിവയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## വണ്ടൻമേട് ഗ്രാമപഞ്ചായത്ത്

72. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.14-ലെ പരാമർശവിധേയമായ 10,80,165 രൂപയിൽ കേവലം 90,175 രൂപയുടെ വിനിയോഗ വിവരങ്ങൾ മാത്രമേ ഹാജരാക്കിയിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന 9,89,990 രൂപയുടെ വിനിയോഗം സംബന്ധിച്ച ഫയലുകളും വൗച്ചറുകളും കൈപ്പറ്റ് രസീതുകളും ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല**

പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം നിയമപരമായി എഴുതേണ്ടതായ രജിസ്റ്ററുകൾ എഴുതാത്തത് വ്യാപകമാണ്. ആയതുകൊണ്ട് സ്ഥാപനങ്ങളിലെ ധനവിനിയോഗത്തിന് കൃത്യമായ കണക്കില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടുതൽ

സ്ഥാപനങ്ങളും ക്യാഷ് ബുക്ക്, വരവ്-ചെലവ് രജിസ്റ്ററുകൾ എന്നിവ ശരിയാംവണ്ണം എഴുതുന്നതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു:

| | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക |
|---|---|---|---|
| 1 | മൂന്നാർ ഗ്രാമപഞ്ചായത്ത് | 2002-03 | 2.1 |
| 2 | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | 2002-03 | 2.2 |
| 3 | ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | 2003-04 | 2.1 |
| 4 | ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | 2004-05 | 2.2 |
| 5 | ഉപ്പുതറ ഗ്രാമപഞ്ചായത്ത് | 2003-04 | 2.1 |
| 6 | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | 2003-04 | 2.1 |
| 7 | സേനാപതി ഗ്രാമപഞ്ചായത്ത് (ചെലവ്) | 2002-03 | 2.2 |
| 8 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | 2002-03 | 2.2 |
| 9 | മരിയാപുരം ഗ്രാമപഞ്ചായത്ത് | 2003-04 | 2.1 |
| 10 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 2003-04 | 2.1 |
| 11 | രാജാക്കാട് ഗ്രാമപഞ്ചായത്ത് | 2003-04 | 2.1 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓ. ഖ. നമ്പർ 3.35.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം നിയമപരമായി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഇപ്പോൾ ഇടുക്കി ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതുകൊണ്ട് കൃത്യമായ വരവ്-ചെലവ് കണക്കുകളും ക്യാഷ് ബുക്കും ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ടെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

74. ഓഡിറ്റ് പരാമർശം സംബന്ധിച്ച് അപാകതകൾ പരിഹരിച്ചത് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

75.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| മൂന്നാർ, കാന്തല്ലൂർ, ശാന്തൻപാറ, ഇടുക്കി-കഞ്ഞിക്കുഴി, ഉപ്പുതറ, വണ്ടിപ്പെരിയാർ, സേനാപതി, ഉടുമ്പൻചോല, മരിയാപുരം, നെടുങ്കണ്ടം, രാജാക്കാട് എന്നീ ഗ്രാമപഞ്ചായത്തുകൾ നിയമപരമായ രജിസ്റ്ററുകൾ എഴുതിയത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | മൂന്നാർ, ശാന്തൻപാറ, ഉപ്പുതറ, വണ്ടിപ്പെരിയാർ, സേനാപതി, നെടുങ്കണ്ടം, രാജാക്കാട് എന്നീ ഗ്രാമപഞ്ചായത്തുകൾ രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് 31-11-2006-ന് ശേഷമുള്ള ക്യാഷ് ബുക്ക്, ചെലവ് രജിസ്റ്റർ എന്നിവ എഴുതി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വരവ് രജിസ്റ്റർ എഴുതി പൂർത്തിയാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br><u>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്</u><br>രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. ബാങ്ക് പാസ് ബുക്കിൽ വ്യത്യാസവും തിരിച്ചറിയാത്ത 87,794 രൂപയുടെ വരവുകൾ ഉള്ളതായി കാണപ്പെട്ടു. അപാകതകൾ പരിഹരിച്ചിട്ടില്ല എന്ന് അറിയിക്കുന്നു.<br><u>മരിയാപുരം ഗ്രാമപഞ്ചായത്ത്</u><br>വരവ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 2004-05, 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.<br><u>കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്</u><br>രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. |

## നിഗമനങ്ങൾ/ശിപാർശകൾ

76. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖകളും രജിസ്റ്ററുകളും കൃത്യമല്ലാത്ത അവസ്ഥയ്ക്ക് പരിഹാരമായിട്ടാണ് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായമായ സാംഖ്യ സോഫ്റ്റ്‌വെയർ നിലവിൽവന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതിയും വരവ്-ചെലവ് കണക്കുകളും കൃത്യമായി അറിയുന്നതിന് ഉപയുക്തമായ രീതിയിലാണ് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം രൂപപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതനുസരിച്ച് ക്യാഷ് ബുക്ക്, വരവ്-ചെലവ് രജിസ്റ്റർ തുടങ്ങിയവ എഴുതി പരിപാലിക്കുന്നതിൽ ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

77. മൂന്നാർ, ശാന്തൻപാറ, ഉപ്പുതറ, വണ്ടിപ്പെരിയാർ, സേനാപതി, നെടുങ്കണ്ടം, രാജാക്കാട് എന്നീ ഗ്രാമപഞ്ചായത്തുകൾ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി ഓഡിറ്റിന് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

78. രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

79. രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചും പാസ് ബുക്കിൽ കാണപ്പെടുന്ന ബാക്കി തുകയായ 87,794 രൂപ സംബന്ധിച്ച അവ്യക്തത പരിഹരിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

## മരിയാപുരം ഗ്രാമപഞ്ചായത്ത്

80. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

## കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

81. രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തെരുവ് വിളക്ക് സ്ഥാപിക്കൽ—പദ്ധതി ലക്ഷ്യം നേടാത്തത്—ചെലവ് തടസ്സം**

**(ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 3.6)**

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കരിമണ്ണൂർ സ്റ്റേ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 1,090 രൂപ നിരക്കിൽ സൂര്യ കമ്പനിയുടെ 1 വർഷം ഗ്യാരണ്ടിയുള്ള 64 ലാമ്പുകൾ വാങ്ങിയെങ്കിലും അവ സ്ഥാപിച്ചതായി കാണുന്നില്ല. എങ്കിലും അവ സ്റ്റോക്ക് രജിസ്റ്റർ 1/94-95, പേജ് 153 പ്രകാരം സ്റ്റോക്കിൽ ഉണ്ട്. 30-3-2004-ൽ വാങ്ങിയ ലാമ്പുകളുടെ ഗ്യാരണ്ടി കാലാവധി 30-3-2005-ൽ അവസാനിച്ചതുകൊണ്ട് കമ്പനിക്ക് ടി കാര്യത്തിൽ ഇനി ബാധ്യതയുമില്ല. ടി പ്രവൃത്തിയുടെ കാര്യത്തിൽ കെ. എസ്. ഇ. ബി.യെക്കൊണ്ട് എസ്റ്റിമേറ്റ് എടുപ്പിക്കുകയോ വാങ്ങിയ വിളക്കുകളുടെ ഗുണനിലവാരം പരിശോധിപ്പിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിപ്പണം മുടക്കി വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കാതെ സൂക്ഷിക്കുന്നതുകൊണ്ട് ഇതൊരു പാഴ്ചെലവായി കാണുന്നു. 69,760 രൂപ (ചെക്ക് നമ്പർ 445800/31-3-2004) തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്, ഓ. ഖ. നമ്പർ 3.36.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് വാങ്ങിയ സി. എഫ്. വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തെങ്കിലും അവ സ്ഥാപിക്കാതിരുന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത സി. എഫ്. വിളക്കുകൾ 10-4-2007 മുതൽ 18-4-2007 വരെയുള്ള തീയതികളിൽ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ കൈപ്പറ്റിയതായും എല്ലാ വാർഡുകളിലുമായി സ്ഥാപിച്ചതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു.

83. 2004-ൽ വാങ്ങിയ സി. എഫ്. വിളക്കുകളുടെ വിവരങ്ങൾ 2003-ലെ ഓഡിറ്റ് പരാമർശത്തിലെങ്ങനെയാണ് വന്നതെന്ന് ആരാഞ്ഞതിന്, പ്രസ്തുത വിഷയം 2005-ലാണ് ഓഡിറ്റ് നടന്നതെന്നും തദവസരത്തിൽ വിളക്കുകൾ പഞ്ചായത്തിൽത്തന്നെ സൂക്ഷിക്കുകയായിരുന്നുവെന്നും പഞ്ചായത്ത് കെ.എസ്.ഇ.ബി.-ക്ക് പണം അടച്ചതിനുശേഷം

2007 ഏപ്രിൽ മാസം തെരുവ് വിളക്കുകൾ സ്ഥാപിച്ചെന്നും കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

84. ഓഡിറ്റ് വേളകളിൽ ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും സമർപ്പിക്കാത്തതാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് നിരീക്ഷിച്ച സമിതി രേഖകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കണമെന്നും അല്ലെങ്കിൽ നടപടി സ്വീകരിക്കുമെന്ന് കർശന നിർദ്ദേശം എല്ലാ പഞ്ചായത്തുകൾക്കും നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**85. ഓഡിറ്റിന് യഥാസമയം രേഖകൾ ഹാജരാക്കുന്നതിൽ വന്ന വീഴ്ചയാണ് മേൽപരാമർശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടാൻ കാരണമായതെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാസമയം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെന്നും അതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വൈദ്യുതി ബോർഡിൽ പണമടച്ച് എല്ലാ വാർഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി കരിമണ്ണൂർ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചത് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ വാങ്ങൽ 54,536 രൂപ നിരാകരിക്കുന്നു**

**(ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക : 3.3)**

കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ 2003-04 വർഷത്തിൽ വനിതാ കമ്പ്യൂട്ടർ പരിശീലനം എന്ന പദ്ധതിയിൻകീഴിൽ കോതമംഗലം സൈറസ് കമ്പ്യൂട്ടേഴ്സിൽ നിന്നും സി. സി. 1097, 22-3-2004 പ്രകാരം 1,95,736 രൂപയുടെ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. (ചെക്ക് നമ്പർ 356799/29-3-2004) ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു:

(1) പദ്ധതിക്കുവേണ്ടി 29-3-2004-ൽ മേൽ സാധനങ്ങൾ വാങ്ങിയെങ്കിലും പരിശീലന പരിപാടികൾ ഒന്നും നടത്തിയിട്ടില്ല. സാധനങ്ങൾ വാങ്ങുന്നതിനുമുമ്പ് പദ്ധതി നടത്തിപ്പിനുള്ള സാധ്യത വിലയിരുത്തിയിട്ടില്ല. ഈ മേഖലയിലെ ഔദ്യോഗിക/ സാങ്കേതിക പരിജ്ഞാനമുള്ള വിദഗ്ദ്ധരെക്കൊണ്ട് ആധികാരികമായി ഗുണനിലവാരവും

സാധ്യതയും സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. പദ്ധതി നടപ്പിലാക്കാത്തതുകൊണ്ട് ഇതൊരു പാഴ്ചെലവായി മാറി.

(2) സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

(3) ഓഡിറ്റ് സമയത്ത് നടത്തിയ നേരിട്ടുള്ള പരിശോധനയിൽ ക്യാഷ് ബിൽ പ്രകാരം വാങ്ങിയ സാധനങ്ങളിൽ കുറവ് കാണപ്പെട്ടു കുറവുവന്ന സാധനങ്ങളുടെ വിലയായ 54,536 രൂപ നഷ്ടമായി കണക്കാക്കുന്നു. നിലവിൽ ഉള്ളതായ സാധനങ്ങൾ തികച്ചും ഉപയോഗശൂന്യവും പ്രവർത്തനരഹിതവുമായി നശിച്ചുകൊണ്ടിരിക്കുന്നു. ഈവിധം പൊതുമുതൽ ദുർവിനിയോഗം ചെയ്തു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വിശദീകരണം നൽകേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓ. ഖ. നമ്പർ 3.37.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

86. വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന പദ്ധതിക്കായി 1,95,736 രൂപയുടെ സാധനങ്ങൾ വാങ്ങിയെങ്കിലും പരിശീലന പരിപാടി നടത്തിയിട്ടില്ലെന്നും 54,536 രൂപയുടെ സാധനങ്ങൾ കുറവുകാണുന്നതായും ഉപകരണങ്ങൾ ഉപയോഗശൂന്യവും പ്രവർത്തനരഹിതവുമായി നശിച്ചുകൊണ്ടിരിക്കുകയാണെന്നുമുള്ള പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പഞ്ചായത്തിന് നഷ്ടംവന്ന തുകയായ 54,536 രൂപ തിരിച്ചടയ്ക്കണമെന്ന് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും യഥാർത്ഥ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരെന്ന് നിർണ്ണയിക്കാൻ സാധിച്ചിട്ടില്ലെന്നും ഭരണ വകുപ്പുതന്നെ പ്രസ്തുത ഉദ്യോഗസ്ഥനെ നിർണ്ണയിക്കണമെന്നു കാണിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഒരു ശുദ്ധിപത്രം പുറപ്പെടുവിച്ചിരുന്നെന്നും ടിയാളാരാണെന്ന് ഇതുവരെ നിർണ്ണയിച്ചിട്ടില്ലെന്നും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു ഉത്തരവാദിയാരാണെന്ന് നിർണ്ണയിക്കേണ്ട പഞ്ചായത്ത് വകുപ്പ് ആയത് നിർവ്വഹിക്കാത്തതിനുള്ള കാരണമാരാഞ്ഞതിന് പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ഉത്തരവാദിയായ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിക്ക് നോട്ടീസ് നൽകിയപ്പോൾ ചട്ടപ്രകാരം ബാധ്യത ചുമത്തേണ്ട ഉദ്യോഗസ്ഥൻ ബാധ്യത ചുമത്തിയിട്ടില്ലാത്തതിനാൽ തുക അടയ്ക്കാൻ താൻ ബാധ്യസ്ഥനല്ലെന്നുള്ള മറുപടിയാണ് ടിയാൻ നൽകിയിട്ടുള്ളതെന്നും ആയതിനാൽ ആർ. ആർ. നടപടിയിലൂടെ തുക ഈടാക്കുന്നതിനായി ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചതായി അറിയില്ലെന്നും പഞ്ചായത്ത് ഡയറക്ടർ വിശദീകരിച്ചു

87. കമ്പ്യൂട്ടർ പരിശീലനം നടത്താതിരുന്നതിന്റെ കാരണം ആരാഞ്ഞതിന്, കമ്പ്യൂട്ടർ പരിശീലനം നടന്നിട്ടുണ്ടെന്നും താൻ സെക്രട്ടറിയായിരുന്ന കാലത്താണ് കമ്പ്യൂട്ടർ വാങ്ങിയതെന്നും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. കമ്പ്യൂട്ടർ പരിശീലനം നടത്തിയതിന് എന്തെങ്കിലും രേഖയുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചാൽ ആയത് ബോദ്ധ്യമാകുമെന്ന് കാഞ്ചിയാർ മുൻ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്തുകൊണ്ടാണ് വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതിരുന്നതെന്ന സമിതിയുടെ ചോദ്യത്തിന് അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് സമർപ്പിച്ചിരുന്നെന്നും മുൻ സെക്രട്ടറി മറുപടി പറഞ്ഞു. മുൻ സെക്രട്ടറി പറഞ്ഞത് ശരിയാണോ എന്നും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് സമർപ്പിച്ചിരുന്നോ എന്നും സമിതി ആരാഞ്ഞതിന്, കമ്പ്യൂട്ടർ പരിശീലനം നടത്തിയതായി കൃത്യമായി അറിയില്ലെന്നും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് സമർപ്പിച്ചതായി ഓഡിറ്റ് പരാമർശത്തിൽ കാണുന്നില്ലെന്നും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

88. മുൻ സെക്രട്ടറിയിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും 2011-ലെ സെക്രട്ടറി ആരായിരുന്നുവെന്നും സമിതി ആരാഞ്ഞതിന്, 2011-ലെ സെക്രട്ടറി താനല്ലായിരുന്നുവെന്നും അങ്ങനെയൊരു തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തതായി അറിയില്ലെന്നും മുൻ സെക്രട്ടറി ഒരു മറുപടി കൊടുത്തതായി അറിയാമെന്നും കാഞ്ചിയാർ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

89. മുൻ സെക്രട്ടറി ശ്രീ. പി. കെ. വിജയനിൽ നിന്നും ആർ. ആർ. നടപടിവഴി തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 28-2-2011-ൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും ആർ. ആർ. നടപടി ഓൺലൈനായി തീർന്നതിനെ തുടർന്ന് ആർ. ആർ. വെബ്സൈറ്റിൽ പ്രവേശിക്കുന്നതിന് ആവശ്യമായ യൂസർ ഐ. ഡി.യും പാസ്‌വേർഡും പരിശോധനാ തീയതിയായ 11-6-2012-ൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലായെന്നും ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 20-12-2011-ൽ ഇടുക്കി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയെങ്കിലും മറുപടി ലഭിച്ചില്ലായെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചു എന്നതാണ് നിലവിലെ സ്ഥിതിയെന്നും സമിതി വിലയിരുത്തി.

90. കമ്പ്യൂട്ടർ വാങ്ങിയില്ലെങ്കിൽ മാത്രം സ്വീകരിക്കേണ്ട നടപടികളാണിതെന്നും 2003-04-ൽ കമ്പ്യൂട്ടർ വാങ്ങുകയും പരിശീലനം നൽകുകയും ചെയ്തതാണെന്നും കാഞ്ചിയാർ മുൻ പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി. പഞ്ചായത്ത് ഭരണസമിതി ഇതൊന്നും അറിഞ്ഞില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് അറിഞ്ഞിട്ടുണ്ടെന്നും പ്രസ്തുത വിവരങ്ങൾ പഞ്ചായത്തിന്റെ മിനിട്സിലുണ്ടെന്നും വരവ് ചെലവുകൾ അംഗീകരിച്ച് ഭരണ-സാങ്കേതികാനുമതികൾ നല്കിയിട്ടുണ്ടെന്നും മുൻ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

91. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പദ്ധതി പ്രകാരം കമ്പ്യൂട്ടർ വാങ്ങിയെന്നും പരിശീലനം നൽകിയെന്നും ആയത് സംബന്ധിച്ച് ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടുണ്ടെന്നും അവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നുമുള്ള പദ്ധതി നിർവ്വഹണകാലത്തെ സെക്രട്ടറിയുടെയും അതിന് വിരുദ്ധമായിട്ടുള്ള നിലവിലെ സെക്രട്ടറിയുടെയും മറുപടിയുടെ വെളിച്ചത്തിൽ ആയതിന്റെ നിജസ്ഥിതി അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു

സമിതി നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

92.

| സർക്കാർ സ്വീകരിച്ച നടപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ് |
|---|---|
| ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07 ഖണ്ഡിക 3.37.1-ൽ പരാമർശിക്കുന്ന അപാകതകൾ സംബന്ധിച്ച് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം) 20-12-2012-ൽ ഗ്രാമപഞ്ചായത്തിൽ പരിശോധന നടത്തി. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പദ്ധതി പ്രകാരം കമ്പ്യൂട്ടർ വാങ്ങിയെന്നും പരിശീലനം നൽകിയെന്നും മുൻ സെക്രട്ടറി സമിതി മുമ്പാകെ ഹാജരായി നൽകിയ അപേക്ഷ നിലനിൽക്കുന്നതല്ലെന്നും നിലവിലെ സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്നും കണ്ടെത്തിയിട്ടുണ്ട്. കമ്പ്യൂട്ടർ വാങ്ങി സ്റ്റോക്കിൽ എടുത്ത് സൂക്ഷിക്കുകയോ ഗ്രാമപഞ്ചായത്തിന് കൈമാറുകയോ ചെയ്തതായി കണ്ടെത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് കമ്പ്യൂട്ടർ വാങ്ങിയ വകയിൽ നഷ്ടംവന്ന 54,536 രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. കെ. വിജയനിൽ നിന്നും ഈടാക്കാൻ നിലവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുള്ളതും റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. | റവന്യൂ റിക്കവറി നടപടികളുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുന്നതിന് കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ നിന്നും 14-8-2014-ൽ എ 3-6625/13 നമ്പരായി ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷയ്ക്ക് ബന്ധപ്പെട്ട കക്ഷിക്ക് പബ്ലിക് അക്കൗണ്ട്സ് ആക്ട് പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് കുമാരമംഗലം വില്ലേജ് ഓഫീസർക്ക് അയച്ചുവെങ്കിലും ടി കക്ഷി വില്ലേജിന്റെ പരിധിയിലല്ല എന്ന് കാണിച്ച് വില്ലേജ് ഓഫീസർ നോട്ടീസ് തിരികെ അയച്ചതായും തുടർന്ന് കക്ഷിക്ക് നേരിട്ട് രജിസ്റ്റേർഡ് അയച്ചതായും അറിയിക്കുകയുണ്ടായി. ഏറ്റവും ഒടുവിലത്തെ നടപടിയുടെ പുരോഗതി ലഭ്യമാക്കുന്നതിനായി 20-10-2014-ൽ എ 3-6625/13 നമ്പരായി ജില്ലാ കളക്ടർക്ക് അപേക്ഷ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്ന് 23-10-2014-ലെ ബി1-6120/2014 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിലെ നഷ്ടം നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു. |

### നിഗമനങ്ങൾ/ശിപാർശകൾ

93. വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന പദ്ധതിക്കായി 1,95,736 രൂപയുടെ കമ്പ്യൂട്ടർ വാങ്ങിയെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ പരിശീലനം നടത്തുകയോ ചെയ്തിട്ടില്ലെന്നും ക്യാഷ് ബിൽ പ്രകാരം വാങ്ങിയതിൽ 54,536 രൂപയുടെ സാധനങ്ങൾ കുറവുള്ളതായും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. സാധനങ്ങൾ വാങ്ങുന്നതിനുമുമ്പ് പദ്ധതി നടത്തിപ്പിനുള്ള സാധ്യത വിലയിരുത്തുകയോ സാങ്കേതിക പരിജ്ഞാനമുള്ള വിദഗ്ദ്ധരെക്കൊണ്ട് ആധികാരികമായി ഗുണനിലവാരം പരിശോധിപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തിനുണ്ടായ നഷ്ടത്തിനുത്തരവാദിയായ പദ്ധതി നിർവ്വഹണകാലത്തെ സെക്രട്ടറി കമ്പ്യൂട്ടർ വാങ്ങി പരിശീലനം നടത്തിയെന്നും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും സമിതി മുമ്പാകെ വിശദീകരിച്ചതിന്റെ ആധികാരികത പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ ടിയാന്റെ ന്യായവാദങ്ങൾ ശരിയല്ലെന്ന് സൂചിപ്പിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാനും നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം—പദ്ധതി നടത്തിപ്പിലെ അപാകത**

**(ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 3.12)**

ടി പദ്ധതിയിൽ 600 ഗുണഭോക്താക്കളാണുള്ളത്. ഒരു ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ആകെ 7,975 രൂപ ചെലവ് കണക്കാക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഗവൺമെന്റ് അംഗീകൃത അക്രെഡിറ്റഡ് സംഘങ്ങളെ ഏൽപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. കമ്മിറ്റി തീരുമാനപ്രകാരം ഒരു യൂണിറ്റിന് 5 ചാക്ക് സിമന്റ് ഗുണഭോക്താക്കൾക്ക് നൽകാൻ തീരുമാനിച്ചു. പദ്ധതിയുടെ നിയന്ത്രണ ചുമതലയുണ്ടായിരുന്ന പഞ്ചായത്ത് സബ്കമ്മിറ്റിയുടെ 29-3-2004-ലെ മിനിട്ട്സ് പ്രകാരം 540 യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. ആയതിന് 5 ചാക്ക് സിമന്റ് പ്രകാരം 2700 ചാക്ക് സിമന്റ് അനുവദനീയമാണ്. എന്നാൽ 2800 ചാക്ക് വാങ്ങിയതായി കാണുന്നു. 100 ചാക്ക് സിമന്റിന് 168 രൂപ നിരക്കിൽ 16,800 രൂപ നഷ്ടം വരുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ

സിമന്റ്, കമ്മിറ്റി അംഗങ്ങൾ കൈപ്പറ്റിയതായാണ് കാണുന്നത്. 13, 14 വാർഡുകളിൽ പദ്ധതി നടത്തിപ്പിലേക്കായി ഇൻഫാം എന്ന സംഘടനയുടെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നു. മറ്റ് വാർഡുകളുടെ കാര്യത്തിൽ പദ്ധതിയുടെ നിർമ്മാണം ഏറ്റെടുത്ത ഏജൻസിയുടെ പേരുവിവരങ്ങൾ രേഖകളിലില്ല. മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടുകളുമില്ല. നഷ്ടംവന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓ. ഖ. നമ്പർ 3.38.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് അധികമായി വാങ്ങിയ സിമന്റ് വിലയായ 16,800 രൂപ നഷ്ടത്തിന് ഉത്തരവാദികളായ വരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിക്കുകയും അക്കാര്യം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കാമെന്ന്, സമിതി അഭിപ്രായപ്പെടുകയും ചെയ്തു. നഷ്ടത്തുക പൂർണ്ണമായും ഈടാക്കിയ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതിക്ക് നൽകിയ കുറിപ്പിൽ ഓഡിറ്റ് അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തടസ്സം നീക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**95. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് അധികമായി വാങ്ങിയ സിമന്റ് വിലയായ 16,800 രൂപ നഷ്ടത്തിന് ഉത്തരവാദികളിൽ നിന്നും പൂർണ്ണമായും ഈടാക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അടിമാലി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കലുങ്ക് പണിക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശം പാലിക്കാത്തതുമൂലമുള്ള നഷ്ടം**

31-3-1990-ലെ ടെക്നിക്കൽ സർക്കുലർ നമ്പർ 12/85/പി.ഡബ്ല്യു.ഡി.പ്രകാരം കലുങ്ക് നിർമ്മാണത്തിൽ അബട്ട്മെന്റ് 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്യരുതെന്നും പകരം ആർ.ആർ. 1:6 മാത്രമേ ചെയ്യാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി

1:3:6 കോൺക്രീറ്റ് നടത്തുകവഴി 40,114 (നാൽപ്പതിനായിരത്തി ഒരുനൂറ്റി പതിനാല് രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു). എസ്.ജി.ആർ.വൈ. പദ്ധതികളായ ചെട്ടിമുടി ലിങ്ക് റോഡിൽ നിർമ്മിച്ച രണ്ട് കലുങ്കുകൾക്കും പൊളിഞ്ഞ പാലം കലുങ്ക് നിർമ്മാണത്തിനുമാണ് മേൽ നഷ്ടം സംഭവിച്ചിട്ടുള്ളത്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-2008-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.39.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. പി.ഡബ്ല്യു.ഡി.യുടെ ടെക്നിക്കൽ സർക്കുലറിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കലുങ്ക് നിർമ്മാണ പ്രവൃത്തി നടത്തിയതിലൂടെ 40,114 രൂപ നഷ്ടം സംഭവിച്ചതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തുക പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന് അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

97. ഉത്തരവാദികളായ എഞ്ചിനീയർമാരിൽ ശ്രീ. കെ. സുധാകരൻ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിനെ സംബന്ധിച്ച് സമിതി ഓഡിറ്റിന്റെ അഭിപ്രായം ആരാഞ്ഞതിന്, ടിയാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ അദ്ദേഹത്തിന് അനുകൂലമായി വിധി വന്നിരിക്കുകയാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഇൻ-ചാർജ് സമിതിയെ അറിയിച്ചു. പ്രസ്തുത രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു

### നിഗമനങ്ങൾ/ശിപാർശകൾ

98. **കലുങ്ക് നിർമ്മാണ പ്രവൃത്തിയിലൂടെ നഷ്ടംവന്ന 40,114 രൂപ ഉത്തരവാദികളിൽ നിന്നും പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയെങ്കിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും അല്ലാത്തപക്ഷം ടി രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു.**

## വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുട്ടികളുടെ പാർക്ക്, കാർഷിക നഴ്സറി എന്നിവയ്ക്ക് സ്ഥലംവാങ്ങൽ—സ്ഥലം അളവിൽ കുറവ്—തന്മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം**

**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-2004; ഖണ്ഡിക നമ്പർ 3.4)**

കേരള വികസന പദ്ധതി 2002-03-ൽപ്പെടുത്തി കാർഷിക നഴ്സറിക്കുവേണ്ടി 50 സെന്റും കുട്ടികളുടെ പാർക്കിനുവേണ്ടി 20 സെന്റും ചേർത്ത് ആകെ 70 സെന്റ് സ്ഥലം വാങ്ങിയിരുന്നു. 2005-06-ൽ ടി സ്ഥലത്ത് സംരക്ഷണഭിത്തി പണിയുന്നതിനുവേണ്ടി

തൊടുപുഴ അഡീഷണൽ തഹസിൽദാർ സ്ഥലത്തിന്റെ അതിര് നിർണ്ണയിച്ച് വിസ്തീർണ്ണം തിട്ടപ്പെടുത്തിയപ്പോൾ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ളത് 62.293 സെന്റ് മാത്രമാണെന്ന് കണ്ടെത്തി. 7.707 സെന്റ് സ്ഥലത്തിന്റെ കുറവ് ഉള്ളതിനാൽ സെന്റിന് 9,999 (ഒമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റൊമ്പത്) രൂപ നിരക്കിൽ 77,062 (എഴുപത്തേഴായിരത്തി അറുപത്തിരണ്ട്) രൂപ നഷ്ടം പഞ്ചായത്തിനുണ്ടായി. സ്ഥലം വാങ്ങുന്നതിനുമുമ്പ് നിയമാഭിപ്രായം തേടിയിരുന്നുവെങ്കിലും സ്ഥലം അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട്/സ്കെച്ച് വാങ്ങിയിരുന്നില്ല. ഈ ഇനത്തിൽ പഞ്ചായത്തിന് 77,062 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.40.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. കുട്ടികളുടെ പാർക്കിനും കാർഷിക നഴ്സറിക്കുമായി വാങ്ങിയ 70 സെന്റ് സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് വിസ്തീർണ്ണം തിട്ടപ്പെടുത്തിയപ്പോൾ 7.7 സെന്റ് സ്ഥലത്തിന്റെ കുറവ് വന്നതിലൂടെ പഞ്ചായത്തിന് 77,062 രൂപ നഷ്ടം വന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നഷ്ടം 77,062 രൂപ പലിശയും ചേർത്ത് 84,769 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ നിർദ്ദേശ പ്രകാരം പലിശയിനത്തിൽ ഈടാക്കുവാൻ ബാക്കിയുണ്ടായിരുന്ന 31,691 രൂപ ഈടാക്കുന്നതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

100. പ്രസ്തുത കേസിന്റെ അന്തിമവിധി പ്രഖ്യാപിച്ച വിവരം വകുപ്പ് മേധാവികൾ അറിഞ്ഞില്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, അറിഞ്ഞിരുന്നില്ലെന്നും മുൻ സെക്രട്ടറിയുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ കേസ് തീർപ്പായില്ലെന്ന വിവരമാണ് ലഭിച്ചതെന്നും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

101. ഹൈക്കോടതിവിധി സംബന്ധിച്ചുള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം അറിയാത്തതിന്റെ ഔചിത്യം എന്തെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത കേസിൽ പഞ്ചായത്ത് കക്ഷി അല്ലാത്തതിനാൽ കേസ് വാദിക്കാൻ വക്കീൽ ഇല്ലായിരുന്നുവെന്നും അതിനാലാണ് വിധി അറിയാതെപോയതെന്നും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

102. കുട്ടികളുടെ പാർക്കിനും കാർഷിക നഴ്സറിക്കുമായി ഏറ്റെടുത്ത 70 സെന്റ് സ്ഥലത്തിൽ എട്ട് സെന്റോളം സ്ഥലം കുറവുവന്നതിന് ഒരു ഉദ്യോഗസ്ഥൻ

മാത്രമായിരിക്കില്ല ഉത്തരവാദിയെന്നും ഭൂമി അളന്ന വ്യക്തി, ബന്ധപ്പെട്ട രേഖകൾ, ഇവ പരിശോധിച്ചവർ, ഭൂമി ഇടപാട് നടന്ന രീതി എന്നീ കാര്യങ്ങൾ വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണെന്നും സമിതി ചൂണ്ടിക്കാട്ടി.

103. പലിശ ഈടാക്കുന്നതിനെതിരെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ ഗ്രാമപഞ്ചായത്തിനുവേണ്ടി ഹാജരാകുവാൻ അഡ്വക്കേറ്റിനെ നിയമിക്കുകയോ കോടതിയുടെ അന്തിമവിധി അറിയുകയോ ചെയ്യാത്തതും ഇക്കാര്യത്തിലുണ്ടായ അലംഭാവം സംബന്ധിച്ചും പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സമിതി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

സമിതി നിർദ്ദേശപ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടിയും ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

104.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം) 11-1-2013-ൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിവരങ്ങൾ ബോധിപ്പിക്കുന്നു. കേരള വികസന പദ്ധതി 2002-03-ൽപ്പെടുത്തി കാർഷിക നഴ്സറിക്കുവേണ്ടി 50 സെന്റും കുട്ടികളുടെ പാർക്കിനുവേണ്ടി 20 സെന്റും ചേർത്ത് ആകെ 70 സെന്റ് സ്ഥലം വാങ്ങിയിരുന്നു. 2005-06-ൽ ടി സ്ഥലത്ത് സംരക്ഷണ ഭിത്തി പണിയുന്നതിനുവേണ്ടി തൊടുപുഴ അഡീഷണൽ തഹസിൽദാർ സ്ഥലത്തിന്റെ അതിര് നിർണ്ണയിച്ച് വിസ്തീർണ്ണം തിട്ടപ്പെടുത്തിയപ്പോൾ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ളത് 62.293 സെന്റ് മാത്രമാണെന്ന് കണ്ടെത്തി. 7.707 സെന്റ് | ഓഡിറ്റ് പരാമർശത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന നഷ്ടത്തുകയായ 77,062 രൂപ പലിശ 7,707 രൂപ ഉൾപ്പെടെ 84,769 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. പിഴപ്പലിശ ഇനത്തിൽ ഈടാക്കാനുള്ള 31,691 രൂപ ഈടാക്കാനുള്ള കത്ത് നൽകിയിട്ടുണ്ട്. നഷ്ടോത്തരവാദി ഹൈക്കോടതിയിൽ WP(C)22111/08 നമ്പർ റിട്ട് ഫയൽ ചെയ്തിരുന്നത് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് കൈമാറിയിട്ടുള്ളതും 873/13 നമ്പരായി വിചാരണയിൽ ഇരിക്കുന്നതുമാണ് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2-12-2014-ലെ എ 2-1129/2012 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |

| 1 | 2 |
|---|---|
| സ്ഥലത്തിന്റെ കുറവ് ഉള്ളതിനാൽ സെന്റിന് 9,999 (ഒമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് രൂപാ നിരക്കിൽ 77,062 (എഴുപത്തേഴായിരത്തി അറുപത്തി രണ്ട് രൂപ) രൂപ നഷ്ടം പഞ്ചായത്തിനുണ്ടായി. സ്ഥലം അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് സ്കെച്ച് വാങ്ങിയിരുന്നില്ല. ഈയിനത്തിൽ പഞ്ചായത്തിന് 77,062 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.<br><br>വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ ശ്രീ. റ്റി. ജെ. രവി ഹെഡ് ക്ലർക്കായി ജോലി ചെയ്തുവരവേ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ് ഉണ്ടായിരുന്ന അവസരത്തിലാണ് ഇതുമായി ബന്ധപ്പെട്ട പ്രോജക്ടായ കുട്ടികളുടെ പാർക്ക്, കർഷക നഴ്സറി എന്നിവയ്ക്ക് സ്ഥലം വാങ്ങൽ പദ്ധതി നടപ്പിലാക്കിയത്. ടിയാൻ 31-5-2007-ൽ അട്ടുത്തുൺപ്പറ്റി സർവ്വീസിൽ നിന്നും പിരിഞ്ഞിട്ടുള്ളതാണ്. ടി പദ്ധതിക്കുവേണ്ടി ടിയാൻ തുക ചെലവഴിച്ചതിൽ 77,062 രൂപ അധികമായി ചെലവഴിച്ചിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നു. ടി തുകയും ആയതിന്റെ പലിശയും ടിയാനിൽ നിന്നും ഈടാക്കുവാൻ ഓഡിറ്റ് പരാമർശം ഉള്ളതാണ്. ആയതനുസരിച്ച് 77,062 രൂപയും പലിശയായി 7,707 രൂപയും ഉൾപ്പെടെ 84,769 രൂപ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25-10-2007-ലെ എ 5-9652/06 നമ്പർ കത്ത് പ്രകാരം കരിമണ്ണൂർ സബ്ട്രഷറിയിൽ പഞ്ചായത്തിനുവേണ്ടി അടവാക്കിയിട്ടുള്ളതാണ്. കരിമണ്ണൂർ സബ്ട്രഷറിയിൽ | കേസ് തീർപ്പാക്കുകയോ നഷ്ടം ഈടാക്കുകയോ ചെയ്തിട്ടില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു. |

| 1 | 2 |
|---|---|
| 22-11-2007-ൽ 8448-109-95-03 എന്ന ഹെഡിൽ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളതും ആയത് ട്രഷറി പാസ് ബുക്കിൽ വരവ് വന്നിട്ടുള്ളതുമാണ്. എന്നാൽ പലിശ തിട്ടപ്പെടുത്തിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്നും ആ ഇനത്തിൽ 31,691 രൂപ കൂടി ശ്രീ. റ്റി. ജെ. രവിയിൽ നിന്നും ഈടാക്കുവാൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ 21-12-2009-ലെ എൽ.എഫ്.ഐ.-8/1078/ 2009-10 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. പലിശ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ റിട്ട് പെറ്റീഷൻ (സി) നമ്പർ 22111/08 നമ്പർ കേസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് കൈമാറിയിട്ടുള്ളതും 873/13-ാം നമ്പർ കേസായി ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബഞ്ചിൽ നിലവിലുള്ളതും ഗ്രാമപഞ്ചായത്ത് കക്ഷി ചേർന്നിട്ടുള്ളതുമാണ്. കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഭാഗത്ത് വീഴ്ച വന്നിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. | |

**നിഗമനങ്ങൾ/ശിപാർശകൾ**

105. **കേരള വികസന പദ്ധതി പ്രകാരം കുട്ടികളുടെ പാർക്ക്, കാർഷിക നഴ്സറി എന്നിവയ്ക്ക് വാങ്ങിയ 70 സെന്റ് സ്ഥലം പുനർനിർണ്ണയിച്ചപ്പോൾ 7.7 സെന്റ് സ്ഥലത്തിന്റെ കുറവുള്ളതായും ആയിനത്തിൽ പഞ്ചായത്തിന് 77,062 രൂപയുടെ നഷ്ടമുള്ളതായും സമിതി നിരീക്ഷിച്ചു. നഷ്ടോത്തരവാദിയായ സെക്രട്ടറിയുടെ ചാർജ്ജുണ്ടായിരുന്ന ഹെഡ് ക്ലർക്കിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും പഞ്ചായത്തിന് നഷ്ടം വന്ന തുകയായ 77,062 രൂപയും പലിശയും ചേർത്ത് 84,769 രൂപ ഈടാക്കിയിട്ടുള്ളതായി കാണുന്നു. പിഴപ്പലിശയിന ത്തിൽ ടിയാനിൽ നിന്നും ലഭിക്കാനുള്ള 31,691 രൂപ ഈടാക്കുന്നതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് ഇപ്പോൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണെന്നും അതിൽ**

**പഞ്ചായത്ത് കക്ഷി ചേർന്നിട്ടുണ്ടെന്നും സർക്കാർ ലഭ്യമാക്കിയ കുറിപ്പിൽ നിന്നും മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കേസ് തീർപ്പാക്കുന്നതിനാവശ്യമായ നടപടി ത്വരിതപ്പെടുത്തി ട്രൈബ്യൂണലിന്റെ വിധി പ്രകാരം മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ പരിശീലന പദ്ധതി**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05; ഖണ്ഡിക 3.8**

ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി കേരള വികസന പദ്ധതി വിഹിതത്തിൽ നിന്നും 80,000 രൂപയും (എൺപതിനായിരം) തനത് ഫണ്ടിൽ നിന്നും 4,70,000 രൂപയും (നാല് ലക്ഷത്തി എഴുപതിനായിരം) ഉൾപ്പെടെ 5,50,000 രൂപ (അഞ്ചുലക്ഷത്തി അമ്പതിനായിരം) ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അംഗീകരിച്ച ഏജൻസിവഴിയും സർക്കാർ അംഗീകരിച്ച ഫീസ് നിരക്കിലും മാത്രമേ പദ്ധതി നടപ്പിലാക്കാവൂ എന്ന വ്യവസ്ഥയിലാണ് ഡി.പി.സി. പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ ഈ വ്യവസ്ഥകളെ മറികടന്നാണ് ഒരു സ്വകാര്യ സ്ഥാപനത്തിന് മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കരാർ വച്ചിട്ടുള്ളത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തതിന് വ്യക്തമായ രേഖയില്ല. ഇതുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ പരിശീലനാർത്ഥികളുടെ എണ്ണത്തിൽ തിരുത്തലുകൾ വന്നിട്ടുള്ളതായി കാണുന്നു. 770 പേർക്ക് 3 മാസക്കാലയളവിനുള്ളിൽ പരിശീലനം നൽകി എന്നു പറയുന്നത് വിശ്വസനീയമല്ല. പരിശീലനം പൂർത്തിയായവരുടെ പേരിൽ തയ്യാറാക്കിയ ധാരാളം സർട്ടിഫിക്കറ്റുകൾ പഞ്ചായത്താഫീസിൽ ഓഡിറ്റ് വിംഗിന് കാണാൻ കഴിഞ്ഞിട്ടുണ്ട്. കരാർപ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട ഒരു കമ്പ്യൂട്ടറും യു.പി.എസും. പ്രിന്ററും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. മേൽഅപാകതകളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പരിശീലന പദ്ധതിയുടെ പേരിൽ ധനദുർവിനിയോഗം നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.5.7.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

106. ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ പഞ്ചായത്തിൽ ലഭ്യമല്ലെന്നും അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ഹാജരായിട്ടുണ്ടെന്നും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

107. പരാമർശവിഷയം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് സർക്കാർ അംഗീകൃത ഏജൻസിയായ ആപ്ടെക് കമ്പ്യൂട്ടേഴ്സിന്റെ അംഗീകൃത ഏജൻസി വഴിയാണ് കമ്പ്യൂട്ടർ പരിശീലനം നൽകിയതെന്ന് ഉടുമ്പൻചോല മുൻ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. മുൻ സെക്രട്ടറിയുടെ മറുപടിയിന്മേൽ ഓഡിറ്റിന്റെ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന് ഇക്കാര്യം ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ-ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

108. കമ്പ്യൂട്ടർ പരിശീലനം നൽകിയ മൈക്രോ മീഡിയ കമ്പ്യൂട്ടർ സെന്റർ, നെടുങ്കണ്ടം എന്ന സ്ഥാപനം സർക്കാർ അംഗീകൃത ഏജൻസിയോ സർക്കാർ അംഗീകാരമുള്ള ഏജൻസിയുടെ ഫ്രാഞ്ചൈസിയോ ആണോ എന്ന സമിതിയുടെ ചോദ്യത്തിന് അതെ എന്ന് ഉടുമ്പൻചോല മുൻ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും ഇപ്പോൾ പഞ്ചായത്തിലുണ്ടോയെന്നും ആയത് സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട് കൈവശമുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, അന്വേഷണത്തിൽ ആയത് കണ്ടെത്താനായില്ലെന്ന് ഉടുമ്പൻചോല പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് വെളിപ്പെടുത്തിയപ്പോൾ ആയത് സംബന്ധിച്ച എല്ലാ രേഖകളും പഞ്ചായത്തിലുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ആവർത്തിച്ചു.

109. പരിശീലനം കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് അവ ഒരു പൊതുയോഗത്തിലൂടെ വിതരണം ചെയ്യാനാണ് ഭരണ സമിതി തീരുമാനിച്ചിരുന്നതെന്നും തുടർപഠനം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കോഴ്സായിരുന്നില്ലാ ഇതെന്നും തോട്ടം തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും കമ്പ്യൂട്ടറിനെ സംബന്ധിച്ചുള്ള പ്രാഥമിക അറിവ് നൽകുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയായിരുന്നുവെന്നും ഉടുമ്പൻചോല മുൻ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

110. സർക്കാർ അനുവദിച്ച തുക ചില നിബന്ധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായിട്ടായിരിക്കണം ചെലവഴിക്കേണ്ടതെന്നും കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി കേരള സർക്കാർ അനുവദിച്ച 5,50,000 രൂപ വിനിയോഗിച്ചതായുള്ള യാതൊരു രേഖകളും ലഭ്യമല്ലെന്നുള്ളത് ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചയാണെന്നും വിലയിരുത്തിയ സമിതി കമ്പ്യൂട്ടർ പരിശീലന പദ്ധതി സംബന്ധിച്ച രേഖകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുവാനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കണ്ടെത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കാനും പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. കൂടാതെ പ്രസ്തുത വിഷയം പഞ്ചായത്ത് ഡയറക്ടർ വളരെ ഗൗരവത്തോടെ പരിശോധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

111. ശ്രീ. എസ്. ജയൻ എന്ന ഉദ്യോഗസ്ഥനാണ് പ്രസ്തുത നഷ്ടത്തിന് ഉത്തരവാദിയെന്നും ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും ആയത് സംബന്ധിച്ചുള്ള രേഖകൾ ലഭ്യമല്ലെന്ന വിഷയത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ടിയാനെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും നഷ്ടത്തിനുത്തരവാദികളായ ശ്രീ. സുനിൽ സെബാസ്റ്റ്യൻ, ശ്രീ. വിജയൻ എന്നിവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നതിനാൽ അവർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പുനൽകി.

സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

112. **കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി കേരള വികസന പദ്ധതി വിഹിതത്തിൽ നിന്നും 80,000 രൂപയും തനത് ഫണ്ടിൽ നിന്നും 4,70,000 രൂപയും ഉൾപ്പെടെ 5,50,000 രൂപ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ അംഗീകരിച്ച ഏജൻസി വഴിയും ഫീസ് നിരക്കിലും മാത്രമേ പരിശീലന പദ്ധതി നടപ്പിലാക്കാവൂ എന്ന വ്യവസ്ഥയെ മറികടന്ന് ഒരു സ്വകാര്യ സ്ഥാപനത്തിന് കരാർ നൽകിയതിലൂടെ പദ്ധതി നിർവ്വഹണത്തിൽ അനുവർത്തിക്കേണ്ട ചട്ടങ്ങളുടെ ലംഘനമാണ് നടന്നതെന്ന് സമിതി അനുമാനിക്കുന്നു. 770 പേർക്ക് 3 മാസക്കാലയളവിനുള്ളിൽ പരിശീലനം നൽകി എന്നു പറയുന്നത് വിശ്വസനീയമല്ലെന്ന് വിലയിരുത്തുന്ന സമിതി, വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിക്കുന്ന തുക സർക്കാർ പുറപ്പെടുവിക്കുന്ന നിബന്ധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി ചെലവഴിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. കമ്പ്യൂട്ടർ പരിശീലന പദ്ധതി സംബന്ധിച്ച രേഖകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുവാനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കണ്ടെത്തി ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നഷ്ടത്തിനുത്തരവാദിയായ ശ്രീ. ജയൻ എന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും രേഖകൾ ലഭ്യമല്ലെന്ന വിഷയത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ടിയാനെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും നഷ്ടത്തിനുത്തരവാദികളായ ശ്രീ. സുനിൽ സെബാസ്റ്റ്യൻ, ശ്രീ. വിജയൻ എന്നിവർ സർവ്വീസിൽ തുടരുന്നതിനാൽ അവർക്കെതിരെ അച്ചടക്ക നടപടി**

**ആരംഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പുനൽകിയിരുന്നു. എന്നാൽ ആയത് സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതിയാവശ്യപ്പെട്ട വിവരങ്ങൾ നല്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും എത്രയും വേഗം ലഭ്യമാക്കണമെന്നും ക്രമവിരുദ്ധമായ ചെലവ് നടത്തിയവർക്കെതിരെ നടപടിയെടുക്കണമെന്നും യഥാർത്ഥ നഷ്ടം നിർണ്ണയിച്ച് ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആശ്രയ ഭവന നിർമ്മാണ പദ്ധതി**

**ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.7**

ആശ്രയ ഭവന നിർമ്മാണ പദ്ധതി (പ്രോജക്ട് നമ്പർ എ.ഒ. 36, എസ്.ഒ. 73, എസ്.ഒ. 33) പ്രകാരം ഗുണഭോക്താക്കൾക്ക് നിർമ്മാണസാമഗ്രികൾ വാങ്ങിയതിലേക്കായി സ്വകാര്യ സ്ഥാപനത്തിന് 5,21,197 രൂപ (അഞ്ചുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയേഴ്) ചെക്ക് നമ്പർ 970261/തീയതി 29-1-2005 പ്രകാരം നൽകി. വൗച്ചറിനോടൊപ്പമുള്ള ബില്ലും രസീതും പരിശോധിച്ചതിൽ സ്വകാര്യസ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ തയ്യാറാക്കിയ ബില്ലിൽ സ്വകാര്യസ്ഥാപനവുമായി ബന്ധപ്പെട്ട ആരും തന്നെ ഒപ്പുവച്ചിട്ടില്ല. സ്വകാര്യസ്ഥാപനത്തിന് കൈമാറിയ തുക കൈപ്പറ്റിയതായി കാണിച്ചിട്ടുള്ള രസീതിലുള്ള റവന്യൂ സ്റ്റാമ്പിൽ ആരും ഒപ്പുവെച്ചിട്ടില്ല. കൂടാതെ നിർമ്മാണ സാമഗ്രികൾ വാങ്ങാനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ ലഭിച്ചതിന്റെയോ അംഗീകരിച്ചതിന്റെയോ വിതരണം ചെയ്ത സാധനങ്ങളുടെ ഗുണമേന്മയെപ്പറ്റിയോ യാതൊരു വിവരവും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന്റെ പരിശോധനയ്ക്ക് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ 5,21,197 രൂപ (അഞ്ചുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റിയേഴ്) തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.7.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

113. ഓഡിറ്റ് പരാമർശത്തെപ്പറ്റി സമിതി ആരാഞ്ഞതിന് ആശ്രയ-അഗതി പദ്ധതികളായ ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം എന്നിവയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങി കുടുംബശ്രീയെ ഏല്പിക്കുകയാണ് ചെയ്തിരുന്നതെന്നും പത്രപരസ്യം നൽകി ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങുന്നതിനുള്ള 19-11-2004-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14-1-2005-ലെ മാധ്യമം ദിനപ്പത്രത്തിൽ പരസ്യം നൽകിയിട്ടുണ്ടായിരുന്നുവെന്നും ആയതിൻപ്രകാരം ലഭിച്ച ക്വട്ടേഷനുകൾ 19-1-2005-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഒഴുകയിൽ ഇൻഡസ്ട്രീസ് നെടുങ്കണ്ടം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ലെന്നും ഉടുമ്പൻചോല പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയിൽ വ്യക്തമാക്കി. ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ആയത് പൂർത്തീകരിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട രേഖകൾ കൊണ്ടുവന്നിട്ടുണ്ടെന്നും ഓഡിറ്റിനെ ബോധ്യപ്പെടുത്താമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

114. സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് ലഭ്യമാണോ എന്ന് സമിതി ആരാഞ്ഞതിന് കൈപ്പറ്റ് രസീത് ഫയലിൽ കാണുന്നില്ലെന്ന് സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി. കൈവശമുള്ള രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്നും ഓഡിറ്റിന് ബോധ്യമാകുന്നപക്ഷം, അതിനനുസൃതമായ നടപടി കൈക്കൊള്ളാവുന്നതാണെന്നും സമിതിയിൽ നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

115.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| ആശ്രയ ഭവന നിർമ്മാണ സാധന സാമഗ്രികൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായി ഓഡിറ്റ് ഓഫീസറെ അറിയിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി 21-2-2014-ലെ ബി 5-836/14 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. | അപാകതകൾ ഒന്നും പരിഹരിച്ചിട്ടില്ല. ഖണ്ഡികയുമായി ബന്ധപ്പെട്ട യാതൊരു ഫയലുകളും ഹാജരാക്കിയിട്ടില്ല എന്നും അറിയിച്ചുകൊള്ളുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

116. ആശ്രയ ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മാണസാമഗ്രികൾ വാങ്ങിയതിലേക്ക് ഒരു സ്വകാര്യ സ്ഥാപനത്തിന് 5,21,197 രൂപ നല്കിയതായി കാണുന്നു. ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിലും, ടെണ്ടറോ ക്വട്ടേഷനോ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിരുന്നില്ലായെന്നും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലോ സ്റ്റോക്ക് രജിസ്റ്ററോ ഹാജരാക്കിയിരുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിൽ അപാകങ്ങൾ ഒന്നും പരിഹരിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയിട്ടില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും അവ പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2015 ഡിസംബർ 15.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3 | വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് | സർക്കാർ നിർദ്ദേശം പാലിക്കാതെയും നിയമാനുസൃതം ക്വട്ടേഷൻ ക്ഷണിക്കാതെയും 150 കർഷകർക്ക് വാനില തൈകളും നടീൽ വസ്തുക്കളും വാങ്ങുന്നതിനും കർഷകർക്ക് പരിശീലനം നൽകുന്നതിനുമായി 1,51,000 രൂപ ചെലവഴിച്ചെന്ന ഓഡിറ്റ് നിരീക്ഷണത്തിന്മേൽ സർക്കാർ സമർപ്പിച്ച ന്യൂനതാ പരിഹാര നടപടി പത്രികയുടെയും തെളിവെടുപ്പ് വേളയിൽ നല്കിയ മറുപടിയുടെയും വെളിച്ചത്തിൽ ഇക്കാര്യത്തിൽ സമിതി കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി. സമിതി നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സമർപ്പിച്ച അധികവിവര റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ വാനില തൈകൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മറ്റ് അംഗീകൃത നഴ്സറിയിൽ നിന്നും വാങ്ങാവുന്നതാണെന്നും കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.സി.എ.ആർ. സ്പോൺസർ ചെയ്തിട്ടുള്ള അംഗീകൃത നഴ്സറിയിൽ നിന്നാണ് തൈകൾ വാങ്ങിയിട്ടുള്ളതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങിയതെന്നും തൈകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെയും കാർഷിക പരിശീലനം നടത്തിയതിന്റെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | വ്യക്തമാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 4 | വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് | പട്ടികജാതിക്കാരായ കർഷകർക്ക് മികച്ചയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനായി 31,481 രൂപ അടങ്കൽ തുകയായി പ്രഖ്യാപിച്ച പദ്ധതിക്ക് 14,000 രൂപ മുൻകൂർ നൽകിയെങ്കിലും നഴ്സറി ആരംഭിക്കുകയോ പ്രാരംഭ നടപടികൾ തുടങ്ങുകയോ ചെയ്തതായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നു. തെങ്ങിൻ തൈകൾ വിതരണം ചെയ്ത പദ്ധതിയുടെ നടത്തിപ്പ് സംബന്ധമായ രേഖകൾ സമർപ്പിക്കാതിരുന്നതിനാലാണ് കൺവീനർക്ക് മുൻകൂർ നൽകിയ 14,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നതെന്നും വിത്ത് തേങ്ങകൾ വാങ്ങി മുളപ്പിച്ചെടുത്തതിൽനിന്നും ലഭിച്ച വിതരണ യോഗ്യമായ തൈകൾ അംഗീകൃത ലിസ്റ്റ് പ്രകാരം വിതരണം നടത്തിയിട്ടുണ്ടെന്നും ആയിനത്തിൽ 15,908 രൂപയുടെ ചെലവ് കണക്കുകൾ ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടെന്നും ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 10 | വട്ടവട ഗ്രാമപഞ്ചായത്ത് | പെരിയകടി-വത്സപ്പെട്ടി റോഡ് പുനരുദ്ധാരണ പദ്ധതിയിൽ കൃത്രിമമായി രേഖകൾ ചമയ്ക്കുകയും ആൾമാറാട്ടം നടത്തി തുക പിൻവലിക്കുകയും ചെയ്യുതുവഴി 1,02,508 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. ഗുണഭോക്തൃ കമ്മിറ്റി രേഖകൾ പ്രകാരം കൺവീനറായി തെരഞ്ഞെടുത്തതായിപ്പറയുന്ന വ്യക്തിക്ക് പ്രസ്തുത പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലെന്നും ടിയാൻ തുക കൈപ്പറ്റിയിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ആരോപണവിധേയരായ പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവർ നിരപരാധികളാണെന്ന് തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ 4-3-2008-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി വട്ടവട പഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ അറിയിക്കുകയുണ്ടായി. ഇതിൽ നിന്ന് പരാമർശവിധേയമായ പദ്ധതിയിൽ തുക പിൻവലിച്ചതിനുത്തരവാദി പഞ്ചായത്ത് സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന യു.ഡി. ക്ലർക്കാണെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ, ടിയാൻ മരണപ്പെട്ടുപോയതായി സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 11 | വട്ടവട ഗ്രാമപഞ്ചായത്ത് | പഞ്ചായത്തിന് നഷ്ടമായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ സ്ഥാവരജംഗമ സ്വത്തുക്കൾ ജപ്തി ചെയ്തോ ഈടാക്കുവാൻ സ്വീകരിച്ച നടപടി റിപ്പോർട്ടും വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടും ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിൻപ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, കൃത്രിമരേഖ ചമച്ച് 1,02,508 രൂപയുടെ നഷ്ടം വരുത്തിയതിനുത്തരവാദിയിൽ നിന്നും തുക ഈടാക്കിയത് സംബന്ധിച്ചോ തൊടുപുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പോ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം സമിതി ആവശ്യപ്പെട്ട വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കണമെന്നും ഇല്ലാത്തപക്ഷം ആയവ ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പഞ്ചായത്തിന് നഷ്ടപ്പെട്ട തുക നിയമ പ്രകാരമുള്ള നടപടി മുഖേന ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 24 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കേര രോഗ വ്യാപന നിയന്ത്രണ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ 3,16,500 രൂപ ദുർവിനിയോഗം ചെയ്തതായി സമിതി നിരീക്ഷിക്കുന്നു. പരാമർശവിധേയനായ കൃഷി ഓഫീസർ ഇപ്പോൾ ഒളിവിലാണെന്നും ആയതിനാൽ ടിയാനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നുമാണ് വകുപ്പിൽ നിന്നും അറിയാൻ കഴിഞ്ഞതെന്ന് തെളിവെടുപ്പുവേളയിൽ ഹാജരായ നെടുങ്കണ്ടം പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. മറ്റൊരു വകുപ്പിൽ നിന്നും നിയമിതരാകുന്ന നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളിന്മേൽ അവർ റിട്ടയർ ചെയ്യുമ്പോഴോ എൻ.എൽ.സി. വാങ്ങുന്ന ഘട്ടത്തിലോ പഞ്ചായത്തുമായി ബന്ധപ്പെടേണ്ടതായി വരുന്നില്ല എന്നതിനാൽ പണാപഹരണം പോലെയുള്ള കുറ്റകൃത്യങ്ങൾ നടത്തിയ ഉദ്യോഗസ്ഥർ യാതൊരു കുഴപ്പവുമില്ലാതെ വിരമിച്ച് ആനുകൂല്യവും വാങ്ങി പോകുന്ന അവസ്ഥ ഒഴിവാക്കാൻ ആവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | 25 | ,, | ആരോപണ വിധേയനായ കൃഷി ഓഫീസർ ജോലിയിൽ പുനഃപ്രവേശിച്ച വിവരവും നഷ്ടപ്പെട്ട പണം തിരികെ ഈടാക്കിയിട്ടില്ലാത്ത കാര്യം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തത് സംബന്ധിച്ചും ധനാപഹരണത്തിന് ടിയാന്റെ പേരിൽ ക്രിമിനൽ കുറ്റത്തിന് കേസ് രജിസ്റ്റർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ചെയ്യാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും ആർ. ആർ. നടപടിക്ക് ഇടുക്കി ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചതിന്മേൽ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ജില്ലാ കളക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശവിധേയനായ കൃഷി ഓഫീസറുടെ പേരിൽ ധനാപഹരണത്തിന് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം ലഭിച്ചിരുന്നില്ലെന്നും ടിയാന്റെ മാതൃവകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള വിവരം അനുസരിച്ച് ടിയാൻ സർവ്വീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുകയാണെന്നും ടിയാന്റെ മേൽവിലാസം ലഭ്യമല്ലെന്നും ആയതിനാൽ ടിയാന്റെ പേരിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ കഴിയില്ലായെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് നല്കിയ റിപ്പോർട്ട് അതേപടി സമിതിക്ക് സർക്കാർ സമർപ്പിച്ചതായാണ് സമിതി നിരീക്ഷിക്കുന്നത്. പൊതുധനം ചട്ടപ്രകാരവും അവധാനതയോടെയും കൈകാര്യം ചെയ്യാൻ നിയുക്തനായ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ധനാപഹരണം നടത്തിയതിന്മേൽ ടിയാന്റെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണ് പ്രസ്തുത മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നത്. മറ്റൊരു വകുപ്പിലെ ഉദ്യോഗസ്ഥന്റെ പേരിൽ തദ്ദേശസ്വയംഭരണ വകുപ്പിന് നേരിട്ട് വകുപ്പുതല നടപടി സ്വീകരിക്കുവാൻ കഴിയില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. അത്തരമൊരു നിരീക്ഷണത്തിന്റെ അടിസ്ഥാന |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ത്തിലാണ് ഗൗരവമേറിയ ഈ വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ തെളിവെടുപ്പുവേളയിൽ സമിതി ആവശ്യപ്പെട്ടത്. ഇതുകൂടാതെ ഈ വിഷയത്തിൻ മേൽ ഖണ്ഡിക 21-ൽ പരാമർശിക്കും പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കാനും റിപ്പോർട്ട് നല്കാനും സമിതി തെളിവെടുപ്പ് സമയത്ത് ആവശ്യപ്പെട്ടിരുന്നു. സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള യാതൊരു നടപടിയും സർക്കാരിന്റെയോ പഞ്ചായത്ത് വകുപ്പിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നാണ് മേൽ ഖണ്ഡിക 23-ൻ പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോധ്യപ്പെടുന്നത്. ഇത് സമിതിയോടുള്ള കടുത്ത അനാദരവ് മാത്രമല്ല ധനാപഹരണമുൾപ്പെടെയുള്ള ആരോപണങ്ങൾ പോലും ഉന്നയിക്കപ്പെട്ടിട്ടും അവയുടെ പേരിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പ് കാട്ടുന്ന അനാസ്ഥയുമാണ് പ്രകടമാകുന്നത്. ഇക്കാര്യത്തിൽ, സമിതി നിർദ്ദേശത്തിന് ശേഷവും നടപടി സ്വീകരിക്കാത്തത് കുറ്റകരമായ കൃത്യവിലോപമായി മാത്രമേ വീക്ഷിക്കാനാകൂ. പൊതുധനം അപഹരണം നടത്തിയതിന്മേൽ തുടർനടപടി സ്വീകരിക്കാതെ നിസ്സഹായ അവസ്ഥയിലെന്ന മട്ടിൽ മറുപടി സമർപ്പിച്ചത് തീർത്തും അപലപനീയമാണ്. |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | 26 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | ഈ സാഹചര്യത്തിൽ, സമിതി ആവശ്യപ്പെട്ടതിൻപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയും ആയതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് നല്കവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഖണ്ഡിക 21-ൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കാനും നഷ്ടപ്പെട്ട തുക അടിയന്തരമായി ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. ആരോപണവിധേയനായ കൃഷി ഓഫീസർ ശ്രീ. ബാബു അലക്സാണ്ടറെ എത്രയും വേഗം കണ്ടെത്തുന്നതിനും ടിയാനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 33 | മൂന്നാർ ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് കുറഞ്ഞ വാടക ഈടാക്കുന്നതുമൂലവും വാടക ഒട്ടുംതന്നെ ഈടാക്കാത്തതുമൂലവും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. പൊതുമരാമത്ത് വകുപ്പ് വാടക നിരക്ക് നിജപ്പെടുത്തി നൽകാത്തതിനാൽ 2001-ലെ നിരക്കനുസരിച്ചാണ് വാടക ഈടാക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. പരാമർശവിഷയം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റി വിശദമായി പരിശോധിച്ച് ആയത് പരിഹരിക്കുന്നതിനുള്ള |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നടപടി സംബന്ധിച്ചും 2001-ലെ പി.ഡബ്ല്യു.ഡി. നിരക്ക് പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ മറുപടിയിൽ നിന്നും 30-12-2013-ൽ പഞ്ചായത്ത് ഭരണസമിതി പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തതായും മൂന്നാർ മാർക്കറ്റിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 30 കടമുറികൾക്കും പഴയ മൂന്നാർ ബസ് സ്റ്റാന്റിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 20 കടമുറികൾക്കും പൊതുമരാമത്ത് നിരക്കിൽ വാടക നിശ്ചയിച്ച് നൽകുന്നതിന് പൊതുമരാമത്ത് അസി. എഞ്ചിനീയർക്ക് കത്ത് അയച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വാടക നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. മൂന്നാർ പോലെ പ്രാധാന്യമുള്ള സ്ഥലത്ത് കുറഞ്ഞ നിരക്കിൽ മുറി വാടകയ്ക്ക് നൽകുന്നത് തെറ്റായ പ്രവണതയാണെന്ന് സമിതി വിലയിരുത്തുന്നു. മുറികൾ കാലപ്പഴക്കമേറിയതും വാടകയിൽ വൻവർദ്ധനവ് വരുത്തിയാൽ വലിയ പ്രതിഷേധത്തിനിടയാക്കുമെന്നതും മുഴുവൻ വ്യാപാരികളെയും ഒഴിപ്പിച്ച് പുനർലേലം ചെയ്യുക അപ്രായോഗികവുമാണെന്ന ഗ്രാമപഞ്ചായത്തിന്റെ മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ മുറികൾ നിയമാനുസൃതമായ നടപടിയിലൂടെ ലേലം നടത്തണമെന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിക്കുന്ന നിരക്കിൽ വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 37 | തദ്ദേശസ്വയംഭരണ വകുപ്പ് (4 ഗ്രാമപഞ്ചായത്തുകൾ), ഊർജ്ജ വകുപ്പ്, ജലവിഭവ വകുപ്പ് & ഭവനനിർമ്മാണ വകുപ്പ് | കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, കേരള ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന നിക്ഷേപ വേലകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാതിരിക്കുന്ന പ്രവണത സമിതി വളരെ ഗൗരവമായി വീക്ഷിക്കുന്നു. പദ്ധതിപ്പണം ഉപയോഗിച്ച് നിക്ഷേപ ജോലികൾ നടത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട എജൻസികളും ഒരുപോലെ കുറ്റകരമായ അനാസ്ഥ കാണിക്കുന്നതായി സമിതി വിലയിരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തുക അടവാക്കുകയല്ലാതെ സമയബന്ധിതമായി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുകയോ നിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്യുന്നില്ല. നിക്ഷേപ വേലകൾ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നോ എത്രയെണ്ണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട് എന്നോ വ്യക്തമാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാകുന്നില്ല എന്ന വസ്തുത സമിതി വളരെ ഗൗരവമായി കാണുന്നു. ആയതിനാൽ, നിക്ഷേപ വേലകൾ സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 38 | തദ്ദേശസ്വയംഭരണ വകുപ്പ് (4 ഗ്രാമപഞ്ചായത്തുകൾ) | ഉടുമ്പൻചോല, മരിയാപുരം, കാഞ്ചിയാർ, കടയത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ മേല്പറഞ്ഞ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള നിക്ഷേപ പ്രവൃത്തികളിൽ കടയത്തൂർ ഗ്രാമപഞ്ചായത്തിലെ മോർക്കാട് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കടിവെള്ള പദ്ധതിയുടേതൊഴികെയുള്ളതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തിയതിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കടയത്തൂർ ഗ്രാമപഞ്ചായത്തിലെ മോർക്കാട് കടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി മുൻകൂർ നൽകിയ 17,465 രൂപ ബന്ധപ്പെട്ട കൺവീനറിൽനിന്നും അടിയന്തരമായി തിരിച്ചീടാക്കി റിപ്പോർട്ട് നല്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 44 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്ത ഗുരുതരമായ അവസ്ഥ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി ഹാജരാക്കാത്തതിനാൽ ഓഡിറ്റിംഗ് സുഗമമായി നടത്താൻ കഴിയാതെവരികയും അഴിമതിയും ക്രമക്കേടുകളും കണ്ടെത്താനാകാതെ വരുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു. കമ്പ്യൂട്ടർവല്ക്കരണത്തോടെ ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതി കൈവന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാലും ഇക്കാര്യത്തിൽ തികച്ചും കുറ്റമറ്റ സംവിധാനം നിലവിൽ വന്നതായി സമിതി വിശ്വസിക്കുന്നില്ല. ആയതിനാൽ രേഖകളും രജിസ്റ്ററുകളും ചട്ടങ്ങൾ അനുശാസിക്കും പ്രകാരം സൂക്ഷിക്കുന്നതിനുള്ള ആത്മാർത്ഥമായ പ്രയത്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മേൽ ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള സംഗതികളിന്മേൽ താഴെ പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നു: |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 45 | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | പരാമർശവിധേയമായ ഫയലുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 46 | സേനാപതി ഗ്രാമപഞ്ചായത്ത് | 2002-03 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.5-ൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 47 | ” | 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 2.10-ൽ ടി സ്ഥലത്തിന് പട്ടയമില്ലാത്തതിനാൽ വില്ലേജാഫീസറിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങാൻ സാധിക്കില്ലായെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 48 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | 2002-03-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2-ൽ പരാമർശവിധേയമായ 3,600 രൂപയുടെ കൈപ്പറ്റ് രസീത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 49 | ” | ഖണ്ഡിക 3.4-ൽ പരാമർശിച്ചിട്ടുള്ള 54.250 രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | 50 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | ഖണ്ഡിക 3.6-ൽ പരാമർശിച്ചിട്ടുള്ള നെടുങ്കണ്ടം പോളിടെക്നിക്കിന് സ്ഥലമെടുപ്പിന് ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 51 | ” | ഖണ്ഡിക 3.7-ൽ പരാമർശിച്ചിരിക്കുന്ന കഞ്ചികലയം കോളനിയിലെ കുഴൽക്കിണർ നിർമ്മാണത്തിന് 30,000 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 52 | ” | ഖണ്ഡിക 3.10-ൽ പരാമർശവിധേയമായ വില്പന നികുതിയിനത്തിലെ തുകയായ 1,16,766 രൂപ ഒടുക്കിയതിന്റെ സാക്ഷ്യപത്രം പരിശോധിച്ച് ബോദ്ധ്യപ്പെട്ടെന്ന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 53 | മരിയാപുരം ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4-ൽ പരാമർശവിധേയമായ 88,656 രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിരിക്കുന്നു. |
| 21 | 54 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4, 3.7, 3.11, 3.12, 3.17 എന്നിവയിലെ പരാമർശങ്ങളുമായി ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 55 | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6, 3.7 എന്നീ ഖണ്ഡികകളിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 47,135 രൂപ, 16,000 രൂപ എന്നീ തുകകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 56 | രാജാക്കാട് ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2-ൽ തടസ്സതുകയായ 38.308 രൂപയുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയത് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 57 | കടയത്തൂർ ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6-ൽ പരാമർശവിധേയമായ നിക്ഷേപ വേലകൾക്കായി കെ.എസ്.ഇ.ബി. തൊടുപുഴ സർക്കിളിൽ 18,000 രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീതുകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിച്ചു എന്ന അസി. എഞ്ചിനീയറുടെ കത്ത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 25 | 58 | കടയത്തൂർ ഗ്രാമപഞ്ചായത്ത് | 2004-05-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 59 | ” | 2004-05-ലെ ഓഡിറ്റ് ഖണ്ഡിക 3.10-ൽ പരാമർശവിധേയമായ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീത്, ഗുണഭോക്തൃ ലിസ്റ്റ് മുതലായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തണം എന്ന് നിർദ്ദേശിക്കുന്നതോടൊപ്പം തുക നൽകിയതിന്റെ വൗച്ചറുകൾ ഹാജരാക്കിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 60 | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.3-ലെ ഓഡിറ്റ് പരാമർശവിധേയമായ ചെലവാക്കിയ തുകയുടെ കൈപ്പറ്റ് രസീതുകളുടെ പകർപ്പും എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 61 | കട്ടപ്പന ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.4-ൽ പരാമർശ തുകയായ 7,00,000 രൂപ ഗ്രാമവികസന ബോർഡിലേക്ക് തിരിച്ചടച്ചതിന്റെ സാക്ഷ്യപത്രം ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.6-ൽ 66,774 രൂപയുടെ തടസ്സത്തിന്മേൽ നിലവിൽ അവശേഷിക്കുന്ന 39,424 രൂപയുടെ വൗച്ചറുകളും രേഖകളും ഓഡിറ്റിന് ഹാജരാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 29 | 62 | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.8-ൽ പരാമർശിച്ചിട്ടുള്ള 1,06,168 രൂപ തിരികെ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 63 | ” | 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.2-ൽ പരാമർശവിധേയമായ 5,45,691 രൂപയിൽ 21,000 രൂപയുടെ തടസ്സം നീക്കാനും 5,24,691 രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 31 | 64 | ” | 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.1-ൽ 13,600 രൂപയുടെ മോട്ടോർ വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്താൻ സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 65 | ” | 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.15-ൽ ക്രമനമ്പർ 1-ൽ പരാമർശവിധേയമായ 12,70,694 രൂപയിൽ 7,25,455 രൂപയുടെയും ക്രമനമ്പർ 2-ലെ 53,000 രൂപയുടെയും വിനിയോഗ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയ്ക്കുള്ള ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ആയതിൽ രേഖകൾ ഹാജരാക്കാൻ അവശേഷിക്കുന്ന യഥാക്രമം 91,186, 1,91,054 എന്നീ തുകകളുടെ വിനിയോഗം സംബന്ധിച്ചുള്ള ഫയലുകളും വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 33 | 66 | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | ക്രമനമ്പർ 3-ൽ 17,50,000 രൂപയുടെ പദ്ധതിക്ക് 2,00,000 രൂപ പിൻവലിച്ചും 12,500 രൂപ ചെലവാകുന്ന പരിശീലന പരിപാടിക്ക് 37,400 രൂപ ചെലവഴിച്ചും പദ്ധതി പ്രകാരമുള്ള ആസ്തി സൃഷ്ടിക്കാതെ പണം ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള തുക പിന്നീട് വിനിയോഗിച്ചിട്ടുണ്ടോ എന്നും എങ്കിൽ എങ്ങനെയാണ് വിനിയോഗിച്ചതെന്നും അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തുക ഇപ്പോഴും അതേ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെങ്കിൽ പദ്ധതിയുടെ ആവശ്യത്തിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ചട്ടപ്രകാരം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു. പരിശീലനത്തിനായി അധികം ചെലവിട്ട തുകയായ 24,900 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 67 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.13-ൽ പരാമർശിച്ചിട്ടുള്ള 5,19,418 രൂപ ചെലവഴിച്ചതു സംബന്ധിച്ച രേഖകൾ അടിയന്തരമായി ഹാജരാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാനും അതിൽ വീഴ്ച വരുത്തുന്നപക്ഷം ടിയാന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മതിയായ രേഖകളില്ലാതെയോ ക്രമവിരുദ്ധമായോ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ടി തുക ഉത്തരവാദികളായവരിൽനിന്ന് ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 35 | 68 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 2002-03-ലെ ഓഡിറ്റ് ഖണ്ഡിക 3.10-ൽ പരാമർശിച്ചിട്ടുള്ള മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി കിട്ടിയ 5.46 ആർ. സ്ഥലം പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുവാനും കൺവീനറിൽ നിന്നും തിരിച്ചീടാക്കുവാനുള്ള 42,514 രൂപ 12% പലിശസഹിതം ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കെട്ടിടനിർമ്മാണം പൂർത്തിയായതു സംബന്ധിച്ചുമുള്ള റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 69 | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.12-ൽ പരാമർശവിധേയമായ 16,050 രൂപയുടെ വിനിയോഗം സംബന്ധിച്ച വൗച്ചറുകളും അനുബന്ധരേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 70 | ,, | 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.11(2)-ലെ 42,295 രൂപ ചെലവഴിച്ച ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥനിൽ നിന്നും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടാനും അവ സമർപ്പിക്കാത്തപക്ഷം പ്രസ്തുത തുക ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 71 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 2004-05-ലെ ഓഡിറ്റ് ഖണ്ഡിക 3.3-ലെ പരാമർശത്തുകയായ 8,235 രൂപ, ഖണ്ഡിക 3.7-ൽ പരാമർശിച്ചിട്ടുള്ള 5,02,292 രൂപ എന്നിവയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 39 | 72 | വണ്ടൻമേട് ഗ്രാമപഞ്ചായത്ത് | 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 3.14-ലെ പരാമർശവിധേയമായ 10,80,165 രൂപയിൽ കേവലം 90,175 രൂപയുടെ വിനിയോഗ വിവരങ്ങൾ മാത്രമേ ഹാജരാക്കിയിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന 9,89,990 രൂപയുടെ വിനിയോഗം സംബന്ധിച്ച ഫയലുകളും വൗച്ചറുകളും കൈപ്പറ്റ് രസീതുകളും ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 76 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രേഖകളും രജിസ്റ്ററുകളും കൃത്യമല്ലാത്ത അവസ്ഥയ്ക്ക് പരിഹാരമായിട്ടാണ് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായമായ സാംഖ്യ സോഫ്റ്റ്‌വെയർ നിലവിൽവന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതിയും വരവ്-ചെലവ് കണക്കുകളും കൃത്യമായി അറിയുന്നതിന് ഉപയുക്തമായ രീതിയിലാണ് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം രൂപപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതനുസരിച്ച് ക്യാഷ് ബുക്ക്, വരവ്-ചെലവ് രജിസ്റ്റർ തുടങ്ങിയവ എഴുതി പരിപാലിക്കുന്നതിൽ ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 41 | 77 | തദ്ദേശസ്വയംഭരണ വകുപ്പ് (7 ഗ്രാമപഞ്ചായത്തുകൾ) | മൂന്നാർ, ശാന്തൻപാറ, ഉപ്പുതറ, വണ്ടിപ്പെരിയാർ, സേനാപതി, നെടുങ്കണ്ടം, രാജാക്കാട് എന്നീ ഗ്രാമപഞ്ചായത്തുകൾ രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി ഓഡിറ്റിന് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 42 | 78 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 79 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ചും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചും പാസ് ബുക്കിൽ കാണപ്പെടുന്ന ബാക്കി തുകയായ 87,794 രൂപ സംബന്ധിച്ച അവ്യക്തത പരിഹരിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 44 | 80 | മരിയാപുരം ഗ്രാമപഞ്ചായത്ത് | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 45 | 81 | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 85 | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റിന് യഥാസമയം രേഖകൾ ഹാജരാക്കുന്നതിൽ വന്ന വീഴ്ചയാണ് മേൽപരാമർശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടാൻ കാരണമായതെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാസമയം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെന്നും അതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വൈദ്യുതി ബോർഡിൽ പണമടച്ച് എല്ലാ വാർഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി കരിമണ്ണൂർ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചത് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 47 | 93 | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന പദ്ധതിക്കായി 1,95,736 രൂപയുടെ കമ്പ്യൂട്ടർ വാങ്ങിയെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ പരിശീലനം നടത്തുകയോ ചെയ്തിട്ടില്ലെന്നും ക്യാഷ് ബിൽ പ്രകാരം വാങ്ങിയതിൽ 54,536 രൂപയുടെ സാധനങ്ങൾ കുറവുള്ളതായും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. സാധനങ്ങൾ വാങ്ങുന്നതിനുമുമ്പ് പദ്ധതി നടത്തിപ്പിനുള്ള സാധ്യത വിലയിരുത്തുകയോ സാങ്കേതിക പരിജ്ഞാനമുള്ള വിദഗ്ദ്ധരെ കൊണ്ട് ആധികാരികമായി ഗുണനിലവാരം പരിശോധിപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പഞ്ചായത്തിനുണ്ടായ നഷ്ടത്തിനുത്തരവാദിയായ പദ്ധതി നിർവ്വഹണകാലത്തെ സെക്രട്ടറി കമ്പ്യൂട്ടർ വാങ്ങി പരിശീലനം നടത്തിയെന്നും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും സമിതി മുമ്പാകെ വിശദീകരിച്ചതിന്റെ ആധികാരികത പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ ടിയാന്റെ ന്യായവാദങ്ങൾ ശരിയല്ലെന്ന് സൂചിപ്പിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ആരംഭിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാനും നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 48 | 95 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് അധികമായി വാങ്ങിയ സിമന്റ് വിലയായ 16,800 രൂപ, നഷ്ടത്തിന് ഉത്തരവാദികളിൽ നിന്നും പൂർണ്ണമായും ഈടാക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 49 | 98 | അടിമാലി ഗ്രാമപഞ്ചായത്ത് | കലുങ്ക് നിർമ്മാണ പ്രവൃത്തിയിലൂടെ നഷ്ടം വന്ന 40,114 രൂപ ഉത്തരവാദികളിൽ നിന്നും പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയെങ്കിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും അല്ലാത്തപക്ഷം ടി രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്താനും സമിതി ശിപാർശ ചെയ്യുന്നു. |
| 50 | 105 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | കേരള വികസന പദ്ധതി പ്രകാരം കുട്ടികളുടെ പാർക്ക്, കാർഷിക നഴ്സറി എന്നിവയ്ക്ക് വാങ്ങിയ 70 സെന്റ് സ്ഥലം പുനർനിർണ്ണയിച്ചപ്പോൾ 7.7 സെന്റ് സ്ഥലത്തിന്റെ കുറവുള്ളതായും ആയിനത്തിൽ പഞ്ചായത്തിന് 77,062 രൂപയുടെ നഷ്ടമുള്ളതായും സമിതി നിരീക്ഷിച്ചു. നഷ്ടോത്തരവാദിയായ, സെക്രട്ടറിയുടെ ചാർജ്ജുണ്ടായിരുന്ന ഹെഡ് ക്ലാർക്കിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും പഞ്ചായത്തിന് നഷ്ടംവന്ന തുകയായ 77,062 രൂപയും പലിശയും ചേർത്ത് 84,769 രൂപ ഈടാക്കിയിട്ടുള്ളതായി കാണുന്നു. പിഴപ്പലിശയിനത്തിൽ ടിയാനിൽ നിന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ലഭിക്കാനുള്ള 31,691 രൂപ ഈടാക്കുന്നതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് ഇപ്പോൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണെന്നും അതിൽ പഞ്ചായത്ത് കക്ഷി ചേർന്നിട്ടുണ്ടെന്നും സർക്കാർ ലഭ്യമാക്കിയ കുറിപ്പിൽ നിന്നും മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കേസ് തീർപ്പാക്കുന്നതിനാവശ്യമായ നടപടി ത്വരിതപ്പെടുത്തി ട്രൈബ്യൂണലിന്റെ വിധിപ്രകാരം മേൽനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 112 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് & തദ്ദേശസ്വയംഭരണ വകുപ്പ് | കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി കേരള വികസന പദ്ധതി വിഹിതത്തിൽ നിന്നും 80,000 രൂപയും തനത് ഫണ്ടിൽ നിന്നും 4,70,000 രൂപയും ഉൾപ്പെടെ 5,50,000 രൂപ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ അംഗീകരിച്ച ഏജൻസിവഴിയും ഫീസ് നിരക്കിലും മാത്രമേ പരിശീലന പദ്ധതി നടപ്പിലാക്കാവൂ എന്ന വ്യവസ്ഥയെ മറികടന്ന് ഒരു സ്വകാര്യ സ്ഥാപനത്തിന് കരാർ നൽകിയതിലൂടെ പദ്ധതി നിർവ്വഹണത്തിൽ അനുവർത്തിക്കേണ്ട ചട്ടങ്ങളുടെ ലംഘനമാണ് നടന്നതെന്ന് സമിതി അനുമാനിക്കുന്നു. 770 പേർക്ക് 3 മാസക്കാലയളവിനുള്ളിൽ പരിശീലനം നൽകി എന്നു പറയുന്നത് വിശ്വസനീയമല്ലെന്ന് വിലയിരുത്തുന്ന സമിതി, വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിക്കുന്ന തുക സർക്കാർ പുറപ്പെടുവിക്കുന്ന നിബന്ധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ചെലവഴിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. കമ്പ്യൂട്ടർ പരിശീലന പദ്ധതി സംബന്ധിച്ച രേഖകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുവാനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കണ്ടെത്തി ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നഷ്ടത്തിനുത്തരവാദിയായ ശ്രീ. ജയൻ എന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും രേഖകൾ ലഭ്യമല്ലെന്ന വിഷയത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ടിയാനെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും നഷ്ടത്തിന് ഉത്തരവാദികളായ ശ്രീ. സുനിൽ സെബാസ്റ്റ്യൻ, ശ്രീ. വിജയൻ എന്നിവർ സർവ്വീസിൽ തുടരുന്നതിനാൽ അവർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പുനൽകിയിരുന്നു. എന്നാൽ ആയത് സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതിയാവശ്യപ്പെട്ട വിവരങ്ങൾ നല്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും എത്രയുംവേഗം ലഭ്യമാക്കണമെന്നും ക്രമവിരുദ്ധമായ ചെലവ് നടത്തിയവർക്കെതിരെ നടപടിയെടുക്കണമെന്നും യഥാർത്ഥ നഷ്ടത്തുക നിർണ്ണയിച്ച് ഉത്തരവാദികളായ വരിൽനിന്ന് ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 52 | 116 | ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് & ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് | ആശ്രയ ഭവനനിർമ്മാണ പദ്ധതി പ്രകാരം നിർമ്മാണസാമഗ്രികൾ വാങ്ങിയതിലേക്ക് ഒരു സ്വകാര്യ സ്ഥാപനത്തിന് 5,21,197 രൂപ നല്കിയതായി കാണുന്നു. ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിലും ടെണ്ടറോ ക്വട്ടേഷനോ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിരുന്നില്ലായെന്നും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലോ സ്റ്റോക്ക് രജിസ്റ്ററോ ഹാജരാക്കിയിരുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിൽ അപാകങ്ങൾ ഒന്നും പരിഹരിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കിയിട്ടില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. ആയതിനാൽ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും അവ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നപക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ മേൽ ഇടുക്കി ജില്ലയിലെ

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ/വകുപ്പിന്റെ പേര്) സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ന്യൂനതാ

പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച് നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.30.1 | | തടസ്സപ്പെടുത്തിയ തുകയ്ക്ക് സർചാർജ്ജ് നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ആഫീസർ ശ്രീ. എം.എസ്. ജോൺസൺ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ടിയാനെ നേരിൽ കേൾക്കുകയും പ്രാദേശിക പരിശോധന നടത്തി രേഖകളും വൗച്ചറുകളും പരിശോധിക്കുകയും ചെയ്തു. പ്രാദേശിക പരിശോധനയിൽ കൃഷി ആഫീസറുടെ മറുപടിയും ഹാജരാക്കിയ രേഖകളും ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് മതിയായ രേഖകളായി കണ്ടതിനാൽ ബഹു. നിയമസഭാ സമിതിയുടെ അനുമതിക്ക് വിധേയമായി പരാമർശം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് ഡയറക്ടർക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. |
| 2 | 2005-06 | 2.30.2 | | |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ വട്ടവട ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.31.1 | | പെരിയകുടി- വലസപ്പെട്ടി റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്ക് ഗുണഭോക്തൃസമിതി കൺവീനർ അഡ്വാൻസ് ഇനത്തിൽ 81,335 രൂപ കാശായും 21173 രൂപ വില വരുന്ന 30.247 ടൺ അരിയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർക്കിൽ രേഖകൾ കൃത്രിമമായി ചമച്ച് തുക കൈപ്പറ്റിയെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം കണ്ടെത്തിയതിനെ തുടർന്ന് തുക കൈപ്പറ്റിയെന്നു പറയുന്ന ടി പ്രവർത്തിയുടെ കൺവീനർ ശ്രീ. രാജേന്ദ്രൻ S/o അയ്യാസ്വാമി, വലസപ്പെട്ടി, കൊട്ടകൂമ്പൂർ പി. ഒ., ഇടുക്കി ജില്ല എന്നയാൾക്ക് കൈപ്പറ്റിയ തുക പലിശ സഹിതം രണ്ടാഴ്ചയ്ക്കകം തിരിച്ചടയ്ക്കുന്നതിന് ഈ ഓഫീസിൽ നിന്ന് 11.3.2013 തിയതിയിൽ എ1-102/13 നമ്പറായി നോട്ടീസ് നൽകി, എന്നാൽ ടിയാളുകൾക്ക് ഇതുമായി ബന്ധമില്ലായെന്നും ആരോപണത്തിൽ നിന്ന് ഒഴിവാക്കണമെന്നും 31.3.2013 തിയതിയിൽ രേഖാമൂലം ബോധിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ഇടുക്കി നടത്തിയ അന്വേഷണത്തിൽ ടി. കാലയളവിൽ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന യു.ഡി.ക്ലർക്ക് ശ്രീ. ഡി. രാജനാണ് ഉത്തരവാദിയായിട്ടുള്ളതെന്നും, ടിയാൻ മരിച്ചുപോയതു കൊണ്ടും വാർഡ് മെമ്പർ ശ്രീ. എ. ദേവരാജിനും മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാജമ്മയ്ക്കും എതിരെയുള്ള ആരോപണം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്തതു കൊണ്ടും തുടർനടപടികൾ ആവശ്യമില്ലായെന്ന ശുപാർശയോടു കൂടി അന്വേഷണ |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് 12.6.2005 തിയതിയിൽ വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് വിജിലൻസ് ഡയറക്ടറുടെ 4.3.08 തിയതിയിലെ ഇ6(വിജ–28/05/ഐഡികെ)36442/2005 നമ്പർ കത്ത് പ്രകാരം വിജിലൻസ് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളതും 19.6.2008 ലെ 2440/ഡി3/2008/വിജി നമ്പർ കത്ത് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് തുടർ നടപടികൾക്കായി അയച്ചു കൊടുത്തിട്ടുള്ളതായും കാണുന്നു. ഗുണഭോക്തൃസമിതി കൺവീനർ ആയ ശ്രീ. രാജേന്ദ്രനെക്കുറിച്ചും ചെയർമാൻ ശ്രീ. രംഗസ്വാമിയെക്കുറിച്ചും ഇടുക്കി യൂണിറ്റ് വി.എ.സി.ബി. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 13.2.13 തിയതിയിലെ വിജ–28/05/ഐഡികെ നമ്പർ കത്തിൽ പരാമർശിക്കപ്പെട്ടു കാണുന്നില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. ഡി. രാജൻ മരിച്ചുപോയിട്ടുള്ളതിനാലും തുടർ നടപടികൾ സാദ്ധ്യമല്ലാത്തതിനാലും വാർഡ് മെമ്പർ ശ്രീ. എ. ദേവരാജിനെതിരെയും മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാജമ്മയ്ക്കെതിരെയും ഗുണഭോക്തൃസമിതി കൺവീനർ എന്നു പറയുന്ന ശ്രീ. രാജേന്ദ്രനെതിരെയും ചെയർമാൻ ശ്രീ. രംഗസ്വാമിയ്ക്കെതിരെയും ആരോപണങ്ങൾ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലാത്തതിനാലും 30.4.13 തിയതിയിൽ നടന്ന പഞ്ചായത്ത് കമ്മിറ്റി 6(5) നമ്പർ തീരുമാന പ്രകാരം ടി പരാമർശം ഒഴിവാക്കുന്നതിന് നിയമസഭ സമിതിയോട് അപേക്ഷിച്ചു തീരുമാനിച്ചിട്ടുണ്ട് |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ നെടുംകണ്ടം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 2.32.1 | | കൃഷി ആഫീസറായിരുന്ന ശ്രീ.ബാബു അലക്സാണ്ടറിൽ നിന്നും 96250/-രൂപ ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ എഫ് 18107/എസ് പി സെൽ(എസ്.2)03. തീയതി. 31/03/2004 കത്ത് പ്രകാരം സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 96250/ രൂപയും പലിശയും മറ്റു ചിലവുകളും റവന്യൂ റിക്കവറി നടപടിയിലൂടെ വസൂലാക്കണമെന്ന് അപേക്ഷിച്ച് 22/09/06-ൽ ഫോറം 24 ൽ ഉള്ള അപേക്ഷ ബഹു. ഇടുക്കി ജില്ലാ കള്ക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇതു സംബന്ധിച്ച് കളക്ട്രേറ്റിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ 20/11/08ലും, 02/05/09 ലും ബഹു. ജില്ലാകളക്ടർക്ക് ഓർമകുറിപ്പുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതൊടൊപ്പം തന്നെ വകുപ്പ് തല നടപടികളിലൂടെ പഞ്ചായത്തിന് നഷ്ടമായ തുക വസൂലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. കൃഷി ഡയറക്ടർ ടി കൃഷി ആഫീസർ നിലവിൽ സർവ്വീസിലില്ല എന്നും എന്നെങ്കിലും സർവ്വീസിൽ പുനപ്രവേശിക്കുകയാണെങ്കിൽ ടിയാനിൽ നിന്നും തുക ഈടാക്കി നൽകുന്നതിന് ടിയാൻ അവസാനം ജോലി ചെയ്തിരുന്ന കാസർഗോഡു ജില്ലയിലെ പ്രിൻസിപ്പിൾ കൃഷി ആഫീസർക്ക് 10.10.2009ൽ നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണ്. ടി കൃഷി ആഫീസർ ജോലിയിൽ പുനപ്രവേശിച്ചിട്ടുണ്ടോ എന്നുള്ള വിവരം നൽകണമെന്ന് അഭ്യർത്ഥിച്ച് 27.02.2013ൽ പ്രിൻസിപ്പിൾ കൃഷി ആഫീസർ കാസർഗോഡിന് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു.ഇടുക്കി ജില്ലാ കളക്ടർക്ക് 27.02.2013ൽ ഓർമ്മ കുറിപ്പ് നൽകിയിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 2 | 2005-06 | 2.32.2 | | കൃഷി ആഫീസറായിരുന്ന ശ്രീ.ബാബു അലക്സാണ്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന് നടപ്പാക്കിയിട്ടുള്ള പ്രോജക്ടുകളിൽ വ്യാപകമായ ക്രമക്കേടും, ധനനഷ്ടവും വരുത്തിയിട്ടുള്ളതായി ആഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതനുസരിച്ച് ടിയാൻ പഞ്ചായത്തിന് നഷ്ടം വരുത്തിയിട്ടുള്ള തുക ഈടാക്കി നൽകണമെന്നഭ്യർത്ഥിച്ച് ബഹു.കൃഷി ഡയറക്ടർക്ക് 10.08.2009, 15.10.2009, എന്നീ തീയതികളിൽ ഉചിതമാർഗ്ഗേന പഞ്ചായത്ത് കത്തുകൾ നൽകിയിട്ടുള്ളതും 15.10.2009-ൽ ടിയാന്റെ പേരിലുള്ള ബാധ്യതാ സാക്ഷ്യപത്രം ബഹു.കൃഷി ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്.18.11.2009-ൽ ബഹു.പഞ്ചായത്ത് ഡയറക്ടർക്ക് ബഹു.കൃഷി ഡയറക്ടർ ടി കൃഷി ആഫീസർ നിലവിൽ സർവ്വീസിൽ ഇല്ല എന്നും ടിയാൻ എന്നെങ്കിലും ജോലിയിൽ തിരികെ പ്രവേശിച്ചാൽ ടിയാനിൽ നിന്നും പഞ്ചായത്തിന് നഷ്ടം വരുത്തിയിട്ടുള്ള തുക ഈടാക്കി നൽകുന്നതിന് 23.11.2010-ൽ കാസർഗോഡ് പ്രിൻസിപ്പിൾ കൃഷി ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബഹു.വകുപ്പ് കൃഷി ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്. ടി കൃഷി ആഫീസർ തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ടിയാനിൽ നിന്നും പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കി നൽകണമെന്ന് അഭ്യർത്ഥിച്ച് 25.05.2013-ൽ കാസർഗോഡ് പ്രിൻസിപ്പിൾ കൃഷി ആഫീസർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻ മേൽ മൂന്നാർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാരനടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ടിന്റെ വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക | | ഓഡിറ്റ് പരാമർശത്തിൽ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.33.1 | | 1. പഞ്ചായത്ത് മിനി ഷോപ്പിംഗ് കോംപ്ലക്സിലെ 38 മുറികളിൽ 38 മുറികൾക്കും വാടക പുതുക്കി എഗ്രിമെന്റ് വച്ചിട്ടുള്ളതാണ്. ഇതുവരെയുള്ള എല്ലാ കുടിശ്ശികയും പിരിച്ചെടുത്തിട്ടുണ്ട്.<br>2. പഞ്ചായത്ത് ബസ്സ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 20 മുറികളുടെയും ഇതുവരെയുള്ള വാടക കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട് |

KRUPANANDAN K.R.
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat
Thiruvananthapuram

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2006-07) ഇടുക്കി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.35.1 | | **ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി 59250/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.**<br><br>പാറത്തോട് - പുൽമേട് എസ്.സി കോളനി വൈദ്യുതീകരണത്തിന് വേണ്ടി കെ.എസ്.ഇ.ബിയിൽ 28.3.2003-ൽ ടി തുക നിക്ഷേപിച്ചിട്ടുള്ളതും ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും സാക്ഷ്യപത്രം ലഭിക്കുന്നതിനുവേണ്ടി 10.10.2013 -ലെ എ-4162/13 പ്രകാരം അപേക്ഷ നല്കിയിട്ടുണ്ടെന്നും കൂടാതെ 28.11.13-ൽ ഓർമ്മക്കുറിപ്പ് നൽകിയതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**മരിയാപുരം ഗ്രാമ പഞ്ചായത്ത്- കെ.എസ്.ഇ.ബി 38320/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.**<br><br>പാവൂർമേട് മരിയാപുരം ജലസേചന പദ്ധതിക്കായി പിൻവലിച്ച 5370/- രൂപ 13.5.2008-ലെ 30130/66 നമ്പർ രസീത് പ്രകാരം കൃഷി ആഫീസർ തിരിച്ചടച്ചിട്ടുണ്ട്. പാവൂർമേട് ജലസേചന പദ്ധതിയുടെ അവശേഷിക്കുന്ന തുകയായ 32950/- രൂപയുടെ പൂർത്തീകരണസാക്ഷ്യപത്രം കെ.എസ്.ഇ.ബി അസി.എഞ്ചിനീയറിൽ നിന്നും 03.012.2013 ൽ ലഭിച്ചതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | **<u>കുടയത്തൂർ ഗ്രാമ പഞ്ചായത്ത്- കേരള വാട്ടർ അതോറിറ്റി 51215/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.</u>**<br><br>1. പ്രൊജക്റ്റ് നമ്പർ 5/2003-04 ചക്കിക്കാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്. കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും 2/12/2013-ൽ ലഭിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, 3/12/2013-ൽ എ1-81/2013 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിട്ടുള്ളതാണ്.<br>2. മോർക്കാട് കുടിവെള്ള പദ്ധതിയുടെ ചെയർമാൻ, കൺവീനർ, ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങൾ എന്നിവർക്കെതിരെ പഞ്ചായത്ത് കമ്മിറ്റിയുടെ 3.11.2013-ലെ 7(1) നമ്പർ തീരുമാന പ്രകാരം ആർ.ആർ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br><br>**<u>കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്- കേരള വാട്ടർ അതോറിറ്റി 85827/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.</u>**<br><br>കൃഷി ആഫീസർ നിർവഹണ ഉദ്യോഗസ്ഥനായ (1) വെങ്ങാലൂർ ജലസേചനപദ്ധതി ക്കായി 12500/- രൂപ ഉപയോഗിച്ച് കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ട് എന്നും മറ്റു പണികൾ പൂർത്തീകരിച്ച് ബില്ല് നൽകിയിട്ടില്ലാത്തതും കൺവീനർ മരിച്ചുപോയിട്ടുള്ളതാണെന്നും കൃഷി ആഫീസർ രേഖാമൂലം അറിടിച്ചിട്ടുണ്ടെന്നും വാല്വേഷൻ എടുത്ത് ആഡിറ്റിൽ ഹാജരാക്കാൻ കൃഷി ആഫീസറോട് 30.08.13 ൽ എ1-1866/13 കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (2) തടസ്സ തുകയായ 85827/- രൂപയിൽ ചൂരക്കാട്ടുപടി ജലസേചനം എന്ന പദ്ധതിക്ക് 73327/- രൂപയുടെ പണി പൂർത്തീകരിച്ച എം.ബുക്ക് പ്രകാരം തുക നൽകിയിട്ടുള്ളതാണെന്ന് കൃഷി ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആഡിറ്റിന് ഹാജരാക്കുന്നതിന് 28.11.13 |

| | | | | |
|---|---|---|---|---|
| | | | | ൽ കൃഷി ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | 2006–07 | 3.35.2 | | **<u>പള്ളിവാസൽ ഗ്രാമ പഞ്ചായത്ത്–</u>**<br><br>വിവിധ മരാമത്തു പ്രവൃത്തികളുടെ (11 എണ്ണം) ഫയലുകൾ ഹാജരാക്കാത്തതിനാൽ 294315/– രൂപ തടസ്സപ്പെടുത്തിയതാണ് പരാമർശ വിഷയം. പ്രസ്തുത ഫയലുകൾ കണ്ടെടുക്കുകയും 27.11.2013–ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനക്കായി നൽകുകയും ചെയ്തിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>സേനാപതി ഗ്രാമ പഞ്ചായത്ത്–</u>**<br><br><u>തടസ്സപ്പെടുത്തിയ തുക – 21396/–</u><br><br>1. പ്യൂൺ കറുപ്പസ്വാമിയുടെ ശമ്പള റിക്കവറി അടച്ച രസീത് 6000/– രൂപ. കേരള സംസ്ഥാന പട്ടിക ജാതി പരിവർത്തിത കൃസ്ത്യാനി വികസന കോർപ്പറേഷനിൽ നിന്നും ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്.<br>2. എൽ.ഡി.ക്ലാർക്ക് വി.ആർ.ഈശ്വരദാസിന്റെ ഉപജീവന ബത്തയിൽ നിന്നും ഈടാക്കിയ 4500/– രൂപയും പ്യൂൺ കറുപ്പ് സ്വാമിയുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ 3846/– രൂപയും പഞ്ചായത്ത് എംപ്ലോയീസ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയിൽ അടച്ചിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>3. രാജകുമാരി കാർത്തികേയ പ്രിന്റേഴ്സിൽ നിന്നും അച്ചടിച്ച ലറ്റർ പാഡുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിയോഗം നിരീക്ഷിച്ചില്ല എന്നതിനാൽ 7050/– രൂപ തടസ്സപ്പെടുത്തിയിരുന്നതും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതും പൂർണ്ണമായി വിനിയോഗിച്ചിട്ടുള്ളതുമാണ്. മേൽ വിവരങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | 3.12.13-ലെ ബി3-2004/07 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തു.<br>4. 78268/- രൂപയുടെ (ഖണ്ഡിക 2.10, 2002-03) തടസ്സം സറണ്ടർ ചെയ്ത് ലഭിച്ച സ്ഥലങ്ങൾ പട്ടയമില്ലാത്തവയായതിനാലാണ് വില്ലേജ് ആഫീസർ മേലൊപ്പ് വയ്ക്കാതിരുന്നത്. ഈ സ്ഥലങ്ങൾ പഞ്ചായത്തിന്റെ കൈവശത്തിൽ തന്നെയാണ്. ടി വിവരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 11.11.13-ലെ എൽ.എഫ്.ഐ. 12/699/2011 നമ്പർ കത്തു പ്രകാരം ടി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.<br><br>**<u>ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത്-</u>**<br><br>1. ദേശാഭിമാനി പത്രത്തിന് 3600/- രൂപ വരിസംഖ്യ നല്കിയ തുകയ്ക്കുള്ള രസീത് പരിശോധനയിൽ ലഭ്യമായിട്ടില്ല.<br>2. കൃഷി ആഫീസറുടെ പ്ലാൻ പി.ഡി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകയായ 54250/- രൂപയുടെ വൗച്ചറുകളും ഫയലുകളും ലോക്കൽ ഫണ്ട് അധികാരികളുടെ മുൻപിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 10.10.2013-ൽ കൃഷി ആഫീസർക്ക് കത്തു നൽകിയിട്ടുണ്ട്.<br>3. നെടുങ്കണ്ടം പോളിടെക്നിക് സ്ഥലമെടുപ്പിന് വേണ്ടി പഞ്ചായത്ത് വിഹിതം 200000/- രൂപ 8.3.03-ൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന് നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രത്തിനുള്ള അപേക്ഷ 28.11.12-ൽ നൽകുകയും ലഭിക്കാത്തതിനാൽ 2.12.13-ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.<br>4. കഞ്ചിക്കലയം കോളനിയിൽ കുഴൽ കിണർ നിർമ്മാണത്തിന് വേണ്ടി 30000/- രൂപ ചെലവഴിച്ച് കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. കോളനി നിവാസികൾ |

പ്രസ്തുത കുഴൽ കിണർ ഇപ്പോഴും ഉപയോഗിച്ചുവരുന്നതുമാണ്.

5. നെടുങ്കണ്ടം സബ് ട്രഷറി ആഫീസിൽ വിൽപന നികുതിയായി അടച്ചിട്ടുള്ള 116766/- രൂപയുടെ റെമിറ്റൻസ് സർട്ടിഫിക്കറ്റിനായി 02.12.13-ൽ കത്ത് നല്കിയിട്ടുണ്ട്.

<u>മരിയാപുരം ഗ്രാമ പഞ്ചായത്ത്-</u>

തടസ്സപ്പെടുത്തിയ തുക 88656/-: അച്ചടി ചെലവുകൾക്കായി പരസ്യം നല്കി ക്വട്ടേഷൻ സ്വീകരിക്കാത്തതും മരാമത്തു ബില്ലുകളിൽ നിന്നും ഈടാക്കിയ വിൽപ്പന നികുതി , നിർമ്മാണ ക്ഷേമനിധി എന്നിവയുടെ ചെല്ലാൻ ലഭ്യമാക്കാത്തതുമായ ഓഡിറ്റ് പരാമർശങ്ങളെ സംബന്ധിച്ച് വിശദീകരണത്തിനായി 27.3.2007-ൽ അന്നത്തെ സെക്രട്ടറിക്ക് കത്ത് നൽകി. 25.11.13 തീയതിയിൽ എ1-3571/13 നമ്പറായി വീണ്ടും കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ചെല്ലാനുകളുടെ റെമിറ്റൻസ് സർട്ടിഫിക്കറ്റിനായി പൈനാവ് സബ് ട്രഷറിയിൽ 25.11.13 തീയതിയിൽ എ1-3573/13 നമ്പരായി നൽകിയ കത്ത് പ്രകാരം ട്രഷറി ഓഫീസർ നൽകിയ മറുപടിയിൽ 452810 തീയതി: 31.3.04 നമ്പർ ചെക്കിൽ ഓഡിറ്റ് പരാമർശത്തിലുള്ള തുക അല്ല മാറിയിരിക്കുന്നതെന്നും ജോബി സ്കറിയ , ബിജു വർഗ്ഗീസ് എന്നിവരുടെ പേരിൽ 31.12.04-ൽ മാറിയിരിക്കുന്ന ചെക്കാണ് ഇതെന്നും അറിയിച്ചിരിക്കുന്നു. 457812/: 31.3.2004 നമ്പർ ചെക്ക് ട്രഷറിയിൽ നിന്നും പാസ്സാക്കിയിട്ടില്ല എന്നുകാണിച്ച് മറുപടി ലഭിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ കാണിച്ച് ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് 3.12.13 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്.

**നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത്-**

തടസ്സപ്പെടുത്തിയ തുക - 30391/- (2003 04 ഖണ്ഡിക 3.4)

1. 2003-04-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 2814/- രൂപ തൃക്കാക്കര ഗ്രാമ പഞ്ചായത്തിൽ 31.03.2004 ലെ 83/26120-ാം നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
2. 2003-04 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ആഫീസിലെ ഉപയോഗത്തിനുവേണ്ടി വാങ്ങിയ 3077/- രൂപയുടെ ഫാറങ്ങളും രജിസ്റ്ററുകളും ആഫീസിൽ ഉപയോഗിച്ചിട്ടുള്ളതാണെന്നും തടസ്സം ഒഴിവാക്കാവുന്നതാണെന്നും അഭ്യർത്ഥിച്ച് പഞ്ചായത്ത് ഭരണസമിതി 13.09.2013 ലെ 1(4) പ്രകാരം ഏകകണ്ഠമായി എടുത്ത തീരുമാനം തുടർ നടപടികൾക്കായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 26.11.13 ൽ എഎസ് 11737/13 നമ്പരായി കത്ത് നൽകിയിട്ടുണ്ട്.
3. അംഗനവാടികൾക്ക് നൽകാൻ 50 പ്ലാസ്റ്റിക് കസേരകളുടെ വില യുണൈറ്റഡ് സെയിൽസിന് നൽകിയത് 14900/- രൂപ കസേരയുടെ വിതരണ വിവരണം ലഭ്യമല്ല എന്ന സംഗതിയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് 26.11.13 ൽ ജെഎസ്-11737/13 നമ്പരായി കത്ത് നൽകിയിട്ടുണ്ട്.
4. ജീവനക്കാരുടെ ശമ്പള ബില്ലിൽ പിടിച്ച ട്രാൻസ്ഫർ പേ അഡ്വാൻസ് തുക 6000/- രൂപയുടെ രസീതോ പേമെന്റ് സർട്ടിഫിക്കറ്റോ നൽകണമെന്ന് ആവശ്യപ്പെട്ട് 15.05.2008 ലും 26.11.2013 ലും എ2-137/2007 നമ്പരായി വട്ടിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | | 5. ജീവനക്കാരുടെ ശമ്പള ബില്ലിൽ പിടിച്ച 3600/- രൂപ വെള്ളൂർ ഗ്രാമ പഞ്ചായത്തിന് നൽകിയതിന് രസീതോ പേമെന്റ് സർട്ടിഫിക്കറ്റോ നൽകണമെന്ന് ആവശ്യപ്പെട്ട് 15.05.2008 ലും 26.11.2013 ലും എ2-137/2007 നമ്പരായി വെള്ളൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>തടസ്സപ്പെടുത്തിയ തുക 15000/- രൂപ (2003-04 ഖണ്ഡിക 3.7)<br><br>1. ഭവന നിർമ്മാണ ധന സഹായം നൽകിയതിന്റെ കൈപ്പറ്റ് രസീതും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഹാജരാക്കുന്നതിന് 16.08.2007 ലും 26.11.2013 ലും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തടസ്സപ്പെടുത്തിയ തുക 86875/- രൂപ (2003-04 ഖണ്ഡിക 3.11)<br>1. പ്രധാനമന്ത്രിയുടെ ഗ്രാമീണ ജല വിതരണ പദ്ധതിക്കുവേണ്ടിയുള്ള ഗുണഭോക്തൃ വിഹിതം അടച്ചത് ഔദ്യോഗിക രസീതും വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 15.05.2008 ലും 26.11.2013 ലും കട്ടപ്പന കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടിവ് എൻജിനീയർക്ക് കത്ത് നൽകിയിരുന്നു.<br><br>തടസ്സപ്പെടുത്തിയ തുക 86335/- രൂപ (2003-04 ഖണ്ഡിക 3.12)<br>1. ക്ഷേമനിധി വിഹിതമായി 33998/- രൂപ ഡി.ഡി അടച്ചതിന്റെ ഔദ്യോഗിക രസീത് ലഭ്യമാക്കണമെന്ന് കാണിച്ച് 15.05.2008 ലും 26.11.2013 ലും എ2-137/2007 നമ്പരായി കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുള്ളതാണ്.<br>2. ആദായ നികുതി ഇനത്തിൽ 52327/- രൂപ എസ്.ബി.ടി. |

| | | | | |
|---|---|---|---|---|
| | | | | എറണാകുളം ശാഖയിൽ 05.04.2004 ൽ ഒടുക്ക് വരുത്തിയിട്ടുണ്ടെന്ന് കാണിച്ച് ബാങ്ക് അധികാരികൾ 16.08.2007 ൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും ടി വിവരം ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് 26.11.13ൽ എഎസ് -11737/13 നമ്പരായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.<br><br><u>തടസ്സപ്പെടുത്തിയ തുക 45000/- രൂപ (2003-04 ഖണ്ഡിക 3.17)</u><br><br>1. ഐ.സി.ഡി.എസ് സൂപ്രവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടിന്റെ ഫയലുകൾ രസീതുകൾ എന്നിവ ആഡിറ്റിന് ഹാജരാക്കുന്നതാണെന്ന് 21.05.2008 ൽ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് നിലവിലുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യണമെന്ന് ഐ.സി.ഡി.എസ് സൂപ്രവൈസർക്ക് 26.11.2013 ൽ ജെഎസ് - 11737/13 നമ്പരായി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br><u>**വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് -**</u><br><br><u>തടസ്സപ്പെടുത്തിയ തുക-63135/-</u><br><br>1. 2003-04 ൽ ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ ഉപ്പുതോട് ചിലമ്പിക്കുന്നേൽ പടി ജലസേചന പദ്ധതിക്കായി ചിലവഴിച്ച 47135/- രൂപയുടെ വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമായിട്ടുള്ളതും ആയത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2. 2003-04 ൽ ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയ മൃഗ ഡോക്ടർ നിർവ്വഹണം നടത്തിയ 16000/- രൂപയുടെ പ്രോജക്ടിന്റെ വൗച്ചറുകളും അനുബന്ധ |

രേഖകളും ലഭ്യമായിട്ടുള്ളതും ആയത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**രാജാക്കാട് ഗ്രാമ പഞ്ചായത്ത്-**

തടസ്സപ്പെടുത്തിയ തുക-38308/-(2003-04 ഖണ്ഡിക 3.2)

1 ശ്രീമതി ടി.കെ അമ്മണി യു.ഡി.ക്ലാർക്കിന്റെ ട്രാൻസ്ഫർ പേ അഡ്വാൻസായി നൽകിയ 3008/-രൂപ മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട് ആയത് ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോദ്ധ്യപ്പെടുത്തുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഫർണീച്ചർ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് എൻട്രി വരുത്തിയില്ല എന്നു കാണിച്ച് തടസ്സപ്പെടുത്തിയ 4050/- രൂപ 2003-04 ലെ സ്റ്റോക്ക് രജിസ്റ്ററിൽ 18-ാം പേജിൽ ചേർത്ത് എൻട്രി വരുത്തിയിട്ടുണ്ട്.

തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31258/-രൂപ അടച്ചതിനുള്ള രശീത് ആവശ്യപ്പെട്ട് 13.12.11 ലും. 25.11.13 ലും കത്ത് നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കുടയത്തൂർ ഗ്രാമ പഞ്ചായത്ത്-**

1. തടസ്സപ്പെടുത്തിയ തുക- 18000/-: യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 03.12.13 ൽ എ1-81/2013 കത്ത് പ്രകാരം ഹാജരാക്കിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. തടസ്സപ്പെടുത്തിയ തുക– 6000/–: മണൽ റോയൽറ്റി അടച്ച് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ചെല്ലാൻ നമ്പർ 258 തീയതി 2/11/04 & 53 തീയതി 2/2/05, ചെല്ലാന്റെ കോപ്പി ലോക്കൽ ഫണ്ട് ഓഡിറ്റ് മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണ്.

3. തടസ്സപ്പെടുത്തിയ തുക 5844/– രൂ :
കൃഷി ഓഫീസർ ശ്രീമതി. റെജി എ വർഗ്ഗീസിന് ഫയൽ ഹാജരാക്കി ആഡിറ്റ് തടസ്സം പരിഹരിക്കുന്നതിനു 17.4.07 ലെ എ1–107/07 നംപർ കത്തു പ്രകാരം നിർദ്ദേശം നൽകിയിരുന്നതും രേഖകൾ ഹാജരാക്കാത്തതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും തുക ഈടാക്കുന്നതിനുമായി നടപടി സ്വീകരിക്കുന്നതിനും 30.11.13 ലെ 07(2) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുള്ള വിവരം പ്രിൻസിപ്പൽ കൃഷി ആഫീസർ ഇടുക്കിയെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 30.11.13–ലെ എ1–81/13 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതും ടിയാന്റെ ശമ്പളത്തിൽ നിന്നും ടി തുക ഈടാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതുമാണെന്ന് സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

<u>ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്–</u>

2003–04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 3.3 ഖണ്ഡിക പ്രകാരം ലഭ്യമാക്കാതിരുന്ന 255445 രൂപയുടെ തടസ്സം–
20–5/03 – 25309/ ജോസ് തോമസ് 8957/26.5.2003
32–2/04 – 23573/– റെയിഡ്കോ – 47037/26.2.2004
46–2/04 – 13939/– വരൾച്ച ദുരിതാശ്വാസം 204539/28.2.2004
51–3/04 – 45821/– ജോണി 204578/30.3.2004
53–3/04 – 43330/– ജോൺസൺ 204574/30.3.2004
54–3/04 – 26167/– ജോസ് 204580/– 30.3.2004
55–3/04– 43325/– ജോർജ്ജ് 204581/30.3.2004

| | | | | |
|---|---|---|---|---|
| | | | | എന്നീ വൗച്ചറുകൾ എല്ലാം ലഭ്യമായിട്ടുള്ളതായും ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തെ അറിയിച്ചിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.<br><br>**<u>കട്ടപ്പന ഗ്രാമ പഞ്ചായത്ത്-</u>**<br><br>1. തടസ്സപ്പെടുത്തിയ തുക 700000/-: ഉടുമ്പൻചോല തഹസിൽദാരിൽ ടി തുകയുടെ കൈപ്പറ്റ് രസീത് 30.11.2013-ൽ ലഭ്യമായിട്ടുണ്ട്. ആയത് 03.12.13 ൽ എ1 6001/13 കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.<br>2. തടസ്സപ്പെടുത്തിയ തുക 66774/-രൂപയിൽ 27350/- രൂപയുടെ കൈപ്പറ്റ് രസീതുകൾ ലഭ്യമായിട്ടുള്ളതും തടസ്സപ്പെടുത്തിയ 27445/- രൂപയുടെ തടസ്സമൊഴിവാക്കാൻ സ്റ്റോക്ക് രജിസ്റ്റർ ക്രമ പ്പെടുത്തിയിട്ടുണ്ട് എന്നും ബാക്കി 11979/- രൂപയുടെ തടസ്സങ്ങൾ പരിഹരിക്കാനാകാതെ നില നിൽക്കുന്നതായും ടി തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>3. തടസ്സപ്പെടുത്തിയ തുക- 50160/-: വിനിയോഗ സാക്ഷ്യപത്രം 30.11.2013-ൽ കെ.എസ്.ഇ.ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട് ആയത് 03.12.13 ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്-</u>**<br>1. തടസ്സപ്പെടുത്തിയ തുക: 106168/-രൂപയുടെ റമിറ്റൻസ് സർട്ടിഫിക്കറ്റ് രസീതുകൾ ലഭ്യമായിട്ടുണ്ട് ആയതു ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 2. തടസ്സപ്പെടുത്തിയ തുക 13600/-: ഫയലുകൾ ലഭ്യമല്ല എന്നും , ആഡിറ്റു സമയത്തും തുടർന്നും ഫയലുകൾ ഹാജരാക്കാൻ കഴിയാതിരുന്ന സെക്രട്ടറി ശ്രീ. പി.കെ വിജയൻ ആണ് ഉത്തരവാദി എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തു ഡയറക്ടറുടെ ഡിB-12470/06 തീയതി 20.5.10 പ്രകാരം പഞ്ചായത്തു ഡപ്യൂട്ടി ഡയറക്ടറോടു നിർദ്ദേശിച്ചു ഉത്തരവായിരുന്നതും ആയതിൻ പ്രകാരം 1.7.2010 ലെ ബി3.131/05 നംപർ കത്തു പ്രകാരം കാഞ്ചിയാർ സെക്രട്ടറിക്കു നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>3. തടസ്സപ്പെടുത്തിയ തുക 545691/- രൂപയിൽ 524691/- രൂപ വിവധ വേലകൾക്കായി ചെലവഴിച്ചതിന്റെ : ഫയലുകൾ ലഭ്യമല്ല എന്നും , ആഡിറ്റു സമയത്തും തുടർന്നും ഫയലുകൾ ഹാജരാക്കാൻ കഴിയാതിരുന്ന സെക്രട്ടറി ശ്രീ. പി.കെ വിജയൻ ആണ് ഉത്തരവാദി എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തു ഡയറക്ടറുടെ ഡിB-12470/06 തീയതി 20.5.10 പ്രകാരം പഞ്ചായത്തു ഡപ്യൂട്ടി ഡയറക്ടറോടു നിർദ്ദേശിച്ചു ഉത്തരവായിരുന്നതും ആയതിൻ പ്രകാരം 1.7.2010 ലെ ബി3.131/05 നംപർ കത്തു പ്രകാരം കാഞ്ചിയാർ സെക്രട്ടറിക്കു നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>ടി തടസ്സ തുകയിൽ ഉൾപ്പെടുന്ന 21000/- രൂപയുടെ കാർഷിക ജലസേചന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫയൽ ആഡിറ്റിന് സമർപ്പിച്ചുകൊള്ളാമെന്നും കൃഷി ആഫീസർ അറിയിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 4. തടസ്സപ്പെടുത്തിയ തുക: 1270694/-: രൂപയിൽ 816641/- തുകയ്ക്കുള്ള ഫയൽ ഹാജരാക്കിക്കൊള്ളാമെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ശ്രീമതി. ലിസ്സി തോമസും, 200000/- രൂപയ്ക്കുള്ള രേഖകൾ 07.06.2010 ൽ ആഡിറ്റിന് ഹാജരാക്കിയെന്നും വി.ഇ.ഒ ശ്രീ.കെ.എൻ.സഹദേവൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്.<br>254054/- രൂപയ്ക്കുള്ള തടസ്സം പരിഹരിക്കുന്നതിനായി എ1 670/06 തീയതി 23.09.13 പ്രകാരം മൃഗ സംരക്ഷണ ഡപ്യൂട്ടി ഡയറക്ടർക്ക് നൽകിയ കത്തിന് 07.10.13 ലെ 5078/13 നമ്പരായി ഫയലുകൾ ആഡിറ്റിനു ഹാജരാക്കുന്നതിന് വെറ്റിനറി സർജന് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്.<br><br>**<u>വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത്-</u>**<br><br>തടസ്സപ്പെടുത്തിയ 6,19,418/- രൂപയിൽ 100000/- രൂപ ചെലവു വരുന്ന മൃഗാശുപത്രി കെട്ടിട നിർമ്മാണം എന്ന പ്രവർത്തിയുടെ ഫയൽ ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>കൃഷി ആഫീസർ നിർവ്വഹണം നടത്തിയ 519418/- രൂപയ്ക്കുള്ള പരാമർശങ്ങൾ ഒഴിവാക്കുന്നതിനായി രേഖകളും ഫയലുകളും ലോക്കൽ ഫണ്ട് ആഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതിന് 15.07.2010 , 02.12,2013 തീയതികളിൽ എ1-6178/10 നമ്പരായി , കത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ആയതു പരിഹരിക്കാനാവാതെ തുടരുന്നതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത്-</u>**<br><br>തടസ്സപ്പെടുത്തിയ 58345/- ഖണ്ഡിക 3-11(2) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 42295/- രൂപയ്ക്ക് ഉത്തരവാദിയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് |

ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് 2.12.2006–ൽ എ1–757/06 നമ്പർ കത്ത് നൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ വീണ്ടും 27.11.2013–ൽ എ1–757/06 പ്രകാരം ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

ഖണ്ഡിക 3–12 പ്രകാരം 16050/– രൂപ തടസ്സപ്പെടുത്തിയിട്ടുള്ളത് പരിഹരിക്കുന്നതിന് ആവശ്യമായ ഫയലുകൾ ഹാജകണമെന്നാവശ്യപ്പെട്ട് മെഡിക്കൽ ആഫീസർക്ക് 2.12.2006–ൽ എ1– 757/06 നമ്പരായി കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഫയലുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം നീക്കാത്തതിനാൽ 27.11.13–ൽ എ1–755/06 നമ്പരായി വീണ്ടും കത്ത് നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്–തടസ്സപ്പെടുത്തിയ തുക 8235/–</u>

1. തടസ്സപ്പെടുത്തിയ തുകയായ 8235/–രൂപയിൽ – 6705/–രൂപ വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ വൗച്ചർ 53–08/04 പ്രകാരം ഇളംദേശം പി.എച്ച്.സിയിലെ പിറ്റിഎസ് ശ്രീമതി.മറിയാമ്മ ആന്റണിയുടെ 4/04 മുതൽ 8/04 വരെയുള്ള വേതനവും 15 ദിവസത്തെ ഏൺഡ് ലീവ് സറണ്ടർ ടി വർഷത്തെ ബോണസ് എന്നിവ ഉൾപ്പെടെയുള്ള 14528/– രൂപ 365866/ തീയതി: 26.8.04–ാം നമ്പർ ചെക്ക് ശ്രീമതി.മറിയാമ്മ ആന്റണി പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയതിന്റെ രസീത് വൗച്ചറിൽ സൂക്ഷിച്ചിട്ടുള്ളതാകുന്നു എന്ന വിവരം മെഡിക്കലാഫീസറുടെ 5.6.2007–ലെ പി1–121/07 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2. തടസ്സപ്പെടുത്തിയ 8235/– രൂപയിൽ– 1530/–രൂപ വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാളിന്റെ കുടിശിക വൈദ്യുതി ചാർജ്ജ് ആയ 1819/– രൂപ

റവന്യൂ റിക്കവറി നടപടി പ്രകാരം വെള്ളിയാമറ്റം വില്ലേജ് ആഫീസിൽ രസീത് നമ്പർ 619290 തീയതി: 14/12/04 പ്രകാരം അടച്ചിട്ടുള്ളതാകുന്നു. ടി രസീത് വൗച്ചർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടി വിവരം ലോക്കൽ ഫണ്ട് വിഭാഗത്തെ അറിയിച്ചിട്ടുണ്ട്.

3. തടസ്സപ്പെടുത്തിയ തുക- 502292/-: ബന്ധപ്പെട്ട വൗച്ചറുകളും ഫയലുകളും കണ്ടെത്തിയിട്ടുള്ള വിവരം കൃഷി ആഫീസർ അറിയിച്ചിട്ടുള്ള വിവരം 29.11.2013ലെ എ1.1896/10 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തെ അറിയിച്ചിട്ടുണ്ട്.

<u>വണ്ടൻമേട് ഗ്രാമ പഞ്ചായത്ത്-</u>

1. വിവിധ പ്രദേശങ്ങളിൽ വൈദ്യുതീകരിക്കുന്നതിനായി ഡെപ്പോസിറ്റ് തുകയായ 689770/- ചെക്ക് നമ്പർ 398874 തീയതി: 19.3.2004-ന് നൽകുകയും ടി പദ്ധതി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക് സെക്ഷൻ, കട്ടപ്പനയ്ക്ക് ബി2-7417/13 തീയതി: 27.11.13-ൽ കത്തു നൽകുകയും ബഹു.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി 29.11.13-ൽ എബി 153/04 നമ്പർ കത്തു മുഖേന 15 ദിവസത്തെ സാവകാശം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2. പി.എം.എ - ആർ.ഡി.ഡബ്ല്യു.എസ് പദ്ധതി പ്രകാരം കുഴൽ കിണർ കുഴിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ചെക്ക് നമ്പർ 398873 തീയതി: 19.3.2004 പ്രകാരം 52125/- രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ടി പ്രവർത്തി വാട്ടർ അതോറിറ്റി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗ

| | | | | |
|---|---|---|---|---|
| | | | | സാക്ഷ്യപത്രം സഹിതം റിപ്പോർട്ട് ബഹു.ലോക്കൽ ഫണ്ട് ഓഡിറ്റ് ഡപ്യൂട്ടി ഡയറക്ടർ മുമ്പാകെ 30.11.2013–ന് കത്ത് നൽകിയിട്ടുണ്ട്.<br><br>3. വനിത ഭവന നിർമ്മാണത്തിന് 3 വീട് നിർമ്മിക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 45000/- രൂപ ഡെപ്പോസിറ്റ് നല്കുകയും, ടി പ്രവർത്തി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ സാക്ഷ്യപത്രം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നല്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം സഹിതം ബഹു.ലോക്കൽ ഫണ്ട് ഓഡിറ്റ് മുമ്പാകെ 30/11/2013ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.'<br><br>4. സിഡ്കോ തൊടുപുഴയിൽ നിന്നും 139000/- രൂപയുടെയും 129270/- രൂപയുടെയും ചെക്ക് നമ്പർ 206298/29/01/2004 ചെക്ക് നമ്പർ 206285/ 15/01/2004 പ്രകാരവും 193 സി.എഫ്. ലാമ്പുകൾ വാങ്ങിയിട്ടുള്ളത് 2003–04 ലെ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നമ്പർ 10 ൽ ചേർത്തിട്ടുള്ളതും ആയത് 30.11.2013– തീയതിയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് സമക്ഷം സമർപ്പിച്ചിട്ടുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3 | 2006–07 | 3.35.3 | | ഇപ്പോൾ ഇടുക്കി ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സാംഖ്യ സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതും തന്മൂലം ധനവിനിയോഗത്തിനു കൃത്യമായ കണക്കും ക്യാഷ് ബുക്ക്, വരവു–ചെലവ് കണക്കുകളും ശരിയായ രീതിയിലും സൂക്ഷിച്ചുവരുന്നതുമാണ്. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006–07 | 3.36.1 | | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിരുന്ന സി.എഫ്.ലാമ്പുകൾ, കഴിഞ്ഞ ഭരണസമിതി (2005–10) അധികാരത്തിൽ വന്നതിനുശേഷം 10.4.2007മുതൽ 18.4.07 വരെയുള്ള തീയതികളിൽ തെരുവ് വി· ളക്കുകൾ സ്ഥാപിക്കുന്നതിനായി വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ കൈപ്പറ്റിയതായും ടി ഉദ്യോഗസ്ഥർ ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ സഹായത്തോടെ കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ സെക്രട്ടറി നേരിട്ട് പരിശോധന നടത്തി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>പൊതു പണം മുടക്കി വാങ്ങിയ സി.എഫ്.എൽ ഗുണനിലവാരം ഉള്ളവയാണെന്ന് അന്നത്തെ ഭരണസമിതിക്ക് (2005–10) ഉത്തമ ബോദ്ധ്യം വന്നതിനാലും ആയത് സ്ഥാപിച്ച് കഴിഞ്ഞിട്ടുള്ളതിനാലും ടി തുക ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 27.7.2010-ലെ 5(2) നമ്പരായി പഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി. |
|---|---|---|---|---|
| 1 | 2006–07 | 3.37.1 | | ഈ ഖണ്ഡിക പ്രകാരം നിരാകരിച്ചിട്ടുള്ള 54636/- രൂപ ഈടാക്കുവാനായി 29.8.10-ൽ ഉത്തരവാദിയായ റിട്ടയേർഡ് സെക്രട്ടറി ശ്രീ.പി.കെ.വിജയന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിരുന്നതാണ്. ആയതിന് 30.9.2010-ൽ നൽകിയ മറുപടിയിൽ ടിയാന്റെ പേരിൽ ചട്ടപ്രകാരം ബാദ്ധ്യത ചുമത്തേണ്ട ഉദ്യോഗസ്ഥൻ ബാദ്ധ്യത തിട്ടപ്പെടുത്തി ചുമത്തിയിട്ടില്ലാത്തതിനാൽ നിശ്ചിത തുക അടക്കുവാൻ ബാദ്ധ്യസ്ഥനല്ലെന്ന് അറിയിച്ചു. സാഹചര്യത്തിൽ ആർ.ആർ നടപടികളിലൂടെ തുക ഈടാക്കുന്നതിനായി പഞ്ചായത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006-07 | 3.38.1 | | ഖണ്ഡിക 3-12 പ്രകാരമുള്ള നഷ്ടതുകയായ 16800 രൂപ ശ്രീ.ജോസഫ് വർഗ്ഗീസ് ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ താഴെ പറയും പ്രകാരം ഒടുക്കു വരുത്തിയിട്ടുണ്ട്.<br><br>14280/- രൂ<br>ആർ.റ്റി.നം.78/46519, 25.11.09<br><br>1512/- രൂ.<br>ആർ.റ്റി.നം.79/46519, 25.11.09<br><br>1008/- രൂ<br>ആർ.റ്റി.നം.73/73647, 27.9.10. |

V. SOBHA
Additional Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ അടിമാലി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2007-08 | 3.39.1 | | ഉത്തരവാദിയായ എഞ്ചിനീയർമാരിൽ ശ്രീ.എ.മുരളീധരനിൽ നിന്നും മുൻ റിപ്പോർട്ടിലേതുൾപ്പെടെയുള്ള തുക കൊല്ലം ജില്ലാ കളക്ടർ വഴി റിക്കവറി നടത്തി വരുന്നു. ശ്രീ.കെ.സുധാകരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു.ശ്രീ.എൻ.പി.ആദരിൽ നിന്ന് തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.2000-01 , 2003-04 വർഷങ്ങളിലായി ശ്രീ.എ.മുരളീധരനിൽ നിന്നും 38360/- രൂപ നാളിതുവരെ ഈടാക്കിയിട്ടുണ്ട്. ടി വിവരങ്ങൾ 28.2.2012-ലെ ബി-1975/2012 നമ്പർ കത്തു പ്രകാരം അടിമാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2007/08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2007-08 | 3.40.1 | | പരാമർശത്തിൽ ചൂണ്ടികാണിച്ചിരിക്കുന്ന തുകയായ 77062/- രൂപയും പലിശയും ഉൾപ്പെട 84769/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. പലിശയിനത്തിൽ ഈടാക്കാൻ ബാക്കി നിന്നിരുന്ന തുക 31691/- രൂപ ഈടാക്കുന്നതിന് ടിയാന് 5.2.2011-ൽ എ2-11210/2011 ആയി നോട്ടീസ് നൽകി. ഡബ്ല്യു.പി.സി -22111/2008 പ്രകാരം ടിയാൻ കോടതിയിൽ കേസ് ഫയൽ ചെയ്തു. വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ കോടതി തീർപ്പു വന്നതിനുശേഷം തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് 27.2.2012-ലെ എ2-1129/12 നമ്പർ കത്തു പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ മേൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശം | ആഡിറ്റ് പരാമർശത്തിൻ മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2008-09 | 3.5.7 | | 10-ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കൽ സംബന്ധിച്ച കേരളാ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 40/2004 പ്ലാനിംഗ് തീയതി 31.03.2004 പ്രകാരം അംഗീകരിച്ച കമ്പ്യൂട്ടർ പരിശീലന പരിപാടിയായ ആപ്ടെകിന്റെ 'വിദ്യ' എന്ന 22 മണിക്കൂർ ദൈർഘ്യമുള്ളതും 999/- രൂപ ഫീസുള്ളതുമായ ആപ്ടെക്ക് ഐ.എസ്. ഒ. 9001 എന്ന അംഗീകൃത സ്ഥാപനം വഴി നടപ്പാക്കുവാൻ പഞ്ചായത്ത് 18.08.2004 തീയതിയിലെ XXIII നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചു.<br>15.09.04 ലെ 4-ാം നമ്പർ തീരുമാന പ്രകാരം ഡി.ടി.പി സെന്റർ പ്രൊജക്ട് ഉപേക്ഷിച്ച് തനത് ഫണ്ട് കൂടി ഉൾപ്പെടുത്തി 550000/- രൂപയ്ക്ക് അഭ്യസ്ത വിദ്യരായ തൊഴിൽരഹിത യുവതി യുവാക്കൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലന പരിപാടി പ്രൊജക്ട് നടപ്പാക്കുവാൻ തീരുമാനിച്ചു.<br>19.11.2004 ലെ 9-ാം നമ്പർ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | | തീരുമാനമനുസരിച്ച് പ്ലാൻ ഫണ്ടിൽ 80000/- രൂപായും തനതു ഫണ്ടിൽ 470000/- രൂപായും വകയിരുത്തി ആകെ 550000/- രൂപാ അടങ്കലിൽ എസ്. 0086/05 നമ്പരായുള്ള പ്രൊജക്ട് തയ്യാറാക്കി ഇടുക്കി ഡി.പി.സിയുടെ അംഗീകാരത്തിന് സമർപ്പിച്ചു. 10 വാർഡുകളിൽ നിന്ന് 550 ട്രെയിനി - വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുവാൻ ആപ്ടെക്ക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ ട്രെയിനിംഗ് ഫെസിലിറ്റി സെന്റർ നെടുംകണ്ടം എന്ന അംഗീകൃത സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഒരു മോണിറ്ററിംഗ് സമിതി രൂപികരിക്കുകയും 550000/- രൂപായ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. ഉടുമ്പൻചോല, ചെമ്മണ്ണാർ. പാറത്തോട്, നെടുംകണ്ടം എന്നി സ്ഥലങ്ങളിൽ സെൻററുകൾ സ്ഥാപിച്ച് പരിശീലനം നടത്തുന്നതിനും ടി സ്ഥാപനത്തിന്റെ ഡയറക്ടറുമായി കരാർ ഉടമ്പടി വച്ച് പ്രൊജക്ടിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഫീസ് നൽകുന്നതിനും സെക്രട്ടറിയെ അധികാരപ്പെടുത്തി തീരുമാനിച്ചു.<br>22.12.04ൽ ടി എസ്. 0086/05 -ാം നമ്പർ പ്രൊജക്ട് ഇടുക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ചു. ആകെ ലഭിച്ച 722 അപേക്ഷകരിൽ 569 പേരെ 31.12.2004/15 -ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി തെരഞ്ഞെടുക്കുകയും, ടി ഗുണഭോക്തൃ ലിസ്റ്റ് 12.02.05 മുതൽ 20.02.2005 വരെ സമ്മേളിച്ച് ഗ്രാമസഭകളിൽ |

| | | | | |
|---|---|---|---|---|
| | | | | അംഗീകരിച്ചു പാസാക്കിയത് 26.02.05 ലെ 4-ാം നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുത്തു തീരുമാനിച്ചു.<br>30.03.2005 ലെ 1(7) -ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം പരിശീലനം പൂർത്തിയാക്കിയ 550 പേർക്ക് 999 രൂപാ പ്രകാരം 550000/- രൂപാ നൽകുന്നതിന് തീരുമാനിച്ചു.<br>വൗച്ചറുകളിൽ തിരുത്തലുകൾ വരുത്തിയതായി കാണുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമല്ല. ഡി.പി.സി നിർദ്ദേശിച്ച വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ കാരണവും ലഭ്യമല്ല. കരാർ പ്രകാരം 1 .യു.പി.എസും 1 പ്രിന്ററും 1 കമ്പ്യൂട്ടറും ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.<br>കരാറിലെ വ്യവസ്ഥ പ്രകാരം മൈക്രോ മീഡിയ കമ്പ്യൂട്ടേഴ്സ് ആന്റ് ഗ്രാഫിക്സ് , പി.എം. ഇ. ടവേഴ്സ് വെസ്റ്റ് ജംഗ്ഷൻ നെടുംങ്കണ്ടംഎന്ന സ്ഥാപനം കേന്ദ്രീകരിച്ചാണ് കലൈവാണി കമ്പ്യൂട്ടർ എഡ്യുക്കേഷൻ ഉത്തമ പാളയം, തേനി ജില്ലാ തമിഴ്നാട് എന്ന സ്ഥാപനം കമ്പ്യൂട്ടർ പരിശീലന പരിപാടി നടത്തിയത്. ടി സ്ഥാപനം ആപ്ടെക്ക് കമ്പ്യൂട്ടർ എഡ്യൂക്കേഷന്റെ അംഗീകൃത ഫ്രാഞ്ചൈസിയാണ്. ഇവർ ടി മൈക്രോമീഡിയ കമ്പ്യൂട്ടേഴ്സ്, നെടുംങ്കണ്ടത്തിന്റെ കമ്പ്യൂട്ടർ പരിശീലകനും ഉടമയുമായ ശ്രീ. സാജൻ ആന്റണിയെ പ്രോഗ്രാം ഡയറക്ടർ ആയി നിയമിച്ച് ആപ്ടെക് വിദ്യ |

| | | | | |
|---|---|---|---|---|
| | | | | കമ്പ്യൂട്ടർ പരിശീലന പരിപാടി നടത്തുകയാണ് ചെയ്തത്. ടിയാൻ നെടുംങ്കണ്ടം ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകൾ, നെടുംങ്കണ്ടം തുടർ വിദ്യാകേന്ദ്രം വിവിധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾക്കു വേണ്ടിയും വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ നടത്തിയിട്ടുള്ള പരിചയ സമ്പന്നാണ്. ടിയാളുടേത് ഇ.റ്റി ആന്റ് റ്റി.ഐ.സി.ഇ.എസ്. എന്നിവയുടെ അംഗീകൃത പരിശീലന കേന്ദ്രമാണ്. പരിശീലനാർത്ഥികൾ പരിശീലനം പൂർത്തികരിച്ചിട്ടുണ്ട്. പരിശീലനാർത്ഥികളെ തെരെഞ്ഞടുത്തതുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്തിൽ ഇപ്പോൾ ലഭ്യമല്ല. |
| 2. | 2008/09 | 3.7.2 | | ആശ്രയ – അഗതി പ്രോജക്ടുകളായ ഭവന നിർമ്മാണം കക്കൂസ് നിർമ്മാണം എന്നിവയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങി കുടുംബ ശ്രീ യെ ഏൽപിച്ച് വീട്, കക്കൂസ്, നിർമ്മാണം തുടങ്ങിയ മുഴുവൻ പണികളും നടത്തിയിട്ടുള്ളത് കുടുംബശ്രീയുടെ സന്നദ്ധ പ്രവർത്തനമാണ്. പത്രപ്പരസ്യം നൽകി ക്വട്ടേഷൻ പ്രകാരം വാങ്ങുന്നതിന് 19.11.2004 ലെ 3–ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14.01.2005 ലെ മാധ്യമം ദിനപത്രത്തിൽ പരസ്യം നൽകിയിട്ടുണ്ട്. ലഭിച്ച ക്വട്ടേഷനുകൾ 19.01.2005 ലെ 13–ാം നമ്പർ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒഴുകയിൽ ഇൻഡസ്ട്രീസ് നെടുംങ്കണ്ടത്തു നിന്നു വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. 521197- രൂപ(അഞ്ച് ലക്ഷത്തി |

| | | | | |
|---|---|---|---|---|
| | | | | ഇരുപത്തിഒരായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) 29/01/2005- ലെ 970261 നമ്പർ ചെക്ക് പ്രകാരം ഒഴുകയിൽ ഇൻഡസ്ട്രീസിന് നൽകിയിട്ടുണ്ട്. ടി . സ്ഥാപനത്തിനു വേണ്ടി എഗ്രിമെന്റ് വയ്ക്കുകയും, തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ളത് മാനേജർ ഷാജി പി.എസ്. ആണ്. പ്രസതുത ഫയൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭ്യമല്ലാത്തതിനാൽ ബില്ലിൽ ഒപ്പിട്ടിട്ടുണ്ടോ എന്നോ സ്റ്റാമ്പിൽ ഒപ്പിട്ടിട്ടുണ്ടോ എന്നോ അറിയുവാൻ സാധിക്കുന്നില്ല. |

ANITHA D...
Additional Se...
Lo...
Gov...

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.